THE MALANKARA SABHA

മലങ്കരസഭ

ഒക്ടോബർ 2015

The Official Media of Malankara Orthodox Syrian Church

Rs : 15



വിശുദ്ധിയുടെ പുണ്യശോഭ

പരുമല പെരുന്നാൾ നവംബർ 1, 2

കൃതജ്ഞത

ഡോ. അന്നമ്മ മത്തായി നൂറനാൽ (1932-2015)
W/o Late Rev. Fr. Mathai Nooranal (1928 - 2002)

40-ാം ചരമദിനം - 08.10.2015

ഞങ്ങളുടെ മാതാവിന്റെ നിര്യാണത്തിൽ നേരിട്ടെത്തി അനുശോചിക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്ത സഭാപരമാദ്ധ്യക്ഷൻ പരി. കാതോലിക്കാ ബാവാ, മെത്രാപ്പോലീത്തമാരായ HG. ഗീവർഗ്ഗീസ് മാർ കൂറിലോസ്, HG. ഡോ. സഖറിയ മാർ തെയോഫിലോസ്, HG. എബ്രഹാം മാർ എപ്പിഫാനിയോസ്, വൈദികർ, കന്യാസ്ത്രീകൾ, വനിതാ കമ്മീഷൻ അധ്യക്ഷ ശ്രീമതി റോസക്കുട്ടി ടീച്ചർ, സ്ഥലം എം.പി, എം.എൽ.എ, വിവിധ മത രാഷ്ട്രീയ സാമൂഹ്യ സംഘടനാ ഭാരവാഹികൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ;

അനുശോചനം അറിയിച്ച ശ്രീമതി സോണിയാ ഗാന്ധി കുടുംബം ശ്രീ എ.ബി വാജ്പയി കുടുംബം, യു.എൻ സെക്രട്ടറി ജനറൽ, യു.എൻ മനുഷ്യാവകാശ കമ്മീഷൻ, നയതന്ത്രജ്ഞർ, കേരള, കർണ്ണാടക മുഖ്യമന്ത്രിമാർ, മന്ത്രിമാർ, ഇതര സഭാ ബിഷപ്പുമാർ, ജന പ്രതിനിധികൾ, കേരള ചീഫ് സെക്രട്ടറി, വിവിധ സംസ്ഥാന ഡി.ജി.പിമാർ, മറ്റുദ്യോഗസ്ഥർ, മത - രാഷ്ട്രീയ - സാമൂഹ്യ സംഘടനകൾ, സർവ്വോപരി പരിചരിച്ച ഡോക്ടർമാർ, നഴ്സുമാർ, ഇടവക വികാരിമാർ, ഇടവകാംഗങ്ങൾ, സ്നേഹ സമ്പന്നരായ നാട്ടുകാർ എന്നിവരോടുള്ള ഞങ്ങളുടെ ആത്മാർത്ഥമായ കൃതജ്ഞത അറിയിക്കുന്നു.

സ്നേഹ ബഹുമാനാദരവുകളോടെ മക്കൾ

George & Rene; Mathai, Priyana, George Junior and Antony (Chartered Accountants, Kozhikode)
Abraham & Shalieba; Rohan and Talitha (Global Security Advisor, U N Human Rights Commission)
Dr. Issac & Suja; Anna, Mathew and John (Soukya International Holistic Health Centre, Bangalore)
Samuel & Sheila; Manasa and John (S.M Star Estates, Engineering & Business, Bangalore)
John & Renie; Anna and Maria (Bursar & Asst. Professors, St. Mary's College, Sulthan Bathery)



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 10, പുസ്തകം 72, ഒക്ടോബർ 2015

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
വിശുദ്ധിയുടെ പരിമളം

8 പുണ്യതേജസ്സ്...
പരുമല പെരുന്നാൾ
- ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

14 വിശുദ്ധൻ വിളിക്കുന്നു
വിശകലനം
- ഡോ. പോൾ മണലിൽ

18 ജീവിതക്കാഴ്ചകൾ
ആത്മവിചാരം
- ഡോ. സിബി തരകൻ

22 കുട്ടികളുടെ അവകാശങ്ങൾ
വേദശാസ്ത്രം
- ഫാ. യൂഹാനോൻ ജോൺ

26 വരഗുണഗണ നിധി വാഴുക...
ചരിത്രം
- ഡോ. എം. കുര്യൻ തോമസ്

32 സാമൂഹിക മാധ്യമങ്ങൾ...
മാധ്യമ സ്വാധീനം
- ഡോ. വർഗീസ് പുന്നൂസ്

42 വിശുദ്ധ യോഹന്നാന്റെ 2,3...
വേദപഠനം
- ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ

44 അസിറിയൻ പാത്രിയർക്കീസ്
സഭാചരിത്രം
- വർഗീസ് ജോൺ തോട്ടപ്പുഴ

വേദബോധനം, സമ്യഗ് ദർശനം, ഉപദർശനം
വാർത്തകൾ, 5-ജി, ജീവിതഹാസ...

www.malankarasabhaonline.in



പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് I കാതോലിക്കാ ബാവായുടെ 19-ാം ഓർമ്മ, ദേവലോകം അരമനയിൽ
നവംബർ 8, 9

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

BRIEFLY

പാമ്പാടി തിരുമേനിയുടെ ചരമ കനക ജൂബിലിയോടനുബന്ധിച്ച് ഒക്ടോബർ 20-ന് ചൊവ്വാഴ്ച 9 മുതൽ അഖില മലങ്കര വൈദിക സമ്മേളനം പാമ്പാടി ദയറായിൽ.

പഴയ സെമിനാരി ദ്വിശതാബ്ദി സമാപനവും പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമന്റെ ചരമ ദ്വിശതാബ്ദി ആഘോഷ ഉദ്ഘാടനവും നവംബർ 26-ന് വ്യാഴാഴ്ച കോട്ടയം പഴയ സെമിനാരിയിൽ നടത്തും.

പരുമല പെരുനാളിനോടനുബന്ധിച്ചുള്ള തീർത്ഥാടന വാരം ഒക്ടോ. 20-ന് ആരംഭിക്കും. പെരുനാൾ നവം. 1,2 തീയതികളിൽ പ. കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ നടക്കും.

മലങ്കരസഭ മാസികയുടെ ആഭിമുഖ്യത്തിലുള്ള മാധ്യമ സെമിനാർ ഒക്ടോ. 28, ബുധനാഴ്ച 1.30 മുതൽ പരുമല സെമിനാരിയിൽ നടത്തും. 3-ന് പൊതുസമ്മേളനം ചലച്ചിത്ര സംവിധായകൻ ശ്രീ. ബ്ലസ്സി ഉദ്ഘാടനം ചെയ്യും.

മലങ്കര ഓർത്തഡോക്സ് സഭയുടെ വിവാഹ സഹായം നവംബർ ഒന്നിന് 11 മണിക്ക് പരുമലയിൽ പരിശുദ്ധ ബാവ വിതരണം ചെയ്യും.

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

മലങ്കരസഭ

10 ഒക്ടോബർ 2015

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

Cover & Graphic Designing:-
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

പവിത്രമൊഴി

– പരിശുദ്ധ പരുമല തിരുമേനി



പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു.

ജനങ്ങളുടെയിടയിൽ സത്യം, സന്മാർഗ്ഗാചരണം, വിശ്വാസം, ഭക്തി, പരസ്പര ബഹുമാനം ഇവയെ വളർത്താൻ വിദ്യാഭ്യാസത്തെ സഹായിക്കുന്നതത്രെ പ്രാർത്ഥന.

നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹ രൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

ദൈവത്തെ അറിഞ്ഞിട്ടും കൈമലർത്തി തങ്ങൾക്കും തങ്ങൾ ഇഷ്ടപ്പെടുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുകയില്ലെങ്കിൽ എങ്ങനെയാണ് മനുഷ്യനെ, ഭാവിലേശം പോലും അറിയാതെ ജീവിക്കുന്ന ബുദ്ധിഹീനങ്ങളായ ജന്തുക്കളേക്കാൾ ശ്രേഷ്ഠനാണെന്നു പറയുന്നത്?

ഈശ്വരപ്രാർത്ഥന ഈ ലോകത്തെ പലവിധത്തിലും ദൈവത്തിന്റെ പാദാരവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻചങ്ങലയത്രെ.

രാപ്പകൽ ഭക്തിയോടുകൂടി ഉച്ചത്തിൽ ദൈവത്തെ പ്രാർത്ഥിപ്പിൻ. ഈ പ്രാർത്ഥന നമ്മിലുള്ള ഇരുളു നീങ്ങാനും, തളർച്ച തീരാനും, നമ്മുടെ പരമമായ രക്ഷയും മോക്ഷവും ലഭിക്കാനും ഏറ്റവും ഉത്തമമായ മാർഗ്ഗമാകുന്നു. വിശ്വസിച്ചു പ്രാർത്ഥിച്ചു ദൈവത്തെ ഭജിപ്പിൻ.

സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

ജയിപ്പാൻ മാത്രമല്ല തോല്പാനും പഠിക്കണം. അരമുള്ളവരോട് ഉരമിടണം.

ദൈവം സാധുക്കളുടെ ഭാഗത്തുണ്ട്. സകലത്തിലും ദൈവത്തെ ഓർത്തു പ്രവർത്തിക്ക. അപ്പോൾ സകലവും നമുക്കു ശുഭമായിത്തീരും.

പള്ളിക്കു കൊടുപ്പാനുള്ളതു വേഗത്തിൽ കൊടുത്തു തീർക്കണം. ആ കാര്യത്തിൽ നിങ്ങൾക്കു ശുദ്ധമനസ്സുണ്ടായിരിക്കുമെങ്കിൽ മാത്രമേ നിങ്ങളുടെ ഭവനകാര്യവും ശുദ്ധമായിത്തീരൂ. ആ വകയിൽ വല്ല ലാഭമോ എന്തെങ്കിലും ഇങ്ങോട്ടു പറ്റുവാൻ ഇടവരുന്നു എന്നാകിൽ അതും അതിൽ പത്തിരട്ടിയും നിങ്ങളിൽനിന്നു അന്യർ കൊണ്ടുപോകാൻ ഇടവരികയും ചെയ്യും. അതിനാൽ നിങ്ങളെല്ലാവരും ദൈവാശ്രയത്തിലും സഹോദരസ്നേഹത്തിലും അയൽക്കാരോടുള്ള സംപ്രീതിയിലും നിർമ്മലമുള്ളവരായിരിപ്പിൻ.

സ്വല്പലാഭമോ മാനമോ ഇച്ഛിച്ച് സ്നേഹത്തെ വെടിയരുത്. അതു ഭോഷത്വമാകുന്നു. അവസാനം അതിൽ വ്യസനിപ്പാൻ ഇടവരും.

പട്ടക്കാരെ ബഹുമാനിച്ചുകൊള്ളണം. പ്രവൃത്തിയിലാകട്ടെ വചനത്തിലാകട്ടെ ഭാവത്തിലാകട്ടെ ഹൃദയത്തിലാകട്ടെ ഒരിക്കലും നിന്ദിക്കയോ ആക്ഷേപിക്കയോ നിസ്സാരമായി വിചാരിക്കയോ അവർക്കു ചെയ്യേണ്ടുന്ന മുറ ചെയ്യാതിരിക്കുകയോ അവരുമായി വഴക്കു പിടിക്കുകയോ കൊടുക്കൽ വാങ്ങലിൽ അവരുമായി പലിശക്കു തർക്കിക്കുകയോ ഏതൊരു വിധത്തിലും അവരുടെ മനോദണ്ഡം തങ്ങളുടെമേൽ വരുവാൻ തക്കവണ്ണം കാണിക്കയോ ഒരിക്കലും ചെയ്യരുത്. അതുപ്രകാരം തങ്ങളുടെ കാരണവന്മാരോടും തങ്ങളിൽ പ്രിയമുള്ള എല്ലാവരോടും വിചാരിക്കണം.

മിടുക്കനാകണ്ടാ – ഭോഷനാകയുമരുത്. ആത്മാവിനേക്കാൾ ശരീരത്തേയും ദൈവത്തേക്കാൾ ദ്രവ്യത്തേയും സ്നേഹിക്കരുത്.

ദൈവഭയമില്ലാത്തവർ കൂട്ടുകാരായിത്തീരരുത്. പ്രാർത്ഥനയിൽ താല്പര്യമായി ഇരുന്നുകൊൾക. .....

ക്ഷമയാകുന്നു ബലവും.... ഇഹത്തിലും പരത്തിലും മാനവും. സജ്ജനങ്ങളുടെ ലക്ഷണവും അതാകുന്നു. ■

മഹാപുരോഹിത സന്ദേശം

നമ്മുടെ വിശ്വാസത്തിന്റെ പഠിപ്പിക്കൽ അനുസരിച്ച് ആരാധന, വിശ്വാസം, പാരമ്പര്യം എന്നിവയിലൂടെയാണ് യേശുക്രിസ്തുവിനെ അനുഭവിച്ചറിയുന്നത്. സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസമാണ് നമ്മുടേത്. അത് ഋജുവായതും സത്യവുമായ വിശ്വാസമാണ്. സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം കാത്തു സൂക്ഷിക്കുന്നവരാകണം പുരോഹിതർ. ഇത് പരിപാലിക്കപ്പെടുന്നില്ലെങ്കിൽ പൗരോഹിത്യത്തിന്റെ വില ഇടിയും. എഡി 325 ലെ നിഖ്യാ സുന്നഹദോസിൽ വിശ്വാസം കാത്തു സൂക്ഷിക്കുന്നതിനായി വി. അത്താനാസിയോസ് പോരാടിയ ചരിത്രമാണുള്ളത്. 1653-ലെ കൂനൻ കുരിശു സത്യത്തിന്റെ ലക്ഷ്യം സത്യവിശ്വാസത്തിന്റെ സംരക്ഷണമായിരുന്നു. കൂനൻ കുരിശു സത്യം വിദേശ മേധാവിത്വത്തിനെതിരെയുള്ള സമരം മാത്രമായി വ്യാഖ്യാനിക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല. കാരണം, അങ്ങനെയെങ്കിൽ പിന്നീടും വിദേശ മേധാവിത്വത്തിനുള്ള സാഹചര്യമുണ്ടായതെങ്ങനെയാണ്? അതുകൊണ്ടുതന്നെ പിതാക്കന്മാർ തങ്ങളുടെ സത്യവിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ധീരമായ നിലപാടുകൾ എടുത്തത്. റോമാവിശ്വാസത്തിനെതിരെയുള്ള എതിർപ്പായിരുന്നു കൂനൻ കുരിശ് സത്യത്തിനു പിന്നിൽ ആത്യന്തികമായുള്ളത്. മട്ടാഞ്ചേരിയിൽ വച്ച് കുരിശിൽ കയറുചുറ്റി നമ്മുടെ പൂർവ്വികർ പ്രഖ്യാപിച്ചത് 'പത്രോസിന്റെ മാർഗ്ഗം' വേണ്ടേ, വേണ്ടാ എന്നും 'തോമ്മായുടെ മാർഗ്ഗം' മതി എന്നുമായിരുന്നു. അത് റോമാ വിശ്വാസത്തിന് എതിരെയുള്ള ശക്തമായ പ്രഖ്യാപനമായിരുന്നു. പുരാതന വിശ്വാസമായ 'തോമ്മായുടെ മാർഗ്ഗം മതി' എന്നു പറയുവാൻ നമ്മുടെ പൂർവ്വികർ ചങ്കൂറ്റം കാണിച്ച ധീരമായ നടപടിയാണ് 'കൂനൻ കുരിശു സത്യം'. ആംഗ്ലിക്കൻ മിഷണറിമാർ സത്യവിശ്വാസത്തിനെതിരായ പഠിപ്പിക്കലുകൾ തങ്ങളുടെ വൈദിക പരിശീലനത്തിൽ ഉൾപ്പെടുത്തിയപ്പോൾ തന്നെ നമ്മുടെ പിതാക്കന്മാർ ശക്തിയുക്തം എതിർത്തു. സത്യവിശ്വാസത്തിനെതിരായുള്ള പ്രബോധനങ്ങൾ നടത്തുന്ന ആംഗ്ലിക്കൻ മിഷനറിമാർക്ക് എതിരെ പോരാടി വിശ്വാസത്തിന്റെ കാവൽക്കാരാകുവാൻ നമ്മുടെ പൂർവ്വികർക്ക് കഴിഞ്ഞു. അതിനാൽ പുരോഹിതൻ വിശ്വാസത്തിന്റെ സൂക്ഷിപ്പുകാർ ആകുന്നു എന്നത് സഭയുടെ ചരിത്രവും പാരമ്പര്യവും വിളിച്ചറിയിക്കുന്നു. മലങ്കര സഭയുടെ വിശ്വാസവും പാരമ്പര്യവും സൂക്ഷിക്കുവാൻ നാം പരാജയപ്പെട്ടാൽ അമ്പതു വർഷം കഴിയുമ്പോൾ സഭയുടെ അസ്ഥിത്വം എന്തായിരിക്കും?

മലങ്കര സഭയിൽ ആരാധനയിലും വിശ്വാസത്തിലും അധിഷ്ഠിതമായ ശുശ്രൂഷകളാണ് ശക്തിപ്പെടേണ്ടത്. വചന ശുശ്രൂഷയുടെ പേരിൽ നടത്തിവരുന്ന പല നൂതന പ്രവണതകളും ആരാധനാധിഷ്ഠിതമല്ലാതായിരിക്കുന്നു. വചനശുശ്രൂഷകളിൽ വിശ്വാസാധിഷ്ഠിത പ്രബോധനങ്ങൾ വിസ്മരിക്കപ്പെടുന്നു എന്നത് സങ്കടകരമാണ്.

കൗദാശികമായ ജീവിതാനുഭവങ്ങളിലൂടെയുള്ള പരസ്യപ്പെടുത്താത്ത രഹസ്യമായ സഹായ ശൈലിയാകണം 'സേവനം' എന്ന് പഴയ പിതാക്കന്മാർ നമ്മെ പ്രബോധിപ്പിച്ചിരുന്നു. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി ഇതിനെ *കൗദാശികമായ മാനവികത* (Sacramental humanism) എന്നാണ് വിശേഷിപ്പിച്ചത്. ആരാധനാധിഷ്ഠിതമായ സമീപനം നമ്മുടെ സേവനശുശ്രൂഷകൾക്ക് നഷ്ടപ്പെടുവാൻ ഇടയാകരുത്. 'മലങ്കരസഭ ധന കാര്യ വ്യാപാര സ്ഥാപനം' എന്ന നിലയിലേക്ക് മാറുന്നുവോ എന്നു സംശയിക്കുന്നു. എങ്ങനെയെങ്കിലും പണം സ്വരൂപിച്ച് നാലാൾ കാൺകെ വിതരണം ചെയ്യുന്നതാണ് 'സേവന ശുശ്രൂഷ' എന്ന അവസ്ഥ മാറേണ്ടിയിരിക്കുന്നു. ജീവകാരുണ്യ പ്രവൃത്തികൾ സംശുദ്ധമല്ലായെങ്കിൽ അത് ബിസിനസ് ആകും. സേവനം കൗദാശികമായ മാനവികതയല്ലാതായിതീരുമ്പോൾ ദൈവികമല്ലാതാകും. നമ്മുടെ സേവന പ്രവർത്തനങ്ങൾ ദൈവ സ്നേഹത്തിന്റെ ആവിഷ്ക്കാരമായിരിക്കണം. പ്രാർത്ഥനയും ആരാധനയും ഉപവാസവുമാണ് സേവനത്തെ പ്രദീപ്തമാക്കേണ്ടത്.

ആരാധനയിലൂടെയും വിശ്വാസ സംഹിതകളിലൂടെയും പരിചയപ്പെട്ട യേശു ക്രിസ്തുവിനെ ലോകത്തിന് കാണിച്ചുകൊടുക്കുവാൻ കഴിയണം. വിശ്വാസത്തെ വെള്ളം ചേർത്ത് അവതരിപ്പിക്കരുത്. വിശ്വാസത്തിന് തീ പിടിച്ചിരിക്കുന്ന സാഹചര്യമാണ് വളരുന്നത്. ആരാധനയിലും നോമ്പിലും വിശുദ്ധ ജീവിതത്തിലും പുതുതലമുറ വളർന്നു വരണം. സഭയുടെ വിശ്വാസത്തിന് ഒരു പോറൽ പോലും ഏൽക്കാതിരിക്കുവാൻ ഏവരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് സ്നേഹപൂർവ്വം നാം ഏവരേയും പ്രബോധിപ്പിക്കുന്നു.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

(ഓർത്തഡോക്സ് സെമിനാരിയിൽ നടത്തിയ പ്രഭാഷണ സംഗ്രഹം, 24-09-2015)

EDITORIAL

വിശുദ്ധിയുടെ പരിമളം



LIFE AND WITNESS OF PARUMALA THIRUMENI

പരുമല തിരുമേനി:

ജീവിത ദർശനത്തിനും സാമൂഹിക കാഴ്ചപ്പാടിനും പുനർവായന അനിവാര്യം.

‘ നിങ്ങളുടെ മക്കൾ ദൈവത്തിന്റെ മക്കളായിത്തീരുവാൻ തക്കവണ്ണം അവരെ സത്യവിശ്വാസത്തിലും സത്യ ആരാധനയിലും സത്യനടപടികളാകുന്ന ഭയഭക്തിയിലും അനുസരണത്തിലും സ്നേഹത്തിലും വളർത്തുവീൻ.

- പരുമല തിരുമേനി

* * *

പരിശുദ്ധ പരുമല തിരുമേനിയിൽ നാം കണ്ട വിശേഷം നോമ്പ്, നമസ്ക്കാരം, വിനയം, ഭക്തി എന്നിവയാണ്.

- പ. ഗീവർഗീസ് ദ്വിതീയൻ ബാവ

* * *

പാണ്ഡിത്യം കൊണ്ടു മാത്രം ഓർത്തഡോക്സ് സ്പിരിച്ചാലിറ്റി ആകുന്നില്ല. വേദപുസ്തകത്തിലുള്ള അറിവ്, നിരന്തരമായ പ്രാർത്ഥന, വ്രതനിഷ്ഠമായ സന്യാസ ജീവിതം എന്നിവയെല്ലാം ഒന്നായി ലയിച്ചിരിക്കണം.

- ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ’

* * *

വിശുദ്ധിയുടെ പരിമളമായ പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത (1848-1902) പകർന്നത് സാമൂഹികവും ആദ്ധ്യാത്മീകവുമായ നവോത്ഥാന ദർശനങ്ങളാണ്. വ്രതവിശുദ്ധിയിൽ ആദ്ധ്യാത്മിക ചൈതന്യം പ്രസരിതമാക്കിയ ആ പുണ്യ ജീവിതം 54 വർഷം മാത്രം. ജീവിച്ചിരിക്കുമ്പോൾ തന്നെ വിശുദ്ധി ജീവിത മാതൃകയാക്കിയ പരുമല തിരുമേനി ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടി. മുളന്തുരുത്തി മുതൽ പരുമല (1848-1877) വരെയുള്ള 29 വർഷം തപോനിഷ്ഠ ജീവിതത്താൽ ആത്മജ്ഞാനം നേടി. പൗരസ്ത്യ ആദ്ധ്യാത്മീകത ജീവിതത്തിൽ സ്വാംശീകരിച്ചു. *കഠിനമായ ഉപവാസം, നിരന്തരമായ പ്രാർത്ഥന, ദീർഘമായ മൗനം, ഇന്ദ്രിയ സംയമനം, ധർമ്മാചരണം, ലളിത ജീവിതം എന്നിവയിലൂടെ തപോനിഷ്ഠമായ ജീവിതമായിരുന്നു* പരുമലതിരുമേനിയുടേത്. പരുമല തിരുമേനി മധുര സ്വരത്തിൽ പാടുകയും ആരാധന നടത്തുകയും ചെയ്തിരുന്നു. ‘*വിനയം, ക്ഷമാശീലം, കരുണ, ഔദാര്യം, നിഷ്കാപട്യം, സമഭാവന തുടങ്ങിയ മൂല്യങ്ങൾ പൂർണ്ണമായി* പരുമല തിരുമേനിയിൽ പ്രകാശം പരത്തിയതായി 1902-ൽ എം.പി. വർക്കി രേഖപ്പെടുത്തി. താപസ ജീവിതത്താൽ ആദ്ധ്യാത്മിക തേജസ്സ് പകർന്ന മഹായോഗിയാണ് പരുമല തിരുമേനി.

പരുമല തിരുമേനിയുടെ ജീവിതത്തിന്റെ രണ്ടാം ഘട്ടം പരുമലയിൽ എത്തിയതു മുതൽ ഊർശ്ലേം വരെയുള്ള (1877-1895) 18 വർഷമാണ്. കോട്ടയത്തിന് തെക്കുള്ള മുഴുവൻ പള്ളികളേയും നയിച്ച പരുമല തിരുമേനി, പരുമല കേന്ദ്രീകരിച്ച് മലങ്കര മുഴുവൻ സഞ്ചരിച്ച് വിശ്വാസികൾക്ക് ആദ്ധ്യാത്മീക പ്രബോധനവും സത്യവിശ്വാസ പാഠങ്ങളും പകർന്നു. എല്ലാ പള്ളികളിലേയും റശ്ശീസാ പിരിവിന്റെ മുഖ്യ ചുമതല ഉണ്ടായിരുന്നിനാൽ *മലങ്കര സഭയിലെ മുഴുവൻ ഇടവകകളിലും ഒരു പരിധി വരെ അധികാരവും അവകാശവും ഉണ്ടായിരുന്നു. വിശ്വാസാചാരങ്ങളിൽ പൂർണ്ണ യാഥാസ്ഥിതികത്വവും സഭാ ഭരണ വിഷയങ്ങളിൽ മൗലികത്വത്തോടു കൂടിയ ഉല്പതിഷ്ണുത്വവുമായിരുന്നു പരുമല തിരുമേനിയുടെ ആദർശമെന്ന്* ഡോ. സാമുവേൽ ചന്ദനപ്പള്ളി നിരീക്ഷിക്കുന്നു.

ഊർശ്ലേം സന്ദർശിച്ച ശേഷമുള്ള ഏഴുവർഷമാണ് (1895-1902) പരുമല തിരുമേനിയുടെ ജീവിതത്തിലെ ഏറ്റവും പ്രകാശപൂർണ്ണമായ മൂന്നാംഘട്ടം. എഴുത്തിലും ദർശനത്തിലും പ്രവർത്തനത്തിലും ‘വിമോചന ദൗത്യം’ ഉൾച്ചേർത്ത പരുമല തിരുമേനി കേരളത്തിലെ സാംസ്ക്കാരിക നവോത്ഥാനത്തിന് ധീരനേതൃത്വം നൽകി. ഇംഗ്ലീഷ് വിദ്യാഭ്യാസം, സഞ്ചാര സാഹിത്യം, ദലിത് വിമോചനം എന്നിവയിൽ മുഖ്യ പങ്കാളിത്തം വഹിച്ച കർമ്മയോഗിയാണ് പരുമല തിരുമേനി. ജാതീയ ചിന്തകൾക്കും സാമൂഹിക വേർ തിരിവുകൾക്കും അതീതമായ സമീപനം പങ്കിട്ട പരുമല തിരുമേനിയുടെ നവോത്ഥാന ദർശനം വേണ്ടത്ര ഉൾക്കൊള്ളു

EDITORIAL

വാൻ പൊതു സമൂഹത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹിക പരിഷ്കർത്താവ്, അജപാലകൻ, താപസവര്യൻ, വിദ്യാഭ്യാസ പ്രവർത്തകൻ, സാഹിത്യകാരൻ, മനുഷ്യസ്നേഹി എന്നിങ്ങനെ നിരവധി വിശേഷണങ്ങൾ ഉണ്ടെങ്കിലും *പരിശുദ്ധനായ പരുമല തിരുമേനി* എന്ന നിലയിലാണ് അദ്ദേഹത്തിന്റെ പ്രശസ്തി ലോക വ്യാപകമായത്.

കേരളത്തിൽ സാമൂഹിക പരിവർത്തനത്തിന് തുടക്കമിട്ട ഇംഗ്ലീഷ് വിദ്യാഭ്യാസം സഭയിൽ ശക്തിപ്പെടുത്തണമെന്ന് പരുമല തിരുമേനി ആഗ്രഹിച്ചു. *ഇംഗ്ലീഷ് പുസ്തകങ്ങൾ വഴി യഥാർത്ഥ ക്രിസ്തീയ തത്വങ്ങൾ വിദ്യാർത്ഥികളിൽ വേരൂന്നുമെന്നും* അതിനാൽ *ഇംഗ്ലീഷ് സ്കൂളുകൾ പലയിടങ്ങളിലും ഇനിയും സ്ഥാപിക്കണമെന്നും* 1895-ൽ നടത്തിയ പരുമല പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. ജാതിഭേദം കൂടാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകണമെന്ന പ്രബോധനം തുടർ പ്രസംഗങ്ങളിലും എഴുത്തുകളിലും മുഴങ്ങി. തുമ്പമൺ, മുളന്തുരുത്തി, കുന്നംകുളം, നിരണം, തിരുവല്ല തുടങ്ങി വിവിധ സ്ഥലങ്ങളിൽ വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് പരുമല തിരുമേനി പ്രാരംഭമിട്ടു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഉൾക്കാഴ്ച ഊർശ്ലേം സന്ദർശനത്തിന് ശേഷമാണ് പരുമല തിരുമേനിയിൽ ശക്തിപ്പെടുന്നത്.

പരുമല തിരുമേനിയുടെ മലയാള ഗദ്യ രചനകൾക്ക് അസാധാരണ വിശുദ്ധിയുണ്ട്. കല്പനകൾ, ഡയറിക്കുറിപ്പുകൾ സ്വകാര്യ ലേഖനങ്ങൾ, ഇടയ ലേഖനങ്ങൾ, പ്രഭാഷണങ്ങൾ എന്നിവയിൽ എല്ലാം പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ മലയാള ഗദ്യത്തിന്റെ മാതൃകകൾ കണ്ടെത്താം. മലയാളത്തിലെ പ്രഥമ ലക്ഷണയുക്ത സഞ്ചാര കൃതിയായ *ഊർശ്ലേം യാത്രാവിവരണം* 1895-ൽ പ്രസിദ്ധീകരിച്ചു. ഇതിലെ സ്വതന്ത്രവും ഉദാത്തവുമായ ഗദ്യം വ്യവഹാര ഭാഷയുടേയും പത്ര ഭാഷയുടെയും സമന്വിത ശൈലിയാണ്. ആശയ സംവേദനത്തിൽ ലളിതവും ശുദ്ധവുമായ ഭാഷ അനിവാര്യമാണെന്ന് മനസ്സിലാക്കിയ പരുമല തിരുമേനി ആശയങ്ങളും വസ്തുതകളും നിരീക്ഷണങ്ങളും സൂക്ഷ്മതയോടെ അപഗ്രഥിച്ച് ഹൃദ്യമായ ഭാഷയിൽ അവതരിപ്പിച്ചു. ഇത് തെളിച്ചവും ലാളിത്യവുമുള്ള ഗദ്യരചനാ ശില്പമാണ്. മലയാള ഭാഷയുടെ വികാസ പരിണാമങ്ങൾ അന്വേഷിക്കുന്നവർക്ക് പരുമല മാർ ഗ്രീഗോറിയോസിന്റെ രചനകൾ അമൂല്യരേഖകളാണ്.

കേരളത്തിൽ ദലിത് വിമോചനം ആദ്യമായി പ്രഖ്യാപിച്ചത് പരുമല തിരുമേനിയാണ്. ഊർശ്ലേമിൽ നിന്ന് തിരിച്ചെത്തി 1895-ൽ പരുമലയിൽ നടത്തിയ ഉജ്ജ്വലമായ *ഭക്തവചനം* എന്ന പ്രഭാഷണം സാമൂഹിക നവോത്ഥാനത്തിനും ദലിത് വിമോചനത്തിനുമുള്ള ആഹ്വാനമാണ്. സമൂഹത്തിൽ ചവിട്ടിയരയ്ക്കപ്പെട്ട ജനതയുടെ ശക്തീകരണത്തിനുള്ള വിമോചന ദർശനമാണിത്. അവമാനവികരും അവകാശ രഹിതരും തിരസ്കൃതരുമായ ജനതയുടെ വിമോചനം യാഥാർത്ഥ്യമാക്കണമെന്ന് പരുമല തിരുമേനി ആഗ്രഹിച്ചു. അതിനായി നിരവധി കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചു. സ്വാതന്ത്ര്യം, സമത്വം, സഹോദര്യം എന്നിവയിൽ കേന്ദ്രീകൃതമായിരുന്നു അത്.

ദലിത് ജനതയ്ക്ക് സാമ്പത്തിക ഭദ്രത, വിദ്യാഭ്യാസം, സാമൂഹിക അംഗീകാരം എന്നിവ നൽകണമെന്ന് പരുമല തിരുമേനി നിഷ്കർഷിച്ചു. ജാതിവ്യവസ്ഥയുടെ ജീർണ്ണത ശക്തിപ്പെട്ട കാലത്ത് പരുമല തിരുമേനി ദലിത് ജനതയുടെ ഭവനങ്ങൾ സന്ദർശിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തു. അവരുടെ മേൽ കൈവച്ച് പ്രാർത്ഥിച്ചു. തിരസ്ക്കാരവും അവഹേളനവും അനുഭവിച്ച ദലിതർക്ക് സ്നേഹസ്പർശം പകർന്നു. പരുമല തിരുമേനിക്ക് സവർണ്ണ സമീപനം പുലർത്തിയ സഭാംഗങ്ങളിൽ നിന്നും ശക്തവും ബാഹ്യവുമായ എതിർപ്പുകൾ നേരിടേണ്ടിവന്നു. ഇതിനെതിരെ പരുമല തിരുമേനി എഴുതി: *മറ്റുള്ളവരേക്കാൾ വലിയവൻ എന്നോർക്കരുത്. എത്ര ദരിദ്രനായാലും തങ്ങളെക്കാൾ അവൻ വലിയവൻ എന്നോർക്കുക. ഈ ഓർമ്മ വച്ചുകൊണ്ട് എല്ലാവരേയും ബഹുമാനിക്കുകയും, ആരേയും നിന്ദിക്കാതിരിക്കുകയും ചെയ്യുവീൻ.* എല്ലാവരേയും സ്നേഹിക്കണമെന്നും ആദരിക്കണമെന്നും ആഹ്വാനം ചെയ്ത പരുമല തിരുമേനി വ്യവസ്ഥയില്ലാതെ ഏവരേയും സ്നേഹിച്ചു.

ദലിത് വിമോചന ദർശനം ഉൾക്കൊള്ളുന്ന പരുമലയിലെ *ഭക്തവചന പ്രഭാഷണം* നടത്തിയ 1895-ൽ പരുമല തിരുമേനിക്ക് വയസ് 47 ആണ്. സാമൂഹിക നവോത്ഥാന നായകരായി സാമൂഹിക ചരിത്രം രേഖപ്പെടുത്തിയ ചട്ടമ്പി സ്വാമിക്ക് അന്ന് 42 ഉം ശ്രീനാരായണ ഗുരുവിന് 40 ഉം അയ്യങ്കാളിക്ക് 32 ഉം സഹോദരൻ അയ്യപ്പന് ആറും വയസ് മാത്രം. ഇവരിൽ പലരും ദലിത് ദർശനങ്ങളുമായി എത്തിയത് പരുമല തിരുമേനിക്കു ശേഷം എത്രയോ വർഷങ്ങൾ കഴിഞ്ഞാണ്...!

മുളന്തുരുത്തിയിൽ നിന്നും പരുമലയിൽ എത്തി മലങ്കര സഭ മുഴുവൻ ഇടയ ശുശ്രൂഷ പകർന്ന പരുമല തിരുമേനിയുടെ വ്രതവിശുദ്ധമായ ലളിത ജീവിതവും ആത്മീയ ദർശനവും സാമൂഹിക പ്രതിബദ്ധതയും വിശ്വാസ സമൂഹം ഉൾക്കൊണ്ട് വിശുദ്ധ ജീവിതത്തിലേക്ക് മുന്നേറണം.

> “വിശാല കാഴ്ചപ്പാടിൽ മനുഷ്യരെ മനസ്സിലാക്കിയ പരുമല തിരുമേനി പൊതു സമൂഹത്തെ കീഴ്പ്പെടുത്തിയത് തന്റെ ജീവിത വിശുദ്ധിയിലൂടെയാണ്. പരുമല തിരുമേനിയുടെ ലളിതവും സുതാര്യവുമായ ജീവിത വിശുദ്ധി ആഴമായ ദൈവ-മനുഷ്യ ബന്ധത്തിൽ നിറഞ്ഞിരുന്നു.”

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com



പരുമല പെരുന്നാൾ

> കേരളത്തിന്റെ സാമൂഹ്യനവോത്ഥാന പ്രവർത്തനങ്ങളിൽ മുഖ്യ പങ്കാളിത്തം വഹിച്ച കർമ്മയോഗിയാണ് പരുമല മാർ ഗ്രിഗോറിയോസ്.

പുണ്യതേജസ്സ്...

എറണാകുളം ജില്ലയിൽ മുളന്തുരുത്തിയാണ് പരുമല മാർ ഗ്രിഗോറിയോസിന്റെ ജന്മസ്ഥലം. മുളന്തുരുത്തിയിൽ ചാത്തുരുത്തി കൊച്ചുമത്തായിയുടെയും കൊച്ചുമറിയാമ്മയുടേയും ഇളയ പുത്രനായി 1848 ജൂൺ 15 ന് ജനിച്ചു. കൊച്ചയ്പോര എന്നായിരുന്നു ബാല്യകാല നാമം. രണ്ട് വയസ് തികയുന്നതിനു മുമ്പ് മാതാവ് മരിച്ചു. അതിനാൽ ബാല്യകാല സംരക്ഷണം മൂത്ത സഹോദരി മറിയയിൽ നിക്ഷിപ്തമായി.

കണ്ടനാട് ഇടവകയിലെ കല്ലറയ്ക്കൽ ചെറിയാൻ കുര്യന്റെ ഏക പുത്രിയായിരുന്നു അമ്മ. അതിനാൽ കണ്ടനാട് ഇടവകയിലും മുളന്തുരുത്തി ഇടവകയിലും അവകാശമുണ്ടായ കുടുംബമായിരുന്നു ചാത്തുരുത്തി.

ചാത്തുരുത്തി ധാരാളം പൂർവ്വിക സ്വത്തുക്കളുള്ള കുലീനകുടുംബമാണ്. വൈദിക പാരമ്പര്യമുള്ളതിനാൽ ആദ്ധ്യാത്മിക ജീവിത ശൈലിയും ദൈവഭക്തിയും വളരെ ചെറുപ്പത്തിൽ തന്നെ കൊച്ചയ്പോരായ്ക്ക് ലഭ്യമായി.

അഞ്ചാം വയസ്സിൽ വിദ്യാഭ്യാസത്തിന്റെ ആദ്യാക്ഷരം കുറിച്ചു. ഓണക്കാവിൽ അയ്യായും, പിന്നീട് മാമ്മൂട്ടിൽ മാണിയും അക്ഷരങ്ങളുടെ ആദ്യപാഠങ്ങൾ അഭ്യസിപ്പിച്ചു. 'ബാല്യകാലത്തുതന്നെ... പഠനതല്പരത, ബുദ്ധിവിലാസം, സൽസ്വഭാവം എന്നിവയിൽ അസാധാരണ പ്രാഗൽഭ്യം പ്രകടിപ്പിച്ചു.

വെള്ളിനക്ഷത്രം

പ്രാഥമിക വിദ്യാഭ്യാസാനന്തരം പിതൃസഹോദരൻ പള്ളിത്തട്ട ഗീവറുഗീസ് മല്പാന്റെ ശിക്ഷണത്തിൽ സുറിയാനിഭാഷാ പഠനം നടത്തി. സുറിയാനി ഭാഷയിലും ഗീതങ്ങളിലും പ്രത്യേക നൈപുണ്യം പുലർത്തി. ഒൻപതാമത്തെ വയസ്സിൽ 1857 സെപ്തംബർ 26 -ന് കരിങ്ങാശ്ര പള്ളിയിൽ വച്ച് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് കോറൂയോ പട്ടം നൽകി.

വൈദികപദവിയുടെ പ്രാരംഭമായ കോറൂയോ സ്ഥാനം ലഭിച്ചതിനെ തുടർന്ന് ഗീവറുഗീസ് മല്പാന്റെ ശിക്ഷണത്തിൽ ജ്ഞാനത്തിന്റെ വിവിധ മേഖലകൾ കീഴടക്കുവാൻ തുടങ്ങി. പഠനകാര്യങ്ങളിൽ അതീവ സാമർത്ഥ്യം പുലർത്തി. സുറിയാനി ഭാഷയിൽ നിരവധി ഗ്രന്ഥങ്ങൾ വായിച്ച് ഹൃദിസ്ഥമാക്കി. സുറിയാനി അച്ചടി ഇല്ലായിരുന്നതിനാൽ നിരവധി പ്രാമാണിക കൃതികൾ മനോഹരമായ കൈപ്പടയിൽ പകർത്തി എഴുതി. ഇത് സുറിയാനി സാഹിത്യവും വേദശാസ്ത്രവും ഹൃദിസ്ഥമാക്കുവാൻ സഹായിച്ചു. സഭാപിതാക്കന്മാരുടെ ജീവചരിത്രങ്ങളും ദർശനങ്ങളും ആഴമായി സ്വാധീനിച്ചു. ഗീവറുഗീസ് മല്പാന്റെ ഗുരുമുഖത്തുനിന്നുമുള്ള ഏഴുവർഷത്തെ പഠനം അത്യഗാധമായ പാണ്ഡിത്യം നേടുവാൻ സഹായിച്ചു.

ഗീവറുഗീസ് മല്പാൻ 1865 -ൽ വസൂരി ബാധിച്ച് മരിച്ചു. തുടർന്ന് പാമ്പാക്കുട കോനാട്ട് മല്പാന്മാരുടെ ശിക്ഷണത്തിൽ വൈദിക പഠനം ആരംഭിച്ചു. സഭയുടെ കാനോൻ, ഭരണകാര്യങ്ങൾ, വിശ്വാസാചാരങ്ങൾ എന്നിവയിൽ അതീവ പ്രാവീണ്യം നേടി.

1864 -ൽ യൂയാക്കിം മാർ കൂറിലോസിൽ നിന്നും ശംശോനാ പട്ടവും കശ്ശീശാ പട്ടവുമേറ്റു. തുടർന്ന് കോർ എപ്പിസ്കോപ്പാ സ്ഥാനവും ലഭിച്ചു. 'ഇക്കാലത്ത് യൂയാക്കീം മാർ കൂറിലോസിന്റെ (1846 – 1874) സെക്രട്ടറിയായും വിവിധ പള്ളികൾ സന്ദർശിച്ചു.' കോർഎപ്പിസ്കോപ്പാ ആയിരുന്നെങ്കിലും 'ചാത്തുരുത്തിൽ ഗീവർഗീസ് കത്തനാർ' എന്നാണ് അറിയപ്പെട്ടത്. മുളന്തുരുത്തിയിലും കണ്ടനാട്ടും വികാരിയായി പ്രവർത്തിച്ചു. വികാരിയുടെ വരുമാനങ്ങൾ എടുക്കുകയോ സ്വീകരിക്കുകയോ ചെയ്തില്ല. ഇടവക ഭരണത്തേക്കാൾ ഏകാന്തതയ്ക്കും മൗനത്തിനും പ്രാധാന്യം കണ്ടെത്തിയ അദ്ദേഹം ഏകാന്ത സന്യാസിയാകുവാൻ ആഗ്രഹിച്ചു. ഇക്കാര്യം മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമനെ അറിയിച്ചു. അദ്ദേഹം മുളന്തുരുത്തി ഇടവക പൊതുയോഗത്തിന്റെ ഏകകണ്ഠമായ ശുപാർശപ്രകാരം 1872 ഏപ്രിൽ 7 ന് ഗീവർഗീസ് കത്തനാർക്ക് റമ്പാൻ സ്ഥാനം നൽകി.

ഏകാന്ത ധ്യാനത്തിനും മൗനത്തിനുമായി ഒരു സ്ഥലം ആവശ്യമാണെന്ന് ചാത്തുരുത്തി ഗീവറുഗീസ് റമ്പാൻ അറിയിച്ചതിൻപ്രകാരം 'മുളന്തുരുത്തി പള്ളിവകയായി വെട്ടിക്കൽ കുരിശുപള്ളിയും അതിനോടു ചേർന്നുള്ള മേടയും വിട്ടുകൊടുത്തു. വെട്ടിക്കലെ താമസചെലവിനായി മുളന്തുരുത്തി പള്ളിയിൽ നിന്നും പണവും അവശ്യസാധനങ്ങളും കൊണ്ടുകൊടുക്കുകയും ചെയ്തിരുന്നു.

വഴിയും വെളിച്ചവും

ആദ്ധ്യാത്മിക ജീവിതത്തിന്റെ വഴിയും വെളിച്ചവും തിരിച്ചറിഞ്ഞ കാലമായിരുന്നു വെട്ടിക്കലെ താമസം. ഒരു ദയറാവാസി താമസമാക്കിയതിനാൽ വെട്ടിക്കൽ, ദയറായായി അറിയപ്പെട്ടു. ദയറാപ്രസ്ഥാന സ്ഥാപകൻ ഈജിപ്റ്റിലെ മാർ അന്തോണിയോസ് (എ. ഡി. 251 – 356) ആയിരുന്നു അദ്ദേഹത്തിന്റെ ആദർശപുരുഷൻ. വ്രതവിശുദ്ധിയിൽ ജീവിതത്തെ പ്രോജ്ജ്വലിപ്പിച്ച ആ ഘട്ടത്തിൽ സുറിയാനി പഠനത്തിനും വേദശാസ്ത്രാഭ്യസനത്തിനുമായി നിരവധി ശിഷ്യന്മാർ എത്തിച്ചേർന്നു. അതോടെ വെട്ടിക്കൽ ദയറാ മല്പാൻ പാഠശാലയുടെ പദവിയിലെത്തി. ഇത് വെട്ടിക്കൽ ദയറായുടെ സുവർണകാലഘട്ടമായിരുന്നു.

പത്രോസ് തൃതീയൻ പാത്രിയർക്കീസ് കേരളം സന്ദർശിച്ചപ്പോൾ (1875 – 1877) സുറിയാനിയിലും മലയാളത്തിലും അഗാധ പാണ്ഡിത്യം നേടിയ ചാത്തുരുത്തി ഗീവറുഗീസ് റമ്പാനെ അദ്ദേഹത്തിന്റെ സെക്രട്ടറിയായി നിയമിച്ചു. കേരളത്തിന്റെ വിവിധ സ്ഥലങ്ങൾ പാത്രിയർക്കീസിനോടൊപ്പം സന്ദർശിക്കുകയും പ്രസംഗങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തു. 1876 ജൂൺ 27 മുതൽ 29 വരെ നടന്ന മുളന്തുരുത്തി സുന്നഹദോസിലും 1876 ആഗസ്റ്റ് 27 ന് മുളന്തുരുത്തിയിൽ നടന്ന മലങ്കരസഭയിലെ ആദ്യത്തെ മൂറോൻ കൂദാശയിലും ചാത്തുരുത്തി ഗീവറുഗീസ് റമ്പാൻ സജീവ പങ്കാളിത്തം വഹിച്ചു.

ചാത്തുരുത്തി ഗീവറുഗീസ് റമ്പാന്റെ സുറിയാനി ഭാഷാ പരിജ്ഞാനവും നേതൃത്വ പാടവവും ദൈവഭക്തിയും പത്രോസ് തൃതീയനെ ആകർഷിച്ചു. ചാത്തുരുത്തി ഗീവറുഗീസ് റമ്പാന്റെ ജീവിത വിശുദ്ധിയ്ക്കും ദൈവാശ്രയത്തിനും ഏതു പ്രതിസന്ധി ഘട്ടത്തേയും അതിജീവിക്കുവാൻ കഴിയുമെന്ന് മനസ്സിലാക്കിയ പത്രോസ് തൃതീയൻ അദ്ദേഹത്തെ മെത്രാപ്പോലീത്താ ആക്കുവാൻ നിശ്ചയിച്ചു. 'ജീവിതം മുഴുവൻ ഏകാന്ത സന്യാസിയായി സുറിയാനി ഭാഷയിലും വേദവിജ്ഞാനീയത്തിലും പഠന - ഗവേഷണ

ങ്ങൾ നടത്തി വെട്ടിക്കൽ ദയറായിൽ താമസിച്ചാൽ മതിയെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു.' എന്നാൽ പാത്രിയർക്കീസ് ബാവായുടെ ശാസന ഭയന്ന് തീരുമാനത്തോട് അനുകൂലിച്ചു.

തേജസ്സിയായ ബ്രഹ്മജ്ഞാനി

1876 ഡിസംബർ 10 ന് വടക്കൻപറവൂർ മാർതൊമ്മൻ പള്ളിയിൽ വച്ച് പത്രോസ് തൃതീയൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ 'ഗീവറുഗീസ് മാർ ഗ്രിഗോറിയോസ്' എന്ന പേരിൽ 'നിരണത്തു ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും' അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി മെത്രാപ്പോലീത്തായായി വാഴിച്ചു. കോനാട്ട് ഗീവറുഗീസ് മാർ യൂലിയോസ്, കടവിൽ പൗലോസ് മാർ അത്താനാസിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ സഹകാർമ്മികത്വം വഹിച്ചു. 1877 മെയ് 5 ന് നിരണം ഭദ്രാസനത്തിന്റെ 22 പള്ളികളുടെ മെത്രാപ്പോലീത്തായായി ചുമതലയേറ്റു.

പത്രോസ് തൃതീയൻ പാത്രിയർക്കീസിന് അന്ന് 76 വയസും മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിന് അന്ന് 43 വയസും പ്രായമായിരുന്നു. 'രണ്ടു പേരും തമ്മിൽ മനസുകൊണ്ട് അടുപ്പമൊന്നുമില്ല.' പാത്രിയർക്കീസ് കേരളത്തിൽ നടത്തിയ ഭദ്രാസന വിഭജനങ്ങളിലും മെത്രാൻ സ്ഥാനാരോഹണങ്ങളിലും അസംതൃപ്തനായിരുന്നു. എന്നാൽ

> ‘പരുമലയിൽ വരുന്നവർക്ക് എല്ലാം സമയാസമയങ്ങളിൽ പരുമല തിരുമേനിയുടെ നിർദ്ദേശപ്രകാരം ഭക്ഷണവും കാപ്പിയും നൽകി.

ചാത്തുരുത്തി ഗീവർഗീസ് റമ്പാൻ മെത്രാപ്പോലീത്താ സ്ഥാനത്തിന് യോഗ്യനെന്ന് ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമന് 1872 ലേ ബോധ്യമായിരുന്നു.

മുളന്തുരുത്തിയിൽ നിന്നും പരുമല വരെയുള്ള 28 വർഷങ്ങൾ പരുമല മാർ ഗ്രിഗോറിയോസിന്റെ ജീവിതത്തിലെ ഒന്നാം ഘട്ടമാണ് (1848 - 1877).

പരുമല അഴിപ്പുരയിൽ

അച്ചൻകോവിലാർ ചേർന്നൊഴുകുന്ന പമ്പാനദിയാൽ ചുറ്റപ്പെട്ട ഏഴു ചതുരശ്ര കിലോമീറ്ററോളം വിസ്തീർണ്ണമുള്ള ദ്വീപായ പരുമല വൻകാടുകളും മരങ്ങളും നിറഞ്ഞ വനപ്രദേശമായിരുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ 1872 ൽ പരുമലയിൽ എത്തി. ഇവിടെ ഒരു പള്ളി നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിച്ചു. പരുമലയിൽ താമസമാക്കിയ അരികുപുറത്ത് കോരുള മാത്തൻ നൽകിയ സ്ഥലത്ത് അഴികളോടുകൂടിയ ഒരു പുര പണിതു. അതാണ് പരുമലയിലെ ‘അഴിപ്പുര’. കരിമ്പനക്കൂട്ടങ്ങളും യക്ഷിക്കാടുകളും നിറഞ്ഞ ഏകാന്ത സ്ഥലമായ പരുമലയിലെ ‘അഴിപ്പുരയിൽ’ താമസിച്ച് പ്രവർത്തനം ആരംഭിച്ചതു മുതൽ ഊർശ്ലേം യാത്ര വരെയുള്ള കാലം പരുമല തിരുമേനിയുടെ ജീവിതത്തിന്റെ രണ്ടാം ഘട്ടമാണ് (1877 - 1895). ഭദ്രാസന ഭരണം, അജപാലന ശുശ്രൂഷ, വൈദിക പരിശീലനം എന്നിങ്ങനെ നിരവധി ഉത്തരവാദിത്വങ്ങൾ ഇക്കാലത്ത് നിർവ്വഹിച്ചു. മുളന്തുരുത്തിയിൽ നിന്നും അദ്ദേഹം പരുമലയിൽ എത്തുമ്പോൾ അഴിപ്പുരയും ഒരു ചെറിയ പള്ളിയും മാത്രമാണുള്ളത്.

കേരളത്തിന്റെ തെക്കൻ ഭാഗത്ത് വൈദികരെ പരിശീലിപ്പിക്കുന്നതിനും ദയറാപ്രസ്ഥാനം വളർത്തുന്നതിനുമായി സ്ഥാപിച്ചതാണ് ‘അഴിപ്പുര.’ വൈദികരെ അഭ്യസിപ്പിച്ചതിനാൽ ‘പരുമല സെമിനാരി’ എന്നും അറിയപ്പെട്ടു. ആദ്യകാലത്ത് സെമിനാരി, ‘മല്പാൻ ഭവനം’ ആയിരുന്നു. ‘പഠിത്തവീട്’ എന്നും പറഞ്ഞിരുന്നു. മല്പാന്റെ വസതിയിൽ നടക്കുന്ന പാഠശാലയാണിത്.

കേരളത്തിലെ സാംസ്കാരികവും മതപരവുമായ വളർച്ചയുടെ തായ്‌വേരുകൾ മതപാഠശാലകളിലാണ്. മല്പാൻ ഭവനങ്ങൾ, വിജ്ഞാനത്തിന്റെ പ്രഭവ സ്ഥാനമാണ്. വേദജ്ഞാനികളായ മല്പാന്മാർ തനതായ വിദ്യാഭ്യാസ ശൈലി വികസിപ്പിച്ചു. ഭാരതത്തിൽ ക്രിസ്തീയ വേദശാസ്ത്രം ആദ്യമായി പഠനവിധേയമാക്കിയത് മല്പാൻ പാഠശാലകളിലാണ്. ബൈബിൾ വിവർത്തനങ്ങളുടെ ആരംഭവും മല്പാൻ ഭവനങ്ങളിലാണ്. മല്പാൻ ഭവനങ്ങളിൽ വികസിപ്പിച്ച മലയാളത്തെ ‘മല്പാൻഗദ്യം’ എന്ന് അറിയുന്നു. ഭൗതികവും ആദ്ധ്യാത്മികവുമായ ജ്ഞാനത്തിന്റെ സംഗമവേദിയായിരുന്നു മല്പാൻഭവനങ്ങൾ. ക്രൈസ്തവ സംസ്കാരത്തിന്റെ ഈറ്റില്ലമായ മല്പാൻ ഭവനങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യദശകംവരെ കേരളത്തിൽ നിലനിന്നിരുന്നു.

ഉജ്ജ്വല പ്രകാശ സ്രോതസ്സ്

കേരളത്തിലെ ക്രൈസ്തവ മതബോധനത്തിന്റെ ഉറവിടവും മല്പാൻ പാഠശാലകളിലാണ്. മല്പാൻ പാഠശാലകൾക്ക് രൂപം നല്കി ധാരാളം വൈദികരെ ആദ്ധ്യാത്മിക രഹസ്യങ്ങളുടെ ആദിപാഠങ്ങൾ പഠിപ്പിക്കുന്നതിന് പരുമല മാർ ഗ്രിഗോറിയോസ് പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചു. കേരളത്തിലെ നിരവധി ശ്രേഷ്ഠരായ ശിഷ്യന്മാരെയാണു പരുമലയിൽ നിന്നും വാർത്തെടുത്തത്.

ഗുരുവിന്റെ അലൗകീകമായ വ്യക്തിത്വത്തിൽ നിന്നും വലിച്ചെടുത്ത ആദ്ധ്യാത്മികത ഉൾക്കൊണ്ടു വളർന്ന ശിഷ്യഗണങ്ങൾ ഗുരുവിനോളം വളർന്നു; സഭയുടെ നേതൃത്വസ്ഥാനത്ത് എത്തി. ഉത്തമശിക്ഷണത്തിന്റെ സിദ്ധിയാണിത്.

കേരളത്തിലെ ഉജ്ജ്വലമായ പ്രകാശസ്രോതസായ പരുമല മാർ ഗ്രിഗോറിയോസ്, വിശുദ്ധിയുടെയും പരിത്യാഗത്തിന്റെയും ശൈലികൾ ജീവിച്ചിരുന്നപ്പോൾ കാട്ടിക്കൊടുത്തു. അദ്ദേഹം മാതൃകയാക്കി നൽകുന്നത് സ്നേഹം, സേവനം, പരിത്യാഗം, സാമൂഹ്യസേവനം, വ്യക്തിബന്ധങ്ങൾ, സാമൂഹ്യ പരിഷ്കരണം, കലാസാഹിത്യ സേവനങ്ങൾ എന്നീ വിവിധ മേഖലകളിൽ നിരന്തരമായും പ്രതിബദ്ധതയോടുമുള്ള പ്രവർത്തന സരണികളാണ്.

പരുമല കേന്ദ്രീകരിച്ച് കേരളത്തിന്റെ തെക്കും വടക്കുമുള്ള പ്രദേശങ്ങളിൽ ആദ്ധ്യാത്മിക പ്രബോധനങ്ങൾ നൽകുന്നതിൽ പരുമല തിരുമേനി പ്രത്യേകം ശ്രദ്ധിച്ചു. ‘ലൗകിക സാമർത്ഥ്യങ്ങൾ ഒന്നുമില്ലാതെ അനേക പള്ളികളേയും ജനങ്ങളേയും സമാധാനത്തിൽ ഭരിക്കുവാൻ ഒരു പ്രയാസവും പരുമല തിരുമേനിക്ക് ഉണ്ടായിരുന്നില്ല. പരുമല തിരുമേനി തുമ്പമൺ (1884 - 1902), കൊല്ലം (-1902) ഭദ്രാസനങ്ങളുടെയും ചുമതല വഹിച്ചു.

പ്രകാശം പരത്തിയ കാലം

പരുമല തിരുമേനിയുടെ ജീവിതത്തിന്റെ ഏറ്റവും പ്രകാശപൂർണ്ണമായ മൂന്നാംഘട്ടം (1895 - 1902) ഊർശ്ലേമിൽ നിന്നെത്തിയതിനുശേഷമുള്ള ഏഴു വർഷങ്ങളാണ്. കേരളത്തിന്റെ സാംസ്കാരിക - നവോത്ഥാന പ്രക്രിയയ്ക്കും സാമൂഹികമാറ്റങ്ങൾക്കും ധീരമായ നേതൃത്വം നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. സാഹിത്യം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹിക വിമോചന ദർശനങ്ങൾ, ദളിത് വിഭാഗങ്ങളുടെ

ഉന്നമനം, സാമൂഹിക പരിഷ്ക്കാരങ്ങൾ എന്നിങ്ങനെ പരിവർത്തനാത്മകമായ പ്രവർത്തന ശൃംഖലകളെ സമന്വയിപ്പിക്കുവാൻ പരുമല തിരുമേനിക്കു കഴിഞ്ഞു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിലും കേരളത്തിന്റെ സാമൂഹ്യനവോത്ഥാന പ്രവർത്തനങ്ങളിൽ മുഖ്യ പങ്കാളിത്തം വഹിച്ച കർമ്മയോഗിയാണ് പരുമല മാർ ഗ്രിഗോറിയോസ്. ജാതീയ ചിന്തകൾക്കും സാമൂഹിക വേർതിരിവുകൾക്കും അതീതമായ സമീപനമായിരുന്നു പരുമല തിരുമേനിയുടേത്.

വ്രതാനുഷ്ഠാനങ്ങളുടെ കാഠിന്യവും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള നിരന്തരമായ സഞ്ചാരവും പരുമല തിരുമേനിയുടെ ആരോഗ്യത്തെ തളർത്തി. 'സഭയുടെ എല്ലാ ഉപവാസങ്ങളും അനുഷ്ഠിക്കും. പ്രത്യേക ആവശ്യങ്ങൾക്കായി വിശേഷാൽ ഉപവാസങ്ങളും നിർവിഘ്നം അനുഷ്ഠിച്ചിരുന്നു. അതിനാൽ ശരീരം വളരെ ക്ഷീണിതമായിരുന്നു. ഇടയ്ക്കിടെ ശാരീരിക അസ്വാസ്ഥ്യങ്ങൾ ഉണ്ടാകും. 1902 ഒക്ടോബർ മുതൽ ശാരീരിക ക്ഷീണം വർദ്ധിച്ചു. ചില സമയത്ത് അസുഖം പെട്ടെന്നു ഭേദമാകുകയും ചെയ്തു. 'അസുഖം ഉണ്ടായാൽ ഭൗതികകാര്യങ്ങളിൽ നിന്നും ഒഴിഞ്ഞ് മരണത്തിനായി ഒരുങ്ങുന്ന സ്വഭാവം പരുമല തിരുമേനിക്കുണ്ടായിരുന്നു.'

പരുമല തിരുമേനിയുടെ രോഗവിവരം അറിഞ്ഞ് കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും നിരവധിപ്പേർ പരുമലയിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. വരുന്നവർക്ക് എല്ലാം സമയാസമയങ്ങളിൽ പരുമല തിരുമേനിയുടെ നിർദ്ദേശപ്രകാരം ഭക്ഷണവും കാപ്പിയും നൽകി. ദിവസവും പത്തു പറ അരിയുടെ സദ്യ പരുമലയിൽ ഒരുക്കിയിരുന്നു.

1902 നവംബർ രണ്ടിന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് പരുമല മാർ ഗ്രിഗോറിയോസ് കന്തീലാ ശുശ്രൂഷ സ്വീകരിച്ചു. അന്നു രാത്രി 12 മണിക്ക് കാലം ചെയ്തു. പരുമല തിരുമേനിയുടെ അന്ത്യദിനത്തിന് ദൃക്സാക്ഷിയായ കാരുചിറ ഗീവർഗീസ് റമ്പാന്റെ ഡയറിയിൽ എഴുതി: *'രാത്രി 12 മണിക്ക് കർത്താവിൻ തന്റെ ജീവനെ ഭരമേല്പിച്ചു. ഉടനെ എടുത്ത് കസേരയിൽ ഇരുത്തി. ദേഹം ചൂടു വെള്ളം കൊണ്ട് ശുദ്ധി വരുത്തി. തന്റെ സ്ഥാന വസ്ത്രങ്ങൾ ധരിപ്പിച്ച് പള്ളിയിൽ അഴിക്കകത്ത് പടിഞ്ഞാറോട്ട് മുഖമായി ഇരുത്തി. കൊഹനെയിക്ക് നെൽ ബ്ശൂൻ ചൊല്ലിയ ശേഷം അനുതാപത്തിന്റെ ഏഴു മസുമൂറകളും എത്തിച്ചു. പിന്നെ പുലരുന്നതുവരെയും മസുമൂറകൾ വായിച്ചുകൊണ്ടിരുന്നു...'*

നവംബർ നാലിന് ചൊവ്വാഴ്ച, മുറിമറ്റത്തു പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ പരുമല പള്ളിയിൽ കബറടക്കി. പരുമല തിരുമേനിയെ 1947 നവംബർ 2 -ന് മലങ്കര ഓർത്തഡോക്സ് സഭ വിശുദ്ധനായി പ്രഖ്യാപിച്ചു.

- ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

■

പരുമല പെരുന്നാൾ
ഒക്ടോ. 26 മുതൽ നവം. 2 വരെ

- ഫാ. എം.സി. കുര്യാക്കോസ് (മാനേജർ, പരുമല സെമിനാരി)

വിശുദ്ധി നിറഞ്ഞ ജീവിത ചര്യയിലൂടെ വിശുദ്ധിയുടെ പടവുകൾ ചവിട്ടി കയറിയ മലങ്കര സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധൻ... "പരിശുദ്ധനായ പരുമല കൊച്ചുതിരുമേനി" യുടെ 113-ാം ഓർമ്മപ്പെരുന്നാൾ 2015 ഒക്ടോബർ 26 മുതൽ നവംബർ 2 വരെ വിവിധ പരിപാടികളോടെ ഭക്ത്യാദരപൂർവ്വം ആചരിക്കുന്നു.

ഒക്ടോബർ 26-ാം തീയതി ഞായറാഴ്ച 2.00ന് നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ പെരുന്നാൾ കൊടിയേറ്റ് നിർവ്വഹിക്കും. 3 മണിക്ക് ചേരുന്ന തീർത്ഥാടനവാരാഘോഷ പൊതുസമ്മേളനം പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. ന്യൂവാൽസ് വൈസ് ചാൻസിലർ ഡോ. റോസ് വർഗീസ് മുഖ്യ സന്ദേശം നൽകും.

യുവജന പ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന 144 മണിക്കൂർ അഖണ്ഡ പ്രാർത്ഥന ഉദ്ഘാടനം ചെയ്യും. തീർത്ഥാടന വാരത്തിന്റെ എല്ലാ ദിവസങ്ങളിലും ധ്യാനവും മദ്ധ്യസ്ഥ പ്രാർത്ഥനയും 'ആദ്യകാല വസതിയിൽ' വേദപുസ്തക പാരായണവും ഗാനശുശ്രൂഷയും നടത്തും.

മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിലെ 92 -ാമത് കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കര സഭയുടെ പരമാദ്ധ്യക്ഷനുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ മുഖ്യകാർമികത്വത്തിലും അഭിവന്ദ്യരായ തിരുമേനിമാരുടെ സഹകാർമികത്വത്തിലും പെരുന്നാൾ ശുശ്രൂഷകൾ നടക്കും. പെരുന്നാളിന്റെ വിവിധ ദിവസങ്ങളിലെ പരിപാടികളിൽ സാമൂഹിക-സാമുദായിക നേതാക്കന്മാർ നേതൃത്വം നൽകും.

കേരളത്തിലെ വിവിധ ഭദ്രാസനങ്ങളിൽ നിന്നും ഇടവകകളിൽ നിന്നും ബാഹ്യ കേരളത്തിൽ നിന്നും പദയാത്രികരായി എത്തിച്ചേരുന്ന തീർത്ഥാടക സംഘങ്ങളെ ഒക്ടോബർ 31ന് രാവിലെ 9.30ന് പരിശുദ്ധ പരുമല തിരുമേനിയുടെ കബറിങ്കലേക്ക് സ്വീകരിക്കും.

27-ന് 10 മണിക്ക് പരിസ്ഥിതി സെമിനാറും ഉച്ചയ്ക്ക് രണ്ടരയ്ക്ക് പേട്രൺസ് ഡേ സെലിബ്രേഷനും നടത്തും. വിദ്യാർത്ഥി സംഗമം ➤

പഴയ താളുകൾ...

പരുമല പെരുന്നാൾ : 1957

പരുമല പെരുന്നാളിനെക്കുറിച്ച് പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 1957-ലെ ഡയറിക്കുറിപ്പിൽ വിശദീകരിച്ചിട്ടുണ്ട്.

'ഒക്ടോബർ 26-ന് ശനിയാഴ്ച 3 മണിയോടുകൂടി പെരുനാൾ സംബന്ധിച്ച് കൊടിയേറ്റ് ഉണ്ടായിരുന്നു. നവംബർ 1-ന് സന്ധ്യാനമസ്ക്കാരം തുടർന്ന് റാസ. അതുകഴിഞ്ഞ് പ്രസംഗം... 2-ന് വെളുപ്പിന് 5-ന് കുർബ്ബാന. മാത്യൂസ് മാർ കൂറിലോസ് കുർബ്ബാന ചൊല്ലി. 7-ന് മൂന്നിന്മേൽ കുർബ്ബാന. നാം നടുക്കുള്ള ത്രോണോസിലും ഇരുവശത്തും പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാച്ചനും ദാനിയേൽ മാർ പീലക്സിനോസ് മെത്രാച്ചനും ആയിരുന്നു. അനവധി പട്ടക്കാരും ശെമ്മാശന്മാരും ജനങ്ങളും കുർബാനയിൽ സംബന്ധിച്ചു.

കുർബ്ബാന കഴിഞ്ഞ് എം.വി. ജോർജ് കത്തനാർ പ്രസംഗിച്ചു. 11 1/2 മണിയോടെ സമാപിച്ചു. ഉച്ചക്ക് 2 മണിക്ക് റാസ്സയും ആരംഭിച്ചു.

'എല്ലാ കാലത്തേക്കാളും ഭംഗിയായിരുന്നു പെരുന്നാൾ ചടങ്ങുകൾ' ജനങ്ങൾ ഭക്തിപുരസ്സരം പെരുന്നാളിൽ പങ്കു കൊണ്ടു.'

-JTK

ഡോ. ബിജു ജേക്കബ് ഉദ്ഘാടനം ചെയ്യും.

28-ന് 10 മണിക്ക് അഖില മലങ്കര മർത്തമറിയം സമാജ സമ്മേളനവും ഉച്ചയ്ക്ക് മാധ്യമ സെമിനാറും നടക്കും. പ്രശസ്ത ചലച്ചിത്ര സംവിധായകൻ ബ്ലെസ്സി മാധ്യമ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തും.

29-ന് പത്തരയ്ക്ക് അഖില മലങ്കര ബസ്ക്യാമ്മ അസോസിയേഷൻ സമ്മേളനത്തിൽ ഡോ. സാറാമ്മ വർഗീസ് മുഖ്യ പ്രഭാഷണം നടത്തും. ഉച്ചയ്ക്ക് മൂന്നിന് ആയുർവേദ മെഡിക്കൽ ക്യാമ്പ്.

30-ന് വെള്ളിയാഴ്ച രാവിലെ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിക്കും. 10 മണിക്ക് ധ്യാനത്തിന് ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകും. ഉച്ചക്ക് രണ്ടിനുള്ള എക്യുമെനിക്കൽ സമ്മേളനത്തിൽ കെ.സി.സി. പ്രസിഡന്റ് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് അദ്ധ്യക്ഷത വഹിക്കും. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തും. ഡോ. സിറിയക് തോമസ് മുഖ്യ സന്ദേശം നൽകും.

31-ന് 10 മണിക്ക് അഖില മലങ്കര ഗായക സംഘം സമ്മേളനം പ. കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യും. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. സംഗീത സംവിധായകൻ ഔസേപ്പച്ചൻ മുഖ്യ പ്രഭാഷണം നടത്തും. ഉച്ചയ്ക്ക് യുവജന സംഗമം ഡിജിപി സെൻകുമാർ ഉദ്ഘാടനം ചെയ്യും.

നവംബർ 1-ന് രാവിലെ ആറിനും എട്ടരയ്ക്കും വി. കുർബ്ബാന. 10 മണിക്ക് ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ ധ്യാനപ്രസംഗം. 11 മണിക്ക് വിവാഹ സഹായ വിതരണം പ. ബാവാ നിർവ്വഹിക്കും. ജസ്റ്റിസ് ബഞ്ചമിൻ കോശി മുഖ്യ പ്രഭാഷണം നടത്തും. വൈകിട്ട് 6-ന് പെരുന്നാൾ സന്ധ്യാനമസ്ക്കാരം പ. ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തും.

നവംബർ 2-ന് രാവിലെ മൂന്നിനും ആറിനും എട്ടരയ്ക്കും വിശുദ്ധ കുർബ്ബാന. ഉച്ചയ്ക്ക് 12 മണിക്ക് വിദ്യാർത്ഥി പ്രസ്ഥാന സംഗമത്തിൽ ചീഫ് സെക്രട്ടറി ജിജി തോംസൺ മുഖ്യപ്രഭാഷണം നടത്തും. ഉച്ചയ്ക്ക് രണ്ടിന് റാസ. മൂന്നിന് ആശിർവാദം, കൊടിയിറക്ക്. ■

ദേവാലയം ദൈവസാന്നിധ്യത്തിന്റെ പ്രതീകം

■ ജോണി ജോർജ് കോറെപ്പിസ്ക്കോപ്പാ

ഉപദർശനമെന്നാൽ പ്രദർശിപ്പിക്കൽ, അടുത്തറിയൽ, വ്യാഖ്യാനം എന്നൊക്കെയാണ് അർത്ഥം. ദൈവാരാധനയുടെ മർമ്മത്തെ അടുത്തറിയാനുള്ള ശ്രമമാണ് നടത്തുന്നത്.

ദൈവാരാധന ദേവാലയ ശുശ്രൂഷയുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ അധിവാസ കേന്ദ്രമാണ് ദേവാലയം. യെരുശലേം സന്ദർശിക്കുമ്പോൾ ഏറെ ആകർഷിക്കപ്പെടുന്ന സ്ഥലമാണ് ഹെരോദാരാജാവ് പണിത ദേവാലയത്തിന്റെ അവശിഷ്ടമെന്നോണം നിലകൊള്ളുന്ന "വിലാപ മതിൽ" അഥവാ Wailing Wall. യഹൂദന്മാർ അവിടെ തലചേർത്തു വച്ച് വിതുമ്പിക്കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുന്നതു കാണാം, ദേവാലയത്തിന്റെ നാശത്തെക്കുറിച്ച് ഓർത്തുകൊണ്ട്. യരുശലേം ദേവാലയത്തിന്റെ പഴയ പ്രതാപത്തിലേക്കു മടങ്ങി വരവിന്റെ പ്രതീക്ഷയാണ് അവരുടെ മനസ്സിൽ.

യഹോവയുടെ ആലയം പണിതീർന്നപ്പോൾ ശലോമോൻരാജാവിന് ദൈവം നൽകിയ വാഗ്ദാനം ഇതായിരുന്നു: "ഞാൻ നിന്റെ പ്രാർത്ഥന കേട്ട് ഈ സ്ഥലം എനിക്ക് യാഗത്തിനുള്ള ആലയമായിട്ട് തെരഞ്ഞെടുത്തിരിക്കുന്നു.... എന്റെ നാമം ഈ ആലയത്തിൽ എന്നേക്കും ഇരിക്കേണ്ടതിന് ഞാൻ ഇപ്പോൾ അതിനെ തെരഞ്ഞെടുത്ത് വിശുദ്ധീകരിച്ചിരിക്കുന്നു. എന്റെ ദൃഷ്ടിയും എന്റെ ഹൃദയവും എല്ലായ്പോഴും ഇവിടെ ഇരിക്കും" (2 ദിനവൃത്താന്തം 7:12-16). മനുഷ്യ ജീവിതത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെ ഉറപ്പാണ് ദൈവാലയം നൽകുന്നത്. ആദ്യം വിശുദ്ധ മന്ദിരമായും (തിരുനിവാസം-tabernacle) പിന്നീട് ദേവാലയമായും (temple) വിവക്ഷിക്കപ്പെടുന്ന നിർമ്മിതികൾ ദൈവസാന്നിദ്ധ്യത്തിന്റെ ഉത്തമ പ്രതീകങ്ങളായിരുന്നു. ദൈവം മോശക്കു നൽകിയ പത്തു കല്പനകൾക്കു ശേഷമുള്ള

> **ദേവാലയം നശിപ്പിക്കപ്പെടുന്നത് ഹൃദയഭേദകമാണ്. ദേവാലയത്തിന്റെ ചുറ്റുമതിലുപോലും കരഞ്ഞുപോകുന്നു.**

അനുശാസനങ്ങളിലൊന്ന്: "ഞാൻ അവരുടെ മദ്ധ്യത്തിൽ വസിപ്പാൻ അവർ എനിക്ക് ഒരു വിശുദ്ധ മന്ദിരം (sanctuary) ഉണ്ടാക്കേണം". (പുറപ്പാട് 25:8) എന്നായിരുന്നു. ആദ്യ ദേവാലയം മോറിയ പർവ്വതത്തിൽ ബി.സി. 959-ൽ ശലോമോൻ പണിതു. അത് ബാബിലോണിയക്കാർ നശിപ്പിച്ചു. പിന്നീടത് സെരൂബാബേൽ പുതുക്കിപ്പണിതു. എന്നാൽ അത് തകർക്കപ്പെട്ടു. ബി.സി. 19-ൽ ഹെരോദാ രാജാവ് അത് പുനർനിർമ്മിച്ചു. അദ്ദേഹം ഒരു വിശ്വാസി ആയതുകൊണ്ടല്ല, യഹൂദന്മാരുടെ വിശ്വസ്തത വീണ്ടെടുത്ത് ഉറപ്പിക്കാൻ വേണ്ടിയായിരുന്നു. 46 സംവത്സരങ്ങൾ കൊണ്ടായിരുന്നു ഈ പുനർനിർമ്മാണ പ്രവർത്തനം പൂർത്തിയായത്. അതിന്റെ അവശിഷ്ടങ്ങളാണ് ഇന്ന് കാണപ്പെടുന്നത്.

പ്രൗഢഗംഭീരവും ഭയഭക്തി ബഹുമാനങ്ങൾ ഹൃദയത്തിൽ ഉറപ്പിക്കുന്നതുമായ ദൈവാലയത്തിലെ ആരാധനയും ബലിയർപ്പണവും, സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ ആലപിക്കപ്പെടുന്ന ആരാധനാ ഗീതങ്ങൾ, പൗരോഹിത്യ സ്ഥാനികളുടെ തേജസ്സാർന്ന വസ്ത്രങ്ങൾ, അവരുടെ ശുശ്രൂഷകൾ, വേദപഠനങ്ങൾ, ദേവാലയത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഉജ്ജ്വല പ്രതീകങ്ങൾ ഇവയെല്ലാം വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരിക്കലും വിസ്മരിക്കാനാവാത്ത കാര്യങ്ങളാണ്. ദേവാലയം നശിപ്പിക്കപ്പെടുന്നത് ഹൃദയഭേദകമാണ്. ദേവാലയത്തിന്റെ ചുറ്റുമതിലുപോലും കരഞ്ഞുപോകുന്നു. ■

ജീ|വി|ത|ഹാ|ശാ

ദൈവം സംവരണം ചെയ്ത സീറ്റിൽ

മരണ മുഖത്തു നിന്നും ദൈവം കൈപിടിച്ചുയർത്തിയ ഫാ. ജേക്കബ് കല്ലിച്ചേത്തിന്റെ ജീവിതാനുഭവം...

അമ്മമാരുടെ നന്ദി വാക്കുകൾ ദൈവം കേട്ടിട്ടുണ്ടാകും. അതു കൊണ്ടാകണം ഒരുവേള ഡോക്ടർമാർ പോലും പ്രതീക്ഷ കൈവിട്ടിട്ടും ഫാ. ജേക്കബ്ബിനെ ദൈവം ഉയിർപ്പിച്ചത്. എട്ട് ദിവസം ലോകത്തിന്റെ പ്രതീക്ഷകൾക്കും വെളിച്ചത്തിനുമപ്പുറം അബോധത്തിന്റെ ഇരുൾ നിലങ്ങളിലായിരുന്നു അദ്ദേഹം. ബോധത്തിലേക്ക് മടങ്ങി വന്നപ്പോൾ അദ്ദേഹം അറിഞ്ഞത് എത്രമേൽ തന്നെ ദൈവവും ലോകവും സ്നേഹിച്ചിരുന്നു എന്ന്.

ഫാ. ജേക്കബ് എന്ന് പറഞ്ഞാൽ ഓർമ്മ വരാത്തവർക്ക് ഒരു ക്ലൂ തരാം. യാത്രാ ബസുകളിൽ കൈക്കുഞ്ഞുങ്ങളുമായി വരുന്ന അമ്മമാർക്ക് സീറ്റ് സംവരണം ചെയ്യുന്നതിന് നിയമപോരാട്ടം നടത്തിയ വൈദികൻ. കേരളത്തിലെ ഗതാഗത ലോകത്ത് ഈ മാറ്റം വരുത്തിയ വൈദികന് ഇനിയും ചിലത് ചെയ്യാൻ ബാക്കിയുണ്ടെന്ന് നിശ്ചയം.

പനി വരുത്തിയ വിന

2015 മെയ് മാസത്തിലാണ് ജേക്കബ് കല്ലിച്ചേത്ത് അച്ചന്റെ ആരോഗ്യത്തെ വെല്ലുവിളിച്ച് ഒരു പനി വന്നത്. ആദ്യം ജില്ലയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി. പനി കൂടിയും കുറഞ്ഞും നിന്നു. പനി കുറഞ്ഞതോടെ ഛർദ്ദി തുടങ്ങി. പിന്നെ മയക്കം ഇതിനിടെ അച്ചൻ ബോധം നഷ്ടപ്പെട്ട് മയക്കത്തിലായി. ആംബുലൻസിൽ കൊച്ചി അമൃത ആശുപത്രിയിലേക്ക് മാറ്റി. ശരീരത്തിന്റെ ഊർജ്ജകേന്ദ്രമായ കരൾ പണി മുടക്കിയിരിക്കുന്നു എന്നതായിരുന്നു ഡോക്ടർമാരുടെ കണ്ടെത്തൽ. എട്ട് ദിനം ബോധം നഷ്ടപ്പെട്ട നിലയിൽ അമ്മമാരുടെ സങ്കടങ്ങൾ കണ്ടറിഞ്ഞ് ആ കരളിന് രക്ഷയേകാൻ പ്രവർത്തിച്ച ബുദ്ധിക്കും വേണ്ടി പ്രാർത്ഥനകളുടെ ദിനങ്ങളായിരുന്നു.

അപാരമായ കരുണയും

അച്ചനുവേണ്ടിയുള്ള പ്രാർത്ഥനയ്ക്ക് ജാതിയും മതവും സഭയും ഒന്നും വ്യത്യാസം ഉണ്ടായില്ല. ഇതിനിടെ ഫാദറിന്റെ സീറ്റ് സംവരണ വാർത്ത പ്രസിദ്ധീകരിച്ച മാതൃഭൂമിയുടെ ഒന്നാം പേജുമായി ആയിരങ്ങൾ ഫേസ് ബുക്കിൽ നിരന്നു. എട്ടാം ദിവസം അച്ചൻ കണ്ണു തുറന്നപ്പോൾ സന്തോഷമായി എല്ലാവർക്കും, വെന്റിലേറ്ററിന്റെ തടസ്സങ്ങൾക്കിടയിലും അദ്ദേഹം ആംഗ്യം കാണിച്ചു. പേപ്പറും പേനയും വേണം. ഡോക്ടർ അതു നൽകി. പേന വിരലുകളിൽ വഴങ്ങുന്നില്ല. ചരിച്ചു വച്ച കിടക്കയിൽ അച്ചൻ കുനിഞ്ഞിരുന്നു. വിശ്വാസത്തിലേക്ക് പ്രതീക്ഷയുടെ കൈതുടിക്കുന്ന ആ വിരലുകളെ ഡോക്ടർ പിടിച്ചു. രണ്ടാം ബാല്യത്തിലെന്നപോലെ അക്ഷരങ്ങൾ പേപ്പറിൽ വിറച്ചു വീണു. അഴകില്ലാത്ത ആ അക്ഷരങ്ങൾക്ക് സ്നേഹത്തിന്റെ മഴവില്ല് ഉണ്ടായിരുന്നു. കൈപിടിച്ച നല്ല പാതിയുടെ പേരിന്റെ പാതി മാത്രം പേപ്പറിൽ കോറിയിട്ടപ്പോൾ ഡോക്ടർ പറഞ്ഞു. മതി എല്ലാം മനസ്സിലായി. ഭാര്യ ബിൻസിയുടെ പേരിന്റെ രണ്ടക്ഷരങ്ങൾ ആ മനസു പറഞ്ഞു. ഭാര്യ അരികിൽ വന്നപ്പോൾ ചിരിച്ചു. ആ ചിരി ജീവിതത്തിന്റെ രേഖയായിരുന്നു. മടങ്ങി വരവും.

കരളിൽ പതിഞ്ഞത്

സന്തോഷത്തിന്റെ നിമിഷങ്ങളിലാണ് ഡോക്ടർമാർ ആ വിവരം പറഞ്ഞത്. കരൾ പണിമുടക്ക് തുടരുന്നു. പുതിയ ഒരെണ്ണം മാറ്റിവയ്ക്കേണ്ടിവരും. ഞെട്ടലോടെയാണ് ആ വിവരം കേട്ടത്. പിന്നെ കരൾ തേടിയുള്ള അന്വേഷണങ്ങളായി. ഫേസ് ബുക്ക് പോസ്റ്ററുകൾ കരളിന് അഭ്യർത്ഥിച്ചു. നൂറു കണക്കിന് പേർ അതിനുള്ള ശ്രമത്തിലായി. പക്ഷേ അത്ഭുതം ബാക്കിയായിരുന്നു. പുലരിയിൽ ഡോക്ടർ പരിശോധിച്ച് പറഞ്ഞു. ഈ കരൾ പണി തുടങ്ങിയിരിക്കുന്നു. അല്പം ദിനം വിശ്രമിച്ച കരൾ വീണ്ടും ലോഗിൻ ചെയ്തു. പ്രകാശം കരളിന്റെ ഉടമയുടെ മുഖത്തു മാത്രമല്ല കുമ്പഴയിലും അന്ത്യാളൻകാവിലും സൗഹൃദങ്ങളിലും പകർന്നു. പിന്നെ അതിവേഗം അദ്ദേഹം ജീവിതത്തിലേക്ക് മടങ്ങി. അത്ഭുതം എന്നു മാത്രമേ പറയാനാകൂ എന്ന് ഡോക്ടർമാർ പറഞ്ഞു. വീണ്ടും പ്രാർത്ഥിക്കുക എന്നും.

ആശുപത്രിയിൽ നിന്നും...

2015 മെയ് 14 മുതൽ ജൂൺ 10 വരെ എറണാകുളത്ത് തുടർ ചികിത്സക്ക് താമസിച്ചു. ജൂലൈ 10-ന് ആയിരുന്നു മടക്കം. അടുത്ത പരിശോധനകളിൽ രോഗം ഫാദറിനെ വിട്ട് പോയതായി തെളിഞ്ഞു. ഇപ്പോൾ മരുന്നുകൾ പോലും ആവശ്യമില്ല. അന്ത്യാളൻകാവ് ഓർത്തഡോക്സ് പള്ളിയിൽ വികാരി സ്ഥാനത്തേക്ക് മടങ്ങി വരാൻ വിശ്വാസികൾ വിളിക്കുന്നു. കുറെ നാളുകൂടി വിശ്രമിക്കുവാൻ സഭ ആവശ്യപ്പെട്ടിരിക്കുന്നു. കോട്ടയത്ത് എം.എസി. കൗൺസലിംഗ് പഠനം ഇതിനിടെ പൂർത്തിയായിരിരുന്നു. അഗാധമായ കാരുണ്യം എവിടെയൊക്കെയോ തമ്പുരാൻ ഒളിപ്പിച്ചു വച്ചിരിക്കുന്നതായി എല്ലാവരോടും വിളിച്ചു പറയുന്നുണ്ട് ജേക്കബ് കല്ലിച്ചേത്ത് അച്ചൻ.

– കെ.ആർ. പ്രഹളാദൻ

വി|ശ|ക|ല|നം



വിശുദ്ധൻ വിളിക്കുന്നു

■ ഡോ. പോൾ മണലിൽ

'പരുമല തിരുമേനി: ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും' എന്ന കത്തുകളുടെ സമാഹാരത്തിലൂടെ ഒരന്വേഷണം

പരിശുദ്ധ പരുമലത്തിരുമേനിയുടെയും സ്വകാര്യ കത്തുകളുടെയും കല്പനകളുടെയും സമാഹാരമാണ് 'പരുമല തിരുമേനി-ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും' എന്ന ഗ്രന്ഥം. പരുമലത്തിരുമേനി ജനിച്ച മുളന്തുരുത്തിയിലെ ചാത്തുരുത്തി ഭവനത്തിൽ സൂക്ഷിച്ചിരുന്ന ഈ കത്തുകൾ ഗ്രന്ഥരൂപത്തിൽ തയ്യാറാക്കിയതു ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തിയാണ്.

ചാത്തുരുത്തി ഭവനത്തിൽ തിരുമേനിയുടെ നാലാം തലമുറക്കാരനായി ജനിച്ച ഡോ. ഏലിയാസ് ജിമ്മിയാണ് ഇപ്പോൾ പരുമലത്തിരുമേനി ജനിച്ച ഭവനത്തിന്റെ അവകാശി. ചാത്തുരുത്തി ഭവനത്തിൽ പത്തൊമ്പതാം നൂറ്റാണ്ടു മുതൽ ഒരു നിധിപോലെ സൂക്ഷിച്ചു വച്ചിരുന്ന തിരുമേനിയുടെ കത്തുകളും കല്പനകളും ഇപ്പോൾ ഡോ. ഏലിയാസ് ജിമ്മി മലയാളത്തിലെ എല്ലാ വായനക്കാർക്കും വേണ്ടി സമർപ്പിക്കുകയാണ്.

തിരുമേനി എഴുതിയ കത്തുകൾ അക്ഷരവിന്യാസത്തിലൂടെ മാത്രമല്ല അതേപടി ഫോട്ടോകോപ്പി നൽകിയും അതിനു വിശദീകരണവും കുറിപ്പുകളും അവതരിപ്പിച്ചുമാണ് ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. പരിശുദ്ധ പരുമലത്തിരുമേനിയുടെ ജീവിതവും ദർശനവും അനാവരണം ചെയ്യപ്പെടുന്ന ഈ ഗ്രന്ഥം ഡിസി ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്നു.

മലയാളത്തിലെ കത്തു സാഹിത്യ പ്രസ്ഥാനത്തിനു കരുതപ്പെട്ട ഒരു സംഭാവനയെന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ഒരു ഗ്രന്ഥത്തെപ്പറ്റി ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി ആമുഖത്തിൽ എഴുതിയ വാക്കുകൾ ഈ കത്തുകളുടെ പ്രാധാന്യം വ്യക്തമാക്കുന്നവയാണ്. "സാധാരണയായി വ്യക്തികൾ തമ്മിലുള്ള ആശയവിനിമയമായിരിക്കുമല്ലോ കത്തുകളുടെ ഉള്ളടക്കം. എന്നാൽ മഹത്തുക്കളുടേതാവുമ്പോൾ സ്വകാര്യ കുറിപ്പുകളിൽപ്പോലും ഉന്നതമായ ജീവിതവീക്ഷണങ്ങളും ഉപദേശങ്ങളും വ്യക്തിത്വ സംസ്ക്കരണത്തിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയിരിക്കും എന്നതാണ് പ്രത്യേകത. ഇത്തരത്തിലുള്ള കത്തുകളും കുറിപ്പുകളും സമൂഹത്തിനാകമാനം ഗുണദായകവും ആയിരിക്കും. അതുകൊണ്ടു തന്നെ പരിശുദ്ധ പരുമല തിരുമേനിയുടെ സ്വകാര്യകല്പനകൾ അവയിൽ സംബോധന ചെയ്യപ്പെട്ട വ്യക്തിയെ മാത്രം ഉദ്ദേശിച്ചുകൊണ്ട് എഴുതപ്പെട്ട ആശയവിനിമയമായി കാണേണ്ടതല്ല എന്ന് എടുത്തുപറയട്ടെ. അവിടത്തെ കത്തുകളിലെല്ലാം തന്നെ ആ മഹാത്മാവിന്റെ ദർശനങ്ങളും മാനവികതയും വിശ്വസാഹോദര്യബോധവും പ്രതിഫലിക്കുന്നതായി കാണാം."

നൂറുവർഷത്തിലേറെ പഴക്കമുള്ള തിരുമേനിയുടെ കത്തുകൾ പ്രകാശിപ്പിക്കാൻ പണിപ്പെട്ട ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തിയെ ശ്ലാഘിക്കാതെ പറ്റില്ല. പരുമലത്തിരുമേനി ജനിച്ച വീട്ടിൽ അദ്ദേഹത്തിന്റെ പിൻ തലമുറക്കാരനായി ജനിച്ചതുമാത്രമല്ല ഈ ഗ്രന്ഥം പ്രകാശിപ്പിക്കാൻ ഡോ. ജിമ്മിയെ പ്രാപ്തനാക്കിയിരിക്കുന്നത്. പരുമലത്തിരുമേനിയുടെ പ്രതിഭയുടെ ഒരംശം പാരമ്പര്യമായി ഡോ. ജിമ്മിക്കും ലഭിച്ചിരിക്കുന്നു. പരുമല

തിരുമേനിയെ 'കൊച്ചുപ്പാപ്പൻ' എന്നു വിളിക്കുന്ന ഒരു കുടുംബത്തിൽ ജനിക്കാൻ ഭാഗ്യം സിദ്ധിച്ചതിലൂടെ അചഞ്ചലമായ ദൈവവിശ്വാസത്തിന്റെ പ്രദീപ്തത പങ്കു വയ്ക്കാനും ഡോ. ഏലിയാസ് ജിമ്മിക്കു ഈ ഗ്രന്ഥത്തിലൂടെ സാധിച്ചിരിക്കുന്നു.

പരുമല തിരുമേനി ജനിച്ച ഭവനത്തിന്റെ കാവൽക്കാരൻ എന്നു അഭിമാനിക്കുന്ന ഡോ. ഏലിയാസ് ജിമ്മി ഈ കത്തുകളുടെ പ്രകാശനത്തിലൂടെ വായനക്കാരുടെ ആത്മാവിനു 'പുത്തൻതീ'യാണ് പ്രദാനം ചെയ്യുന്നത്. ഈ ഗ്രന്ഥത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ എഴുതിയ അനുഗ്രഹ വചനങ്ങളിൽ ശ്രദ്ധേയമായ ഒരു പരാമർശനം ഉദ്ധരിക്കാം: "പരുമല തിരുമേനി സ്വന്ത കുടുംബത്തിനു അയച്ച കത്തുകൾ സമാഹരിച്ച് പ്രസിദ്ധീകരിച്ചിരിക്കുന്നതു മലയാള സാഹിത്യത്തിനു പൊതുവേയും ക്രൈസ്തവ സമൂഹത്തിനു പ്രത്യേകിച്ചും ഒരു മുതൽക്കൂട്ടാണ്. ദൈവവിശ്വാസത്തിലൂടെയും ദൈവസംസർഗ്ഗത്തിലൂടെയും പരിപോഷിപ്പിക്കപ്പെട്ട ആത്മീയത ആ ശ്രേഷ്ഠ ജീവിതത്തിന്റെ ഓരോ നിമിഷത്തെയും നയിച്ചിരുന്നു എന്ന സത്യമാണ് ഈ കത്തിൽ ദൃശ്യമാകുന്നത്."

പരുമലത്തിരുമേനിയുടെ സ്വകാര്യ കത്തുകളിൽ അടങ്ങിയിരിക്കുന്ന ആലോചനകൾ കുടുംബാംഗങ്ങൾക്കു മാത്രമല്ല പൊതുവേ എല്ലാവർക്കും ജീവിത നവീകരണത്തിനുള്ള ഉപാധിയായിരിക്കുന്നതിനാൽ ഈ കത്തുകൾ അവതരിപ്പിക്കുന്ന ദർശനങ്ങൾ മലയാള സാഹിത്യത്തിനൊരു പുണ്യം തന്നെയാണ്. സ്വന്തം കൈപ്പടയിൽ കുടുംബത്തിലെ ഒരാൾക്ക് അയച്ച കത്തു നോക്കുക: "ഏവരും തന്നത്താൻ അറിയണം, ബലമറിഞ്ഞു നടക്കണം, ബുദ്ധി പഠിക്കണം, ബുദ്ധിമാൻ എന്നു പഠിക്കരുത്, ഗണത്തെ മറക്കരുത്, എല്ലാവരെയും കരുതണം, ദൈവത്തെ ഭയപ്പെടണം, സാത്താനെ പേടിക്കരുത്, ശത്രുവിനെയും സ്നേഹിക്കണം, ബന്ധുക്കളെ ശത്രുക്കളാക്കരുത്, ദൈവത്തോടു ചോദിച്ച് നടക്ക, പിതാവിനോടും ചോദിക്ക, പിതാവു കൈവിട്ടാൽ ദൈവവും കൈവിടും".

ആശയങ്ങൾ പങ്കുവയ്ക്കാൻ ചെറിയ വാക്കുകൾ പരുമലത്തിരുമേനി ഉപയോഗിക്കുന്നു. ഭാഷയുടെ ലാളിത്യം, കവിത തുളുമ്പുന്ന ഗദ്യശൈലി, നേരേ ചൊവ്വേ കാര്യങ്ങൾ പറയാനുള്ള ആർജവം, സുതാര്യമായ ചിന്ത എന്നിങ്ങനെ ഈ കത്തിൽ എടുത്തു പറയാൻ കഴിയുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. ഈ കത്തുകൾ വായിക്കുമ്പോൾ ആ വിശുദ്ധൻ നമ്മേ വിളിക്കുന്നതു പോലെ തോന്നുന്നു.

മറ്റൊരു കത്തു നോക്കുക: "നിങ്ങൾ സദാ നേരവും വേദവാക്യങ്ങൾ വായിക്കുകയും നിങ്ങളുടെ പിതാക്കന്മാരായ ഞങ്ങൾക്കു നിങ്ങളുടെ നിമിത്തം ദൈവത്തിന്റെ സന്നിധിയിലും മനുഷ്യരുടെ മുമ്പാകെയും ബഹുമാനവും യശസ്സും വർധിപ്പാനായി നിങ്ങൾ നല്ലവണ്ണം നടക്കുകയും നിങ്ങളുടെ പിതാക്കന്മാരുടെ ചൊല്ലുവിളിയെ പിന്തുടരുകയും വേണം."

കുടുംബത്തിലെ അംഗങ്ങൾക്കു പരുമലത്തിരുമേനി അയച്ച കത്തുകൾ ഇന്നു വായിക്കുമ്പോൾ എല്ലാവർക്കും സ്വീകാര്യമായ ഒന്നായി തോന്നുന്നു. ഈ കത്തുകളുടെ പ്രത്യേകത അതാണ്. ഇതു എല്ലാവരോടും സംസാരിക്കുന്നു. ഈ പുസ്തകത്തിൽ ഏറെയും കൊച്ചുമാത്തുവിനുള്ള കത്തുകളാണ്. പരുമലത്തിരുമേനിയുടെ ജ്യേഷ്ഠൻ കുഞ്ഞുവർക്കിയുടെ മൂത്തമകനാണ് കൊച്ചുമാത്തു.

കുടുംബത്തിൽ പ്രായമായവരെ പ്രത്യേകം കരുതണമെന്നു ചൂണ്ടിക്കാണിക്കുന്ന വചനങ്ങൾ ഒരു കത്തിൽ നിന്ന്: "അമ്മാവിയമ്മയുടെ കാര്യം നിങ്ങൾക്കു ഭക്തി ആയിരിക്കണം. അവർക്കു വ്യസനം ഒന്നിലും ഉണ്ടാകരുത്. വല്യമ്മയുടെ കാര്യവും പ്രത്യേകം ആയിരിക്കണം. കൂടെക്കൂടെ നിങ്ങൾ ചെന്നു കൊണ്ടുവരികയും അവിടെ താമസിപ്പാൻ നിർബന്ധിക്കുകയും വേണം. അവിടുത്തെ അവകാശി ആണെന്നു ഓർത്തുകൊള്ളണം. അങ്ങു ആങ്ങളമാരുടെ മക്കളുടെ കൂടെയാണു താമസം. മുമ്പിലത്തെപോലെ വരികയില്ലാ അതിനാൽ അവർക്കു ഒന്നുകൊണ്ടും വ്യസനം ഉണ്ടാക്കരുത്. മുണ്ടൊ മുറിയൊ എന്താ ആവശ്യമെന്നുവെച്ചാൽ നിങ്ങളുടെ അമ്മക്കു എങ്ങിനെയൊ അതിൽ കുറെക്കൂടെ ഭക്തി ആയിരിക്കണം. നിങ്ങളുടെ അമ്മയുടെ കാര്യമൊ നാം പറയണ്ടല്ലൊ. നിങ്ങളുടെ സഹോദരിയുടെ കാര്യവും അങ്ങിനെതന്നെ. ഇവർ നാലുപേരും വിധവകളാകയാൽ യാതൊരു വ്യസനവും അവർക്കുണ്ടാകുവാൻ ഒരിക്കലും സംഗതിയാകരുതു." (ഈ കത്തിൽ പറയുന്ന അമ്മാവി തിരുമേനിയുടെ പെങ്ങളും വല്യമ്മ തിരുമേനിയുടെ ജ്യേഷ്ഠന്റെ ഭാര്യയും അമ്മ തിരുമേനിയുടെ മറ്റൊരു ജ്യേഷ്ഠന്റെ ഭാര്യയും നാലു വിധവകൾ കൊച്ചുമാത്തുവിന്റെ സഹോദരിമാരും ആണ്). പരുമലത്തിരുമേനിയുടെ ഈ കത്തിനെപ്പറ്റി ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി അഭിപ്രായപ്പെടുന്നതു, കാരണവന്മാരെ ഒട്ടും കരുതാതെ അവരെ പെരുവഴിയിൽ ഉപേക്ഷിക്കാൻ തക്കം പാർത്തിരിക്കുന്ന ഇന്നത്തെ പരിഷ്കൃത സമൂഹത്തിനു ഇതൊരു ചൂണ്ടുപലകയാണെന്നാണ്.

കൊച്ചുമാത്തുവിനയച്ച മറ്റൊരു കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു; നാം ചെയ്യുന്നതൊന്നും അവർക്കു സഹായത്തിനുള്ള നന്ദി അവരിൽ കാണുന്നില്ലെന്നു നീ വിചാരിക്കുന്നതു ശരിയാകുന്നു. ആ നന്ദി അവരിൽ ഉണ്ടാകയില്ല. നാം ചെയ്യുന്നതു ദൈവത്തെ കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽ നിന്നു നല്ല പ്രതിപകരം കിട്ടും... നീ ജ്ഞാനത്തോടു കൂടി ക്ഷമിക്കണം. തിന്മക്കു പകരം നന്മ നീ വിചാരിക്കണം. ഇതാകുന്നു നല്ലത്".

നമ്മുടെ നല്ല നെല്ലിന്റെ കൂടെ കള്ളനെല്ലു ചേർക്കരുതെ. മറ്റു വല്ല വഴിയിലും നഷ്ടം വളരെ വന്നിട്ടുണ്ടെങ്കിലും അവയെല്ലാം ദൈവം പോക്കി തരുന്നതാകുന്നു സത്യമായി വിശ്വസിച്ചു തമ്മിൽ സമാധാനമായി തീരണം

വചനസുധ എന്നു വിശേഷിപ്പിക്കാൻ കഴിയുന്ന മറ്റൊരു വാക്യം ഇതാഃ "നമ്മുടെ നല്ല നെല്ലിന്റെ കൂടെ കള്ളനെല്ലു ചേർക്കരുതെ. മറ്റു വല്ല വഴിയിലും നഷ്ടം വളരെ വന്നിട്ടുണ്ടെങ്കിലും അവയെല്ലാം ദൈവം പോക്കി തരുന്നതാകുന്നു എന്ന് സത്യമായി വിശ്വസിച്ചു തമ്മിൽ സമാധാനമായി തീരണം".

തിരുമേനിയുടെ ജ്യേഷ്ഠനായ കുഞ്ഞുവർക്കിക്ക് എഴുതിയ ഒരു കത്ത് കുടുംബത്തിലെ ചില കാര്യങ്ങളെ മുൻനിർത്തിയാണ്. കുടുംബാംഗങ്ങൾ തെറ്റു ചെയ്യാൻ പാടില്ല

പുരസ്ക്കാരം നേടി



ഡോ. രാധാകൃഷ്ണൻ പുരസ്ക്കാരം (33,333 രൂപാ) ലഭിച്ച കേരള സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. വർഗീസ് പേരയിൽ. അടൂർ സെന്റ് സിറിൾസ് കോളജ് മുൻ പ്രിൻസിപ്പാളാണ്.

അവാർഡ്

കേരളാ കൃഷി വകുപ്പിന്റെ മികച്ച അദ്ധ്യാപികയ്ക്കുള്ള ജില്ലാതല അവാർഡ് ലഭിച്ച റീനാ വർഗീസ് കൊച്ചേരിൽ (പൊങ്ങന്താനം യു. പി. സ്ക്കൂൾ). ജേക്കബ് കൊച്ചേരിയുടെ ഭാര്യ. വാകത്താനം സെന്റ് ജോൺസ് വലിയ പള്ളി ഇടവകാംഗമാണ്.

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

ഭിലായി :- സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 8-ാം ഓർമ്മ നവം. 5-ന് ഭിലായ് സെ. തോമസ് ആശ്രമത്തിൽ.

ആലുവ :- ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 49-ാം ഓർമ്മ. നവം. 6-ന് ആലുവ തൃക്കുന്നത്തു സെമിനാരിയിൽ

ദേവലോകം:- പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 19-ാം ഓർമ്മ. നവം. 8-ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ.

പത്തനാപുരം:- ഇയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 4-ാം ഓർമ്മ. നവംബർ 20-ന് പത്തനാപുരം താബോർ ദയറായിൽ.

എന്നൊരു മുന്നറിയിപ്പ് നൽകുന്ന ഒരു കത്തിൽ നിന്ന്: "അരുതന്നെ ആയാലും വ്യാജമായി സാക്ഷി പറയുന്നതു ആത്മനാശവും കുടുംബനാശവും എന്നു മാത്രമല്ല സജ്ജനങ്ങളുടെ ഇടയിൽ വല്യ അക്ഷേപത്തിനു കാരണവും ആയിത്തീരുന്നതാകയാൽ ഒരിക്കലും അങ്ങിനെ ചെയ്തു പോകരുതെന്നു ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. ദൈവം തന്നെ സർവ്വശക്തൻ. താൻ തന്നെ ആകുന്നു ഇഹത്തിലും പരത്തിലും നമ്മെ രക്ഷിക്കുന്നതും. തന്നിൽ ആശിക്കുന്നവന്റെ ആശ ഒരിക്കലും വ്യർത്ഥമായിപോകാത്തതും ആയിരിക്കുമ്പോൾ ആ ദൈവത്തെ ഉപേക്ഷിച്ചു പുഴുവാകുന്ന ഒരു മനുഷ്യനിൽ ശരണപ്പെട്ടുകൊണ്ടാൽ അവൻ വരുവാനിരിക്കുന്ന സകല ആപത്തുകളിൽ നിന്നും നരക ശിക്ഷയിൽ നിന്നും രക്ഷിപ്പാൻ കഴിയുന്നതല്ലന്നുള്ളതും മറ്റും അറിയാമല്ലൊ".

ജയിക്കാൻ മാത്രമല്ല തോൽക്കാനും പഠിക്കണമെന്ന ഒരാശയമാണ് പങ്കുവയ്ക്കുന്നത്. സമൂഹത്തിൽ ഇന്നു കാണുന്ന പല തിന്മകൾക്കും കാരണം നമ്മൾ തോൽക്കാൻ പഠിക്കാത്തതു കൊണ്ടാണെന്നാണ് തിരുമേനിയുടെ നിരീക്ഷണം. ഇളംതലമുറയെ നമ്മൾ ജയിക്കാൻ മാത്രമാണ് പഠിപ്പിക്കുന്നത്. ഒരു തോട് വെട്ടുന്നതിനെച്ചൊല്ലി അയൽവാസിയുമായി ഉണ്ടായ തർക്കത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ കത്തിലാണ് "ജയിപ്പാൻ മാത്രമല്ലാ തോൽപ്പാനും പഠിക്കണം" എന്ന വാക്യം. ഒരു തോട് ഇട്ടു കൊടുത്താൽ തർക്കം തീരും. തോട് വെട്ടാൻ മറ്റേ ആളുകൾക്ക് കഴിവില്ല. അതിനാൽ എല്ലാ അയൽക്കാരും തങ്ങൾക്കുവേണ്ടിയുള്ളവരായിത്തീരണമെന്ന ജ്ഞാനം കൂടി നമുക്കു ഉണ്ടായിരിക്കണമെന്നും ഈ കത്തിൽ ചു[ണ്ടി]ക്കാട്ടുന്നു. അവർക്കു ശക്തിയി[ല്ലെ]ങ്കിലും അയൽക്കാരുടെ ഉടയക്കാര[ൻ] ശക്തിമാനാണെന്ന കാര്യം തർക്കം ന[ട]ത്തുന്നവരെ തിരുമേനി ഓർമ്മിപ്പിക്കുന്ന[ു].

പരുമലത്തിരുമേനി ജനിച്ച തറവാ[ട്] വീട്, പൊളിച്ചു പണി കഴിപ്പിച്ചതാണ് ഇപ്പോഴത്തെ ചാത്തുരുത്തി വീട് ജ്യേഷ്ഠൻ കുഞ്ഞുവർക്കിയുടെ മേൽനോട്ടത്തിലാണ് 1892-ൽ ഇതിന്റെ പണി ആരംഭിച്ചതെങ്കിലും പണിക്കായി ഉപയോഗിക്കേണ്ട മരങ്ങളെപ്പറ്റിയും അതിൽ കോൺക്കണക്കുകളെപ്പറ്റിയും വിലയെപ്പറ്റിയും ഒക്കെ പരുമലത്തിരുമേനിക്കു നല്ല തിട്ടമുണ്ടായിരുന്നുവെന്ന് സൂചിപ്പിക്കുന്ന ഒരു കത്തുണ്ട്. ഈ വീട് പണിയാൻ മൂലക്കല്ലായി ഇട്ടിട്ടുള്ള കല്ല് റൂശ്മ ചെയ്തു പരുമലത്തിരുമേനിയാണ്. വീടുപണിയെപ്പറ്റി കുഞ്ഞുവർക്കിക്ക് എഴുതിയ കത്തിൽ മാർഗനിർദ്ദേശങ്ങളോടൊപ്പം തിരുമേനി ഇങ്ങനെയും എഴുതിയിരിക്കുന്നു: "കുമ്പസാരിച്ചു കുർബാന കൈക്കൊണ്ടും പുര പൊളിച്ചു അടിസ്ഥാനം ചെയ്യാൻ തുടങ്ങണം. ഇതാകുന്നു നമ്മുടെ താല്പര്യം. അപ്പോൾ ദൈവ അനുഗ്രഹം ഉണ്ടാകും ദൈവത്തിന്റെ വാസം അതിൽ ഉണ്ടാകും".

ഇതേപ്പറ്റി ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി അഭിപ്രായപ്പെടുന്നതു, വീടുപണിയുമ്പോൾ സുഖസൗകര്യങ്ങളുടെ കാര്യമല്ല, അതിൽ ദൈവത്തിന്റെ വാസം ഉണ്ടാവേണ്ടതിനെപ്പറ്റിയാണ് പ്രധാനമായും ചിന്തിക്കാൻ പരുമലത്തിരുമേനി ഉദ്ബോധിപ്പിക്കുന്നതു എന്നാണ്.

ദയറാപ്പട്ടക്കാരനായിരുന്ന കാലത്തു തിരുമേനി ജ്യേഷ്ഠനു എഴുതിയ ഒരു കത്ത് ഇങ്ങനെ: "എന്റെ പറ്റിൽ ഒരു

17TH DEATH ANNIVERSARY
28-10-2015

EASO ANDREWS (KUNJUMON)

12TH DEATH ANNIVERSARY
24-07-2015

MARIAMMA ANDREWS

OOLAMACKAL, PULICKAL KAVALA

Inserted by:

Ponnamma, Leenu, Lijo

രൂപയും ഇല്ലാ. അതിനാൽ ഒരു അഞ്ചു രൂപാ കൊടുത്തയക്കണം" മറ്റൊരു കത്തിൽ എഴുതിയതു "ഒരു പറ അരി കൊടുത്തയക്കണം" എന്നായിരുന്നു. ഒരു പറ അരി കൊടുക്കുന്നില്ലെങ്കിൽ ഉള്ളടത്തോളം കൊടുത്തയക്കണമെന്നും എഴുതിയിരിക്കുന്നു. "ഒരു കൂട്ടം ചെരുപ്പു വാങ്ങാൻ ഒന്നുരണ്ടുരൂപ കടം വാങ്ങിയെന്നാണ് മറ്റൊരു കത്ത്. ഇപ്രകാരമായിരുന്നു പരുമലത്തിരുമേനിയുടെ ജീവിതത്തിലെ ചില സാമ്പത്തിക കാര്യങ്ങൾ!

പരുമലത്തിരുമേനിക്കു മൃഗങ്ങളോടുള്ള സ്നേഹത്തിനു ഒരു സൂചനയാണ് ജ്യേഷ്ഠന്റെ മകൻ കൊച്ചു മത്തായിക്കു എഴുതിയ ഒരു കത്ത്. വീട്ടിലെ ആന ക്ഷീണിച്ചു പോയതായി അറിഞ്ഞപ്പോൾ അസ്വസ്ഥനായ തിരുമേനി പരുമലയിൽ നിന്നും ഇങ്ങനെ എഴുതി:

"ആനയെ അവിടെ നിർത്താതെ ഇങ്ങോട്ടയക്കുന്നതും ഇവിടങ്ങളിൽ വെല ചെയ്യിക്കുന്നതും തന്നെ നല്ലതു. ആനയുടെ സൂക്ഷത്തിനും രക്ഷയ്ക്കും കൊള്ളാം എന്നു അവർ പറയുക മാത്രമല്ലാ നമുക്കും അങ്ങനെ തോന്നുന്നു. എന്തെന്നാൽ ഇവിടങ്ങളിലുള്ള ഉടമ്പടിക്കാർ മിക്കവാറും നാം അറിയുന്നവരും വിശ്വസ്തന്മാരും ആകുന്നു. ഇവിടെയുള്ള നമ്മുടെ ആനയെ ഇവർക്കു തന്നെ ആകുന്നു ഇപ്പോൾ കൊടുത്തിരിക്കുന്നത്. മറ്റുള്ളവരായാലും ഇവരെപ്പോലെയുള്ളവരാകുന്നു. ആ തിന്മപെട്ടവനെപ്പോലെ വരികയില്ല എന്നു മാത്രമല്ല, ഇപ്പോൾ അവിടുത്തെ നമ്മുടെ ആനയെ കൊണ്ടു നടക്കുന്ന ആനക്കാരൻ കൊള്ളരുതാത്തവനും ആനമേൽ കരുണയില്ലാത്തവനും തന്റെ സൂക്ഷ്മക്കേടുകൊണ്ടും ആക്രമം കൊണ്ടും ഒരാനയെ കൊന്നവനും എന്നു ഇവിടങ്ങളിൽ പറയപ്പെട്ടവനാകുന്നു. അവൻ ഇവിടത്തുകാരനും ആകുന്നു. വേറെ ഇവിടങ്ങളിൽ നല്ല ആനക്കാരുണ്ട്. അവരെ ഏല്പിച്ചു കൊടുത്തു രണ്ടിനെയും ഒരുമിച്ചു നടത്തുന്നതാകുന്നു നല്ലത് എന്നു തോന്നുന്നു. ആനക്കാരനെ ഒഴിക്കണമെന്നുള്ള വർത്തമാനം എത്രയും രഹസ്യമായിരിക്കണം. ഒഴിച്ചതിന്റെ ശേഷമെ അവൻ ഗ്രഹിക്കാവൂ. അല്ലെങ്കിൽ അവൻ ഉപദ്രവിച്ചെമാറൂ."

ഇപ്രകാരം തിരുമേനിയുടെ വ്യക്തിത്വത്തിലേക്കും ജീവിതത്തിലേക്കും വെളിച്ചം വീശുന്നവയാണ് ഈ സമാഹാരത്തിലെ കത്തുകൾ.

ഈ പുസ്തകത്തിൽ മലങ്കര മെത്രാപ്പോലീത്താ മാർ ദീവന്നാസിയോസിന്റെയും വട്ടശ്ശേരിൽ തിരുമേനിയുടെയും കുറെ കത്തുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തിയുടെ പിതാവായ ജിമ്മി ചാത്തുരുത്തി എഴുതിയ 'പരുമല ബാവാ' എന്ന കുറിപ്പും അനുബന്ധമായി ചേർത്തിട്ടുണ്ട്.

പരുമലതിരുമേനി-ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും

ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി.

പ്രസാധകർ: ഡിസി ബുക്സ്, കോട്ടയം, വില: 595

ഒക്ടോബർ 28-ന് മാധ്യമ സെമിനാർ

പരുമല പെരുന്നാളിനോടനുബന്ധിച്ച് മലങ്കരസഭ മാസികയുടെ ആഭിമുഖ്യത്തിൽ, മലങ്കരസഭ മാസികയുടെ പ്രതിനിധി സമ്മേളനവും മാധ്യമ സെമിനാറും 2015 ഒക്ടോബർ 28-ന് ബുധനാഴ്ച ഉച്ചയ്ക്ക് 1.30 മുതൽ 5 വരെ പരുമല സെമിനാരിയിൽ നടത്തും.

അദ്ധ്യക്ഷൻ:

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ

മുഖ്യപ്രഭാഷണം:

ശ്രീ. ബ്ലെസ്സി

(പ്രശസ്ത ചലച്ചിത്ര സംവിധായകൻ)

- മലങ്കര സഭയിലെ എഴുത്തുകാരുടെ സംഗമം
- പ്രതിനിധി സമ്മേളനം
- മാധ്യമ ചർച്ചകൾ... സംവാദങ്ങൾ...

ഏവർക്കും സ്വാഗതം....

കൂടുതൽ വിവരങ്ങൾക്ക്: **0481-2573234, 9744648617**

പരുമല മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഗൈഡൻസ് സെന്റർ

(മലബാർ ഭദ്രാസനം)

പ്രവർത്തനങ്ങൾ

1. ഫീഡ് ദ ഹംഗ്രി പ്രൊജക്ട്: മൂന്ന് ഹോസ്പിറ്റലുകളിൽ ദിവസേന 400 രോഗികൾക്കും അവരുടെ ബൈസ്റ്റാന്റേഴ്സിനും സൗജന്യ അന്നദാനം.
2. ക്യാൻസർ, കിഡ്നി, ഹൃദ്രോഗം, HIV, മാനസികരോഗം മുതലായവ മാറാരോഗികൾക്ക് പ്രതിമാസം സൗജന്യ മരുന്നും ചികിത്സാ സഹായവും
3. രക്തദാനം, വീൽചെയർ, വാട്ടർ ബെഡ് വിതരണം.
4. ക്യാൻസർ, ഡയാലിസിസ്, പോസ്റ്റ് ഓപ്പറേറ്റീവ് രോഗികൾക്ക് നിർദ്ദേശങ്ങളും താമസ സൗകര്യവും നൽകുന്നു.

നിങ്ങളുടെ വിശേഷ ദിവസങ്ങളിൽ (ജന്മദിനം, വിവാഹവാർഷികം, ഓർമ്മ ദിനം) ഫീഡ് ദ ഹംഗ്രി പ്രൊജക്ടിനെ സഹായിക്കുക)

Account No.

1. H.G DR. ZACHARIA MAR THEOPHILOS
   Punjab National Bank, Br. Kunnamangalam
   A/c No. 4304 000 1050 27 376
   IFS Code: PUNB 04 30400
2. PMG ORTHODOX GUIDANCE CENTRE
   Dhanalaxmi Bank, Br. Chevarambalam
   A/c No. 0133 001 000 25 277
   IFS Code : DLXB 0000133

President: H.G. DR.ZACHARIA MAR THEOPHILOSE

For more details:

Fr. Mathews Purackan (Secretary)
9946636616
P.M.G. Orthodox Guidance Centre,
Chevayur P O
Calicut 673017, 0495-2357148

പരുമല പെരുന്നാളിനോടനുബന്ധിച്ച് പരുമല മാർ ഗ്രീഗോറിയോസ് ഗൈഡൻസ് സെന്ററിന്റെ ഓഫീസ് പ്രവർത്തിക്കുന്നതായിരിക്കും. ഓഫീസ് സന്ദർശിക്കുമല്ലോ...

വ്യക്തിത്വ വികാസത്തെക്കുറിച്ചുള്ള ശ്രദ്ധേയമായ ചർച്ചയിൽ പ്രശസ്ത മനഃശാസ്ത്രജ്ഞനായ എറിക്ക് എറിക്ക്സൺ പറയുന്നത് കുട്ടിക്കാലത്തെ അനുഭവങ്ങൾ വ്യക്തിയുടെ ജീവിത വീക്ഷണത്തെ ഏറെ സ്വാധീനിക്കുന്നു എന്നാണ്. ശൈശവത്തിലെയും ബാല്യത്തിലെയും അനുഭവങ്ങളാണ് ഒരു വ്യക്തിയുടെ ഭാവി ജീവിതത്തെ ശുഭാപ്തി വിശ്വാസം കൊണ്ട് നിറയ്ക്കുന്നതും മറിച്ച് സംശയാകുലതകൾ കൊണ്ട് തകർക്കുന്നതും.

ജീവിക്കുന്ന ചുറ്റുപാടുകൾ ആഹ്ലാദകരവും പ്രവചനാതീതവുമാണെങ്കിൽ കുട്ടിയുടെ മനസ്സിൽ മറ്റുള്ളവരെക്കുറിച്ച് 'വിശ്വാസം' മൊട്ടിടുന്നു. പകരം പ്രവചനാതീതവും ദുഃഖകരവുമെങ്കിൽ 'അവിശ്വാസവും' സംശയവും രൂപപ്പെടുന്നു. ശുഭാപ്തി വിശ്വാസത്തിൽ വളരുന്ന കുട്ടി ജീവിതത്തിന്റെ ഔന്നത്യങ്ങൾ കീഴടക്കുന്നു. അശുഭാപ്തി വിശ്വാസം ജീവിതത്തെ അർത്ഥശൂന്യമായി കാണാൻ പ്രേരിപ്പിക്കുന്നു. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുമായി പ്രശസ്ത നോവലിസ്റ്റ് ബെന്യാമിൻ നടത്തിയ സംഭാഷണങ്ങളുടെ പുസ്തകരൂപം 'ജീവിതക്കാഴ്ചകൾ' വായിച്ചപ്പോൾ ആദ്യം മനസ്സിലേക്കു വന്നത് എറിക്ക്സൺന്റെ ചിന്തയാണ്.



ജീവിതക്കാഴ്ചകൾ

■ **ഡോ. സിബി തരകൻ**

> **പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായുടെ പുഞ്ചിരിക്കുന്ന മുഖവും തെളിഞ്ഞ ചിന്തകളും ആ വ്യക്തിത്വത്തെ പ്രകാശമാനമാക്കിയ ശുഭാപ്തി വിശ്വാസത്തിന്റെ പ്രതിഫലനമാണ്.**

പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായുടെ പുഞ്ചിരിക്കുന്ന മുഖവും തെളിഞ്ഞ ചിന്തകളും ആ വ്യക്തിത്വത്തെ പ്രകാശമാനമാക്കിയ ശുഭാപ്തി വിശ്വാസത്തിന്റെ പ്രതിഫലനമാണ്.

'ജീവിതക്കാഴ്ച'കളിലെ 'ആത്മകഥ' എന്ന ആദ്യ അദ്ധ്യായത്തിൽ തിരുമേനി എഴുതുന്നു: "ദാരിദ്ര്യം വീട്ടിലെ സ്ഥിരമായ വിരുന്നുകാരനായിരുന്നെങ്കിലും സന്തോഷവും സമാധാനവും നിറഞ്ഞുനിന്നിരുന്നു. മാതാപിതാക്കൾ വിദ്യാസമ്പന്നരല്ലെങ്കിലും ദൈവഭയമുള്ളവരും വിവേകികളും ആയിരുന്നു. രണ്ടു നേരം നമസ്ക്കാരം നിർബ്ബന്ധമാണ് വീട്ടിൽ. സഭയോടുള്ള സ്നേഹവും ഭക്തിയും ഏറെ കാത്തുസൂക്ഷിച്ചു. വീട്ടിൽ ആരും ദേഷ്യപ്പെടുന്നത് ഒരിക്കൽപ്പോലും മക്കളായ ഞങ്ങൾ കണ്ടിട്ടില്ല". മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനെ രൂപപ്പെടുത്തിയെടുക്കുന്നിൽ വീട്ടിലെ സാമ്പത്തിക ദാരിദ്ര്യവും നിറഞ്ഞ സന്തോഷവും സമാധാനവും മാതാപിതാക്കളുടെ ദൈവഭയവും വിവേകവും പ്രാർത്ഥനയും സഭാസ്നേഹവും ഭക്തിയും പരസ്പര ബഹുമാനവും വലിയ പങ്കു വഹിച്ചു. മാതാപിതാക്കൾ വീട്ടിൽ സൃഷ്ടിക്കുന്ന സ്വർഗ്ഗമാണ് മക്കളെ ജീവിതപാതയിൽ ശുഭാപ്തി വിശ്വാസത്തോടെ മുന്നോട്ടു നയിക്കാൻ ശക്തമാക്കുന്നത്.

വൃദ്ധനായ കപ്പ്യാരെ സഹായിക്കുന്നതിനായി പള്ളി മണികൾ അടിച്ചും വിളക്കുകത്തിച്ചും സന്തോഷിച്ച ചെറുബാലൻ കയ്പേറിയ ജീവിതാനുഭവങ്ങളെ എങ്ങനെ മധുരതരമാക്കിയെന്നും കലാലയ ജീവിതത്തിലും ആധ്യാത്മിക ജീവിതത്തിലും എങ്ങനെ തിളങ്ങി ശോഭിച്ചതെന്നും 'വൈദികപഠനം' എന്ന അദ്ധ്യായത്തിൽ നിന്നും ഗ്രഹിക്കാം. ഭൗതികശാസ്ത്രം ഐച്ഛിക വിഷയമായി പഠിച്ച് കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് ബിരുദവും തുടർന്ന് ഓർത്തഡോക്സ് തിയോളിക്കൽ സെമിനാരിയിൽ പഠിച്ച് ജി.എസ്.റ്റിയും സെറാ

മ്പൂർ സർവ്വകലാശാലയിൽ നിന്ന് ബി. ഡി. ബിരുദവും കരസ്ഥമാക്കി. വൈദികനായതിനുശേഷമാണ് കേരള സർവ്വകലാശാലയിൽ നിന്ന് സാമൂഹിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയത്.

ഭൗതിക ശാസ്ത്ര പഠനം തിരുമേനിയുടെ ചിന്തകളെ യുക്തിപരമാക്കി; വേദശാസ്ത്രപഠനം ജീവിതത്തിലെ എല്ലാ കാര്യങ്ങളും യുക്തിപരമല്ല എന്ന ബോധ്യം സമ്മാനിച്ചു; സാമൂഹിക ശാസ്ത്രപഠനം സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചെറുചലനങ്ങളെപ്പോലും വിശകലനം ചെയ്തു മനസ്സിലാക്കുന്നതിന് സഹായിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾ ചെറുപ്പത്തിലെ മനസ്സിലാക്കുന്നതിനും ഇതര വിശ്വാസങ്ങളിൽ നിന്നുള്ള വ്യതിരിക്തത ആഴത്തിൽ ഗ്രഹിക്കുന്നതിനും തിരുമേനിക്ക് സാധിച്ചിട്ടുണ്ട്. പ്രൊട്ടസ്റ്റന്റ് സൺഡേസ്കൂൾ പഠനത്തെ അപ്പൻ ശക്തമായി എതിർത്ത സംഭവം പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. പ്രൊട്ടസ്റ്റന്റ് സൺഡേസ്കൂളിൽ പോയാൽ 'പുത്തൻ ഉടുപ്പ് കിട്ടുമായിരുന്നു'. എന്നാൽ അപ്പൻ പറഞ്ഞു "ഈ വീട്ടിലുള്ള ആർക്കും പ്രൊട്ടസ്റ്റന്റ് സൺഡേസ്കൂൾ പഠനത്തിന് അനുവാദമില്ല. നമ്മുടെ പള്ളിയിൽ നിന്നു ലഭിക്കുന്ന പഠനങ്ങൾ മാത്രം മതി". അപ്പന്റെ കർക്കശ്ശ നിലപാട് ഉടുപ്പുമാറുന്നതുപോലെ വിശ്വാസം മാറാൻ പാടില്ല എന്ന ചിന്ത ആ ബാലനിൽ ഉണ്ടാക്കി. ഓർത്തഡോക്സ് വിശ്വാസം സംബന്ധിച്ച് അപ്പന്റെ ബോധ്യം പുത്രനെ ശക്തിപ്പെടുത്തുന്നതാണിവിടെ കാണുന്നത്. ഇതര സഭാനുയായികളെയും മേലദ്ധ്യക്ഷന്മാരെയും ബഹുമാനിക്കുമ്പോൾത്തന്നെ അവരുടെ വിശ്വാസത്തിലെ അന്തരം സൂക്ഷ്മതയോടെ വിലയിരുത്തുന്നതിന് പരിശുദ്ധ പിതാവ് ശ്രദ്ധിക്കുന്നുണ്ട്.

ഇതര മത ദർശനങ്ങളുമായി ഇടപെടുമ്പോഴും ഇതേ മനോഭാവം പ്രകടിപ്പിക്കാൻ പ്രാർത്ഥിക്കുന്നു എന്നു മാത്രമല്ല ക്രിസ്തുമതത്തിന്റെ അതുല്യത തിരുമേനി വ്യക്തമാക്കുന്നുമുണ്ട്. 'തിരിഞ്ഞുനോട്ടം' എന്ന അധ്യായം ക്രിസ്തുമതത്തിന്റെ അതുല്യ സവിശേഷത വ്യക്തമാക്കാൻ സഹായിക്കുന്നതുകൊണ്ടുതന്നെ ശ്രദ്ധേയമായിത്തീർന്നിരിക്കുന്നു. ശ്രീശങ്കരന്റെയും രാമാനുജന്റെയുമൊക്കെ ദർശനങ്ങളെ തിരുമേനി ആദരിക്കുന്നു. എന്നാൽ 'ത്യാഗത്തിൽ അധിഷ്ഠിതമായ സ്നേഹം' വിളമ്പരം ചെയ്യുന്ന ക്രിസ്തുമതം അതുല്യമാണ് എന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

"ശ്രീശങ്കരന്റെയും രാമാനുജന്റെയുമൊക്കെ തത്ത്വദർശനങ്ങളിലൂടെ മുൻപോട്ടുപോയാൽ മോക്ഷത്തിന്റെയും രക്ഷയുടെയും അതിർവരമ്പുകൾ നേർത്തുവരുന്നതായി കാണാം. എന്നാൽ ക്രിസ്തീയതയുടെ അതുല്യത ഊന്നി പറയേണ്ടതായിട്ടുണ്ട്. സ്നേഹത്തെ ഇത്രയധികം വിശദീകരിക്കുന്ന മറ്റൊരുമതം ഉണ്ടോ എന്ന് സംശയമാണ്. ത്യാഗത്തിൽ അധിഷ്ഠിതമായ സ്നേഹമാണത്. ക്രിസ്തുമതത്തിൽ ക്രിസ്തുവിന്റെ കുരിശാരോഹണവും മരണവുമൊക്കെ ദൈവം ലോകത്തെ സ്നേഹിച്ചതിന്റെ പ്രതിഫലനങ്ങളാണ്. തന്നെ കുരിശിച്ചവർക്കു വേണ്ടി ക്രിസ്തു പ്രാർത്ഥിക്കുന്നു. ഇത് ദൈവികമായ സ്നേഹത്തിന്റെ പാരമ്യതയാണ്. മറ്റുള്ളവർക്കുവേണ്ടി സ്വയം ഇല്ലാതായിത്തീരുന്ന സ്നേഹം ക്രിസ്തീയതയുടെ അതുല്യ സവിശേഷതയാണ്." എന്ന് തിരുമേനി പറയുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾ ചെറുപ്പത്തിലെ മനസ്സിലാക്കുന്നതിനും ഇതര വിശ്വാസങ്ങളിൽ നിന്നുള്ള വ്യതിരിക്തത ആഴത്തിൽ ഗ്രഹിക്കുന്നതിനും തിരുമേനിക്ക് സാധിച്ചിട്ടുണ്ട്.

തിരിഞ്ഞു നോക്കുമ്പോൾ താൻ ആയിത്തീരുന്നത് ഒരു ദൈവിക പദ്ധതിയാണെന്ന് വിശ്വസിക്കുന്നു. 'തിരിഞ്ഞുനോട്ടം' എന്ന അധ്യായം അതുകൊണ്ടുതന്നെ ദൈവനിയോഗത്തെക്കുറിച്ചുള്ളതാണ്. ആദ്ധ്യാത്മിക ജീവിതത്തിൽ വളർന്നു വരുന്നതിനും പട്ടക്കാരനായും മെത്രാപ്പോലീത്തായായും കാതോലിക്കായായും സഭാസേവനം ചെയ്യുന്നതിന് എപ്രകാരമാണ് തന്നെ ദൈവം തെരഞ്ഞെടുത്തത് എന്ന് നന്ദിപൂർവ്വം അനുസ്മരിക്കുകയാണിവ. 'നന്മയോടുള്ള അനുസരണം' എന്നും 'ദൈവനിയോഗത്തോടുള്ള പ്രതികരണം' എന്നുമാണ് തിരുമേനി ഇതിനെ വിശേഷിപ്പിക്കുന്നത്.

വേദപുസ്തകത്തെക്കുറിച്ചും സഭയെക്കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ 'ബൈബിൾ' 'സഭ' എന്നീ അധ്യായങ്ങളിൽ അവതരിപ്പിക്കുന്നുണ്ട്. വിശുദ്ധ വേദപുസ്തകത്തിൽ ഏറെ ആകർഷിച്ചിട്ടുള്ളത് ക്രിസ്തുവിന്റെ ജീവിതം തന്നെയാണ്. "ക്രിസ്തു ശിഷ്യന്മാരുടെ കാലുകൾ കഴുകിയതും



അഭി. കുര്യാക്കോസ് മാർ ക്ലീമ്മിസ്
മെത്രാപ്പോലീത്തായുടെ (തുമ്പമൺ ഭദ്രാസനം) മുഖ്യകാർമ്മികത്വത്തിൽ

കൊടിമര ഘോഷയാത്ര, സുവിശേഷ യോഗം, ഗാനശുശ്രൂഷ, വി. കുർബ്ബാന, പ്രദക്ഷിണം, ശ്ലൈഹിക വാഴ്വ്, ആകാശ ദീപക്കാഴ്ച, ക്രിസ്തീയ സംഗീതാർച്ചന, അഖണ്ഡപ്രാർത്ഥന, മെഡിക്കൽ ക്യാമ്പ്, ക്വിസ് മത്സരം, നേർച്ചവിളമ്പ്, സ്നേഹവിരുന്ന്

"മലങ്കര സഭയുടെ സൂര്യതേജസ്സ്" ഭാഗ്യസ്മരണാർഹനായ പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതിയൻ കാതോലിക്കാ ബാവാ കിഴക്കിന്റെ പരുമല എന്നു വിശേഷിപ്പിച്ച് 2004 നവംബർ 6–ാം തീയതി പ. ബാവായുടെ തൃക്കരങ്ങളാൽ പ. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപിക്കുകയും ചെയ്ത മലങ്കര സഭയിലെ ഏക കുരിശുമലയായ പുറ്റടി കർമ്മേൽ മാർ ഗ്രിഗോറിയോസ് കുരിശുമലയിൽ നാനാജാതി മതസ്ഥരായ അനേകായിരങ്ങളാണ് പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് കടന്നു വരുന്നത്. പരിശുദ്ധ സാന്നിദ്ധ്യവും മദ്ധ്യസ്ഥതയും മുഖാന്തിരം രോഗികൾക്ക് സൗഖ്യവും, ദുഃഖിതർക്ക് ആശ്വാസവും, ആലംബഹീനർക്ക് പ്രത്യാശയുമരുളുന്ന പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് പെരുന്നാൾ ശുശ്രൂഷകളിൽ കടന്നു വന്ന് സംബന്ധിക്കുവാൻ ഏവരെയും ക്ഷണിക്കുന്നു.

കർമ്മേൽ മലയിലെ ആരാധനാ ക്രമീകരണങ്ങൾ

ആദ്യവെള്ളി	7.30am	പ്രഭാതനമസ്കാരം
	8.30am	വി. കുർബ്ബാന മദ്ധ്യസ്ഥപ്രാർത്ഥന
മൂന്നാം വെള്ളി	10.00am	ധ്യാനം മദ്ധ്യസ്ഥപ്രാർത്ഥന
മറ്റ് വെള്ളിയാഴ്ചകളിൽ	11.00am	മദ്ധ്യാഹ്ന നമസ്കാരം മദ്ധ്യസ്ഥപ്രാർത്ഥന

എല്ലാ ദിവസവും
5.30 pm സന്ധ്യാനമസ്കാരം
മദ്ധ്യസ്ഥപ്രാർത്ഥന

കർമ്മേൽ പ്രയർ സർക്കിൾ
എല്ലാ ഞായറാഴ്ചകളിലും വൈകിട്ട് 6 മണി മുതൽ
വെള്ളിയാഴ്ചകളിൽ 11.30 am മുതൽ

മദ്ധ്യസ്ഥപ്രാർത്ഥനകൾക്കും നേർച്ചകാഴ്ചകൾക്കും

The Vicar
St. Marys Orthodox Church
Puttady P.O., Vandanmedu,
Idukki (Dt.) - 685551
04868 - 277472, 277144
Web. www.carmelmala.org
facebook: karmelmargregoriouspilgrimcentreputtady

Bank Details
Federal Bank Puttady Branch
IFSC : FDRL0001073
A/c No. 10730100115427



ഒറ്റിക്കൊടുക്കാൻ പോകുന്ന യൂദായെ അവസാനം വരെ ഉൾക്കൊണ്ടതും സ്വന്തം ശരീരം അപ്പമായി മുറിച്ച് പങ്കിട്ടതും ക്രൂശിൽ കിടന്ന് ഉപദ്രവിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചതും" ഏറെ പ്രിയപ്പെട്ടവയാണ്.

ആരാണ് അങ്ങേയ്ക്ക് യേശുക്രിസ്തു എന്ന ചോദ്യത്തിന് നൽകുന്ന മറുപടി ശ്രദ്ധേയമാണ്. "ക്രിസ്തു തന്റെ സ്രഷ്ടാവും രക്ഷകനും പരിപാലകനും ആണ്. സാധാരണ ഗതിയിൽ ഇന്നത്തെ ക്രൈസ്തവരിൽ ഭൂരിപക്ഷവും ക്രിസ്തീയ കുടുംബത്തിൽ ജനിച്ചുവളർന്നതാണ്. ആദ്യം പറഞ്ഞ സ്രഷ്ടാവ്, രക്ഷകൻ, പരിപാലകൻ എന്നീ വിധത്തിൽ ക്രിസ്തുവിനെ പിന്നീടുള്ള ജീവിതത്തിൽ തിരിച്ചറിയണം. ചരിത്രത്തിലെ ദൈവത്തിന്റെ ഇടപെടലാണ് ക്രിസ്തു. ദൈവികമായ എല്ലാ ഇടപെടലുകളിലും ക്രിസ്തു സ്നേഹം തന്നെയാണ് ആവർത്തിക്കപ്പെടുന്നത്..ക്രിസ്തുവിന്റെ അനുയായി ആകണമെങ്കിൽ സ്നേഹം അനുശീലിക്കണം" എന്ന് തിരുമേനി പറയുന്നു. ഇത് വെറുമൊരു പറച്ചിലായി അവസാനിക്കുന്നില്ല; പകരം സ്വന്തം ജീവിതംകൊണ്ട് അന്വർത്ഥമാക്കുകയാണ് പരിശുദ്ധപിതാവ് ചെയ്യുന്നത്.

ആധുനിക സമൂഹവും രാഷ്ട്രീയവും സംസ്കാരവുമൊക്കെ ചിന്തകളിലൂടെ കടന്നുപോകുന്നുണ്ട്. ആഗോളവത്ക്കരണത്തെക്കുറിച്ചും കമ്മ്യൂണിസത്തെക്കുറിച്ചും മതേതരത്വത്തെക്കുറിച്ചും തിരുമേനിക്ക് സുവ്യക്തമായ അഭിപ്രായങ്ങളുണ്ട്. 'പ്രോസ്പിരിറ്റി തിയോളജിയും' 'ഘർവാപ്പസി'യും സ്ത്രീകളുടെ പൗരോഹിത്യവും സ്വവർഗ്ഗവിവാഹവുമൊക്കെ ആ തെളിഞ്ഞ ചിന്തയ്ക്കു മുമ്പിൽ പരിശോധനാ വിധേയമാകുന്നു. ദൈവത്തിന്റെ സൃഷ്ടിയായ എല്ലാറ്റിനും ഒരു ക്രമം ഉണ്ടെന്നും അത് നിലനിർത്താൻ മനുഷ്യന് ഉത്തരവാദിത്വമുണ്ടെന്നും തിരുമേനി ഓർമ്മിപ്പിക്കുന്നു.

'ദർശനം' എന്ന അധ്യായത്തിൽ ജീവിത വിജയത്തെക്കുറിച്ച് സംസാരിക്കുന്നു. "ദൈവത്തെ നഷ്ടപ്പെടുത്താതെ അവസാനം വരെ ഒരാൾക്ക് ജീവിക്കാൻ കഴിയുക എന്നുള്ളതാണ് ജീവിത വിജയത്തിന്റെ മാനദണ്ഡമായി ഞാൻ കരുതുന്നത്. ഒരുവൻ ലോകത്തിൽ അനുഭവിച്ച കഷ്ടതകളും സഹനങ്ങളും അയാളുടെ പരാജയമായിരുന്നു എന്ന് ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരാൾക്ക് എങ്ങനെ പറയാൻ കഴിയും? ഒരുവൻ ധനവാനെന്നതോ, സ്ഥാനമാനങ്ങൾ ലഭിച്ചവനെന്നോ, അരോഗ ദൃഢഗാത്രനെന്നോ എന്നതല്ല എന്റെ വീക്ഷണത്തിലെ ജീവിത വിജയം, മറിച്ച് ഏതവസ്ഥയിലും ദൈവത്തിൽ നിന്ന് അകലാതെ ജീവിക്കാൻ കഴിയുന്നതാണ്. വിജയകരമായ ജീവിതമായി ഞാൻ കണക്കാക്കുന്നത്" എന്ന് പ. ബാവാ തിരുമേനി പറയുന്നു. ദൈവത്തെ നഷ്ടപ്പെടാതെ ജീവിക്കാനായാൽ അതാണ് വിജയകരമായ ജീവിതം എന്ന് ഈ കാലഘട്ടത്തിൽ പറയാൻ തയ്യാറാകുന്ന ഈ മഹാപുരോഹിതൻ വേറിട്ട ഒരു ജീവിതക്കാഴ്ചയാണ് നമുക്ക് സമ്മാനിക്കുന്നത്.

പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധം സൂക്ഷ്മമായി അപഗ്രഥിക്കുന്ന 'സമൂഹം' എന്ന അധ്യായത്തിൽ മനുഷ്യൻപ്രകൃതിയുടെ കാവൽക്കാരൻ മാത്രമാണെന്നും പ്രകൃതിയുടെ നാശം മനുഷ്യന്റെ നാശമാണെന്നുമുള്ള ഉൾക്കാഴ്ച മനുഷ്യ സമൂഹത്തിന് ഉണ്ടാകണമെന്നും ഉദ്ബോധിപ്പിക്കുന്നു.

പുസ്തകത്തിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന 'പൗരോഹിത്യം വഴിതെറ്റിയാൽ യേശുക്രിസ്തു കൊല്ലപ്പെടും!' എന്ന ലേഖനം പൗരോഹിത്യത്തിന്റെ ഉത്തരവാദിത്തങ്ങളെക്കുറിച്ചുള്ള വിപ്ലവകരമായ ചിന്തകളാണ് അവതരിപ്പിക്കുന്നത്. പൗരോഹിത്യത്തെ നിയന്ത്രിക്കേണ്ടത് പൗരോഹിത്യം തന്നെയാണെന്ന് തിരുമേനി പറയുന്നു. അതിന് അഞ്ചുമാർഗ്ഗങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്: 'മനഃസാക്ഷിയുടെ സാന്നിധ്യത്തിൽ ദൈവത്തോടുള്ള സ്വതന്ത്ര ചർച്ച', 'സഭാകാര്യങ്ങളിൽ താഴ്ത്തപ്പെട്ടതും എഴുതപ്പെടാത്തതുമായ നിയമങ്ങളുടെ പശ്ചാത്തലം', 'ദൈവവചനത്തിലൂടെയുള്ള അന്വേഷണം', 'സ്വയം തിരുത്തപ്പെടാനുള്ള സന്മനസ്സ്', 'പ്രധാന മേലധ്യക്ഷന്റെ മേൽനോട്ടം' എന്നിവയാണ് ആ മാർഗ്ഗങ്ങൾ. പൗരോഹിത്യം അധികാര പ്രമത്തതയായും പണമുണ്ടാക്കാനുള്ള മാർഗ്ഗമായും ഉപയോഗിക്കപ്പെടുന്ന ഇക്കാലത്ത് ഒരു സ്വയം വിലയിരുത്തലിന് തയ്യാറാകാൻ പൗരോഹിത്യത്തെ പ്രേരിപ്പിക്കുന്ന ഒരു രചന എന്ന നിലയിൽ ഇതും വേറിട്ടു നിൽക്കുന്നു.

അസാധാരണവും വിപ്ലവകരവുമായ ആശയങ്ങൾ സുതാര്യതയോടെ അവതരിപ്പിക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകത. ഇതിന് ഒരു ഇംഗ്ലീഷ് പരിഭാഷ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. സഭാതലവന്റെ ചിന്തകൾ പുതിയ തലമുറയ്ക്കും കേരളത്തിനു പുറത്തുള്ളവർക്കും ഇതര സഭാ വിഭാഗങ്ങൾക്കും മനസ്സിലാകുന്നതിന് ഇത് പ്രയോജനം ചെയ്യും.

സാഹിത്യകാരനായ ബെന്യാമിൻ പരിശുദ്ധ കാതോലിക്കാ ബാവായോടൊപ്പം ചിലവഴിച്ച സംഭാഷണ നിമിഷങ്ങൾ അമൂല്യമാണ്. അവതാരികയിൽ വി. കെ. ശ്രീരാമൻ എന്ന അനുഗ്രഹീത കലാകാരൻ എഴുതിയതുപോലെ 'സത്യമാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കാതെ മുന്നോട്ടു പോകുന്ന തിരുമേനിയുടെ യാത്ര 'പ്രകാശത്തെ മുറുകെപ്പിടിച്ചു' കൊണ്ടാണ്. ആ യാത്രയിൽ പങ്കാളികളാകുന്നത് വായനക്കാർക്ക് അനുഗ്രഹകരമാവും.

പുസ്തകം പ്രസിദ്ധീകരിക്കുന്നത് ഡി.സി. ബുക്സ്, കോട്ടയം, വില: 100 രൂപ, പേജ് 120. ■

ലുത്തിനിയാ

ഗ്രീക്ക് ഭാഷയിൽനിന്ന് സുറിയാനി കടംകൊണ്ടിട്ടുള്ള വാക്കുകളിൽ ഒന്നാണ് 'ലുത്തിനിയാ' എന്ന പദം. 'ലിത്താനിയ' എന്ന് യവനായ ഭാഷയിലും 'ലിറ്റനി' എന്ന ലാറ്റിനിലുമുള്ള 'ലുത്തിനിയാ' എന്ന പദത്തിന് മദ്ധ്യസ്ഥ പ്രാർത്ഥന, ഭക്തിപൂർവ്വമായ യാചന, അപേക്ഷ എന്നൊക്കെയാണർത്ഥം. സംഘത്തലവൻ ചൊല്ലുന്ന പ്രാർത്ഥനയ്ക്ക് പ്രതിവാക്യമായി വിശ്വാസ സമൂഹം നടത്തുന്ന അഭയയാചനകളെയാണ് 'ലുത്തിനിയ' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

പഴയനിയമ പാരമ്പര്യത്തിൽ തന്നെ ലുത്തിനിയാ പ്രാർത്ഥനകളുടെ പ്രാഗ് രൂപം കണ്ടെത്തുവാൻ കഴിയും. 136-ാം സങ്കീർത്തനം അതിനുദാഹരണമാണ്. യറുശലേം ദേവാലയത്തിന്റെ പ്രതിഷ്ഠാവേളയിലും (2 ദിന 7 : 3, 6) ദിനംപ്രതി രാവിലെയും വൈകുന്നേരവുമുള്ള ദേവാലയത്തിലെ യാഗസമയങ്ങളിലും (1 ദിന 16 : 41) 'യഹോവയുടെ ദയ എന്നേക്കുമുള്ളത്' എന്ന ലുത്തിനിയാ നടത്തിയിരുന്നു. സിനഗോഗ് ആരാധനയിലും ഇതിന് തത്തുല്യങ്ങളായ സ്തുതികൾ അർപ്പിച്ചിരുന്നു. ആദിമ ക്രൈസ്തവ ആരാധനയിലും 'ലുത്തിനിയാ' എന്ന പേരിലുള്ള അപേക്ഷകൾ കടന്നുവന്നു. വി.കുർബ്ബാനയിൽ ഖണ്ഡിപ്പിന് ശേഷമാണ് 'ലുത്തിനിയാ' എന്ന പേരിലുള്ള പ്രാർത്ഥനകൾ നടത്തുന്നതെങ്കിലും തുബ്ദേനും ഒരുരീതിയിൽ ലുത്തിനിയാകളാണ്.

മേൽപ്പട്ടക്കാരൻ ദേവാലയത്തിൽ എഴുന്നള്ളുമ്പോൾ മദ്ബഹായിൽ പ്രവേശിച്ച് ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് ചൊല്ലുന്ന കുക്കിലിയോനുകളെയും 'ലുത്തിനിയാ' എന്നാണറിയപ്പെടുന്നത്.

ഫാ. മാത്യു വർഗീസ്, റോം

THEOLOGY

കുട്ടികളുടെ അവകാശങ്ങൾ

അനേക സാധ്യതകൾ പൂട്ടപ്പെട്ടു കിടക്കുന്ന ഇടമാണ് കുട്ടികളുടെ മനസ്സ്. അവ തുറക്കപ്പെടുന്നത് സ്വാതന്ത്ര്യം നല്കിയുള്ള പരിശീലനം മൂലമാണ്. മുതിർന്നവരുടെ സങ്കുചിത താല്പര്യങ്ങളെ അടിച്ചേല്പിക്കാതെ സ്വതന്ത്രമായും, മൂല്യാധിഷ്ഠിതമായും വളരുവാൻ പ്രാപ്തമായ വഴി ഒരുക്കിക്കൊടുക്കാൻ സഭ നൽകുന്ന പരിശീലന പദ്ധതികൊണ്ട് സാധിക്കണം.

■ **ഫാ. യൂഹാനോൻ ജോൺ**

1960 കൾ മുതൽ കാലനിബദ്ധമായ ദൈവശാസ്ത്രത്തിന്റെ (Contextual Theologies) വിവിധ ഘട്ടങ്ങളിലൂടെയാണ് ദൈവവിജ്ഞാനീയ പാത. ലിബറേഷൻ, ബ്ലാക്ക്, ഫെമിനിസ്റ്റ്, ദളിത്, ട്രൈബൽ തുടങ്ങിയ തിയോളജികളുടെ ആവിർഭാവം മൂലം ദൈവശാസ്ത്രത്തെ "ദൈവത്തെക്കുറിച്ചുള്ള സംസാരം" (God Talk) എന്നതിൽ നിന്നും "ജീവ സംസാരം" (Life Talk) എന്ന നിലയിലേക്ക് നയിച്ചു. 'Context' എന്നപദം രണ്ട് കാര്യങ്ങളെ കുറിക്കുന്നു. ഒന്നാമതായി അതാതു കാലത്തെ പുതിയ ധാരകൾ (Contemporary Streams). രണ്ടാമതായി അതാതു സ്ഥലത്തെ പ്രസക്തമായ പ്രശ്നങ്ങൾ (Contextual issues). ആധുനീകോത്തര കാലത്ത് രൂപപ്പെട്ടതും, കാലിക പ്രസക്തമായും സഭാപരമായും, അന്തർദേശീയമായും, തദ്ദേശീയമായും കുട്ടികളുടെ പ്രശ്നങ്ങളെ 'തിയോളജൈസ്' ചെയ്യുന്ന ദൈവവിജ്ഞാനീയ ശാഖയാണ് 'ചൈൽഡ് തിയോളജി'. അന്നത്തെ ശിഷ്യസമൂഹം തടഞ്ഞു നിർത്തുകയും, പൊതുസമൂഹം അപ്രസക്തരെന്ന് വീക്ഷിക്കുകയും ചെയ്ത കുട്ടികളെ യേശുക്രിസ്തു മാറോടു ചേർക്കുകയും, 'സമൂഹമദ്ധ്യത്തിൽ' നിർത്തുകയും ചെയ്ത പ്രവർത്തനത്തെയാണ് (Work of Christ) ചൈൽഡ് തിയോളജിയുടെ അടിസ്ഥാനമായി ദർശിക്കുന്നത്. വിവിധ സംസ്കാരങ്ങളിൽ കുട്ടികളുടെ സമഗ്ര വളർച്ചയ്ക്കും, അവകാശങ്ങൾക്കും വേണ്ടി വികസിതമായിക്കൊണ്ടിരിക്കുന്ന തിയോളജിയാണ് 'കുട്ടികളുടെ ദൈവവിജ്ഞാനീയം'. അത്തരത്തിൽ ചൈൽഡ് തിയോളജിയെ പാസ്റ്ററൽ തിയോളജിയിലും ഉൾപ്പെടുത്തുന്നുണ്ട്. ചൈൽഡ് തിയോളജിയുടെ മാർഗദർശനത്തിൽ പദമൂന്നിക്കൊണ്ട് അന്നത്തെ ക്രിസ്തു സമൂഹത്തിലും, ഇന്നത്തെ ക്രിസ്തു സമൂഹത്തിലുള്ള കുട്ടികളുടെ സ്ഥാനത്തെയും അവകാശങ്ങളെയും അന്വേഷിക്കാൻ ശ്രമിക്കുകയാണി ലേഖനത്തിലൂടെ.

കുട്ടികളെ ആദരപൂർവ്വം സ്വീകരിക്കുന്ന ക്രിസ്തു

(Mt. 19:13-15, Mk. 10:13-16, Lk. 18:15-17)

അമ്മമാർ കുട്ടികളെ റാബിമാരുടെ അടുക്കൽ കൊണ്ടുവരുകയും, റാബിമാർ കുട്ടികളുടെ തലയിൽ കൈവച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്ന രീതി യഹൂദസംസ്കാരത്തിൽ ഉണ്ടായിരുന്നു. എന്നാൽ ഇപ്രകാരം യേശുവിന്റെയടുക്കൽ കൊണ്ടുവന്ന ശിശുക്കളെ ശിഷ്യർ തടയുന്നതായി പ്രതിപാദിച്ചിരിക്കുന്നു. അതിന് കാരണങ്ങൾ പലതാകാം. ഗുരുവിനെ അസഹ്യപ്പെടു



മാവേലിക്കര സെ. പോൾസ് മിഷൻ സെന്ററിൽ മധ്യവേനൽ വേദപരിശീലന ക്ലാസ്സിൽ പങ്കെടുത്ത കുട്ടികൾ (2015)

ത്തേണ്ട എന്ന ചിന്ത, മുതിർന്നവരുമായി ഇടപെടുന്ന സമയം കുട്ടികൾക്കായി അപഹരിക്കേണ്ട എന്ന ചിന്ത, കുട്ടികളോട് ക്രിസ്തുവിന് എന്ത് പറയാനാണ് എന്ന ചിന്ത, ഇവയിൽ ചിലതാകാം. എന്നാൽ ശിഷ്യരുടെ മുൻവിധികളെ തിരുത്തിക്കൊണ്ട് കുട്ടികളോടുള്ള അവരുടെ അവഗണനയെ തിരുത്തിക്കൊണ്ട് അവൻ ശിശുക്കളെ ആദരപൂർവ്വം സ്നേഹത്തോടെ വിളിച്ച് അടുത്ത് നിർത്തി അവരുടെ അന്തസ്സിനെ മാനിക്കുന്നു (Affirming the Dignity of Children).

യേശുക്രിസ്തുവിന്റെ മനുഷ്യാവതാര വിപുലീകരണമാണ് പരിശുദ്ധ സഭ (Holy Church is the extension of the Incarnation). ഭൗമിക ജീവിതത്തിൽ ക്രിസ്തു എടുത്ത നിലപാടുകളാണ് സഭയുടെ മാർഗ്ഗദർശനം. കുട്ടികളുടെ അവകാശങ്ങളുടെ കാര്യത്തിലും യേശുക്രിസ്തുവിന്റെ നിലപാടുകൾ ശ്രദ്ധേയമാണ്. അവ സഭകളുടെ നിലപാടുകളാകേണ്ടതുണ്ട്. ക്രിസ്തു കുട്ടികളുടെ അന്തസ്സിനെ വിലമതിച്ചത് പോലെ കുട്ടികലുടെ അന്തസ്സിനെ സംരക്ഷിക്കേണ്ട ചുമതല സഭകൾ ക്കുണ്ട്.

അവരേ തടയേണ്ട, അവർ സ്വതന്ത്രരായി വരട്ടെ

അനേക സാധ്യതകൾ പൂട്ടപ്പെട്ടു കിടക്കുന്ന (Locked Possibilities) ഇടമാണ് കുട്ടികളുടെ മനസ്സ്. അവ തുറക്കപ്പെടുന്നത് സ്വാതന്ത്ര്യം നല്കിയുള്ള പരിശീലനം മൂലമാണ്. മുതിർന്നവരുടെ സങ്കുചിത താല്പര്യങ്ങളെ അടിച്ചേല്പിക്കാതെ സ്വതന്ത്രമായി, മൂല്യാധിഷ്ഠിതമായും വളരുവാൻ പ്രാപ്തമായ വഴി ഒരുക്കിക്കൊടുക്കാൻ സഭ നൽകുന്ന പരിശീലന പദ്ധതികൊണ്ട് സാധിക്കണം. കുട്ടികളുടെ ജീവിതത്തെ സുഗന്ധപൂരിതമാക്കേണ്ട ദൈവാനുഭവങ്ങൾ പലപ്പോഴും മുതിർന്നവരുടെ കടുംപിടിത്തങ്ങൾ കാരണം തടയപ്പെടുന്നു. മുതിർന്ന തലമുറയുടെ 'Power structure' യിൽ നിന്ന് പുറത്താക്കപ്പെടുന്ന കുട്ടികളുടെ 'അന്തസ്സിനെ' തിരിച്ചെടുക്കാനും, അംഗീകരിക്കാനും, ആദരിക്കാനും ആധുനിക ക്രൈസ്തവ സമൂഹത്തിന് കഴിയണം. സഭകളുടെ ആരാധനയുടെയും, ആവിഷ്ക്കാരങ്ങളുടെയും 'Quality Time' കുട്ടികൾക്ക് പ്രാധാന്യം നല്കുന്ന രീതിയിൽ ക്രമീകരിക്കാൻ കഴിയണം. മുതിർന്നവരുടെ വ്യക്തി താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി സഭാവേദികൾ 'politrics stage' കൾ ആകുമ്പോൾ സ്വാഗതം ചെയ്യപ്പെടാതെ, തടയപ്പെടുന്നത് പുതിയ തലമുറകളുടെ പ്രതീക്ഷകളും സ്വപ്നങ്ങളുമാണെന്ന് ഓർക്കണം. സഭകളിലെ സൺഡേസ്കൂളും കുട്ടികൾക്കായുള്ള മറ്റ് ആത്മീയ പ്രസ്ഥാനങ്ങളും അവർക്ക് താല്പര്യം ഉണ്ടാകും വിധം 'Welcoming Space' ആക്കിത്തീർക്കുവാനുള്ള കർത്തവ്യം വിസ്മരിക്കരുത്. അതിനുള്ള നൂതന പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

ക്രിസ്തു കുട്ടികളെ 'കമ്മ്യൂണിറ്റിയുടെ' നടുവിൽ നിർത്തുന്നു

(Mt. 18:1-5, Mk. 9:33-37, Lk. 9:46-48)

ദൈവരാജ്യത്തെക്കുറിച്ചുള്ള നിർണ്ണായകമായ സന്ദേശം ശിഷ്യർക്ക് നല്കുന്ന സന്ദർഭത്തിൽ ഒരു ശിശുവിനെ ആ സമൂഹത്തിന്റെ മദ്ധ്യത്തിൽ (Child in the midst of the Jesus Community) നിർത്തിക്കൊണ്ടാണ് പാഠം (Theological Discourse) ആരംഭിക്കുന്നത്. ശിശുവിനെപ്പോലെ ദൈവരാജ്യത്തെ സമീപിപ്പിക്കണമെന്നും, ശിശുവിനെപ്പോലെ ആയില്ലെങ്കിൽ അതിൽ പ്രവേശിക്കുകയില്ലെന്നും, ശിശുക്കളാണ് ദൈവരാജ്യത്തിന്റെ അവകാശികളെന്നും (Inheritors of the Kingdom) അവരെ മനസ്സിലാക്കിക്കൊടുക്കുന്നു. കുട്ടികളുടെ സമീപനം മുൻവിധികളില്ലാത്ത തുറവിയോടെയുള്ളതാണ് (Openess & Curiosity towards new things including the Kingdom, not with prejudice). അവർക്ക് പ്രവേശനമുള്ളതിന് കാരണം അവരുടെ നിഷ്കളങ്കതയും (Transparency) സത്യത്തെ കൗശലം കൂടാതെ അംഗീകരിക്കാനുള്ള ത്രാണിയുമാണ് (Receiving the truth without worldly tricks). അധികാരം, അഹങ്കാരം, മത്സരബുദ്ധി, പ്രശസ്തി, പദവി, സമ്പത്ത് തുടങ്ങിയ ലോകതത്വങ്ങളുടെ 'കളികൾ' കുട്ടികൾക്ക് അറിയില്ല. അതുകൊണ്ടാണ് അവർ ദൈവരാജ്യ അവകാശികളാകുന്നത്. അവരുടെ വിനയം, ആശ്രയത്വം എന്നീ ഗുണങ്ങളെ ക്രിസ്തു മൂല്യമുള്ളതായി കാണുന്നു. ക്രിസ്തുവിന്റെ ദൈവരാജ്യ വിശദീകരണ യോഗത്തിൽ കുട്ടികൾ കേന്ദ്രമാകുന്നു (Centre of the Kingdom and Centre of the Kingdom Discourse). ദൈവരാജ്യ മൂല്യങ്ങൾ മുതിർന്നവർക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ ക്രിസ്തു കുട്ടികളെ അടയാളവും കാരണവുമാക്കുന്നു (Symbol & Cause for changing the wrong conceptions).

യേശുക്രിസ്തു ദൈവരാജ്യത്തിൽ നിർണ്ണായകമായ സ്ഥാനത്ത് നിർത്തിയിരിക്കുന്ന കുട്ടികൾക്ക് ഇന്ന് സഭകൾ നല്കുന്ന സ്ഥാനവും അവകാശങ്ങളും വിലയിരുത്തപ്പെടേണ്ടതുണ്ട്. കുട്ടികളുടെ അറിവുകളും, അനുഭവങ്ങളും, അഭിപ്രായങ്ങളും സഭാവേദികളിൽ ഉൾപ്പെടെ നിരാകരിക്കപ്പെടുകയും, പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്യപ്പെടുന്നു. കുട്ടികളെയും അവർക്കുള്ളതിനെയും (That which they own) 'ജീസസ് കമ്മ്യൂണിറ്റി' എന്ന സഭയുടെ നടുത്തളത്തിലേക്ക് കൊണ്ടുവരേണ്ട ചുമതല ഏവർക്കുമുണ്ട്. അത് ക്രിസ്തുവിന്റെ ആഗ്രഹമാണ്. ക്രിസ്തു കുട്ടികളെ ആദരവോട് സ്വീകരിച്ചതുവഴി ഓശാന നാളിൽ കുട്ടികൾ ആഹ്ലാദത്തോടെയാണ് അദ്ദേഹത്തെ സ്വീകരിച്ചത്. പുതുതലമുറകൾ ക്രിസ്തു വിശ്വാസവും സഭാജീവിതരീതിയും ആഹ്ലാദപൂർവ്വം സ്വീകരിക്കണമെങ്കിൽ അവരെ ആദരപൂർവ്വം (Valuing their personality) സ്വീകരിക്കുന്ന സഭാതലങ്ങൾ രൂപപ്പെടണം. സഭ Children's Friendly ആകണം.

അവർക്കു നിങ്ങൾ ഇടർച്ച വരുത്തരുത്

കുട്ടികൾക്ക് ഇടർച്ച വരുത്തരുതെന്ന് അല്പം രോഷം നിറഞ്ഞൊരു സ്വരത്തിലാണ് ക്രിസ്തു നിർദ്ദേശം നല്കുന്നത്. ഇടർച്ച വരുത്തുന്നവന് ഇടർച്ച വരുത്തുന്നതിലും ഭേദം അവൻ കടലിൽ എറിയപ്പെടുന്നതാണെന്ന് സുവിശേഷകർ രേഖപ്പെടുത്തുന്നു. കുട്ടികളുടെ അവകാശങ്ങൾക്കുവേണ്ടി ശക്തിയുക്തം വാദിക്കുന്ന ക്രിസ്തുവിനെയാണ് ഇവിടെ കാണുന്നത്. കുട്ടികളുടെ യുക്തമായ വളർച്ചയ്ക്ക് ഇടർച്ചയാകുന്ന ആധുനിക പൊതു സംസ്കാരത്തെ (Common Culture) വിമർശന വിധേയമായി തിരുത്തേണ്ടത് സഭകളുടെ കൂട്ടായ ദൗത്യമാണ്. കുട്ടികളുടെ അന്തസ്സിനെ മുറിവേല്പിക്കുന്ന ശൈലികൾ ആവിഷ്ക്കരിക്കുന്ന സാമൂഹ്യഘടനകൾ തിരുത്തപ്പെടേണ്ടതുണ്ട്

(Social Structure which diminishes the dignity of Children).

കുട്ടികൾ 'ഇൻക്ലൂസീവാണ്'

ദൈവസ്വരൂപത്തിലും, സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള നിഷ്ക്കളങ്കതയുടെ ഭൗമിക തലത്തെ പൂർണ്ണമായും വെളിപ്പെടുത്തുന്ന കുട്ടികൾ കാല-ദേശ-മത-സംസ്കാര വ്യത്യാസമില്ലാതെ ഏവരും ഒരേ 'Category' ആണ്. അതുകൊണ്ട് കുട്ടികളുടെ അവകാശങ്ങൾ ഏതു രാജ്യത്തോ, ഏതു മതത്തിലോ, ഏതു സ്ഥാപനങ്ങളിലോ നിഷേധിക്കപ്പെട്ടാലും അവിടെയൊക്കെ ഇടപെടേണ്ട ഉത്തരവാദിത്വമാണ് സഭകൾ ഏറ്റെടുക്കേണ്ടത്. ഏതു സാഹചര്യത്തിലും ഏതു വിധേനയും പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്ന (Marginalised) കുട്ടികളെ മുഖ്യധാരയിലേക്ക് (Mainstream) കൊണ്ടുവരേണ്ടത് സഭകളുടെ സാമൂഹ്യ ധർമ്മമാണ്; 'Theological Praxis' ന്റെ അഭിവാജ്യ കർമ്മമാണ്.

'അദൃശ്യരായ' കുട്ടികൾ

"Invisible Children" എന്ന പദശൈലി കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ ഉപയോഗിക്കാറുണ്ട്. പലതിലും കുട്ടികൾ 'അദൃശ്യരാണ്'. പാർലമെന്റിൽ നിയമനിർമ്മാണം നടത്തുമ്പോൾ ആ നിയമങ്ങൾ കുട്ടികളെ എങ്ങനെ ബാധിക്കുന്നു എന്ന് വിലയിരുത്താതെ വരുമ്പോൾ നിയമനിർമ്മാണത്തിൽ കുട്ടികൾ അദൃശ്യരാണ്. ടി.വി. ചാലനുകൾ പ്രോഗ്രാം സംപ്രേക്ഷണം ചെയ്യുമ്പോൾ കുടുംബ സദസ്സിൽ കുട്ടികളുണ്ടെന്നുപോലും ആലോചിക്കാതെയുള്ള 'മുതിർന്നവരുടെ' ആകുമ്പോൾ മാധ്യമ സംവേദനത്തിൽ കുട്ടികൾ അദൃശ്യരാണ്. കുട്ടിയുടെ മാനസികാവസ്ഥയും ഭവനാന്തരീക്ഷവും മനസ്സിലാക്കാതെ അദ്ധ്യാപകർ കുട്ടിയെ ശകാരിക്കുമ്പോൾ അദ്ദേഹം 'കുട്ടിയെ' കാണുന്നില്ല. വൈദികൻ വേദപുസ്തകം പള്ളിക്കുള്ളിൽ വ്യാഖ്യാനിച്ചു കൊടുക്കുമ്പോൾ (Breaking the Word) കുട്ടികൾക്ക് നല്കപ്പെടുന്നില്ലെങ്കിൽ (അവർ പ്രസംഗപീഠത്തിന്റെ അരികിലാണ് ഇരിക്കുന്നതെങ്കിലും) പള്ളിയിലും അവർ 'അദൃശ്യരാണ്'. അബോർഷന് വിധേയരാകുന്ന കുട്ടികൾ (Aborted Children), കാണാതാകുന്ന കുട്ടികൾ (Kidnapped Children), ഇവരൊക്കെ ശാരീരികമായി തന്നെ അദൃശ്യരാകുന്നു. ശാരീരികമായി, വൈകാരികമായി, ബൗദ്ധികമായി, സാമൂഹ്യമായി കുട്ടികൾ 'അദൃശ്യരാകുന്നിടത്ത്' ക്രിസ്തു വെളിച്ചം ഉപയോഗിച്ച് അവരെ 'ദൃശ്യരാക്കേണ്ടത്' സഭകളുടെ കുട്ടുത്തരവാദിത്വമാണ്.

കൊൽക്കത്ത ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസിന്റെ പേരിൽ ഭിലായിൽ റോഡ്. കാലിബാടി മുതൽ മിഷൻ സെന്റർ വരെയുള്ള റോഡിനാണ് ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് മാർഗ് എന്ന് പേരിട്ടത്. മേയർ നിർമ്മല ദാസ് യാദവ് ചടങ്ങ് നിർവ്വഹിച്ചു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് അധ്യക്ഷത വഹിച്ചു.

കുട്ടികൾ 'അപായ മുനമ്പിൽ'

ഭൂരിഭാഗം കുട്ടികളും 'അപായ മുനമ്പിൽ' ആണെന്നാണ് UN ന്റെ പ്രഖ്യാപനം. 'Children At Risk (CAR)' എന്ന പദപ്രയോഗമാണ് അന്താരാഷ്ട്ര തലത്തിൽ ഇതിനായി ഉപയോഗിക്കുന്നത്. ദാരിദ്ര്യത്തിലും (Poverty) സമൃദ്ധിയിലുമുള്ള (Prosperity) കുട്ടികൾ ഒരേപോലെ റിസ്കിലാണെന്നാണ് കണ്ടെത്തൽ. ഇൻഡ്യൻ പശ്ചാത്തലത്തിൽ ബാലവേലയിൽ ഉൾപ്പെട്ടവർ, ഭിക്ഷാടനം ചെയ്യുന്ന കുട്ടികൾ, തെരുവു കുട്ടികൾ, ശൈശവ വിവാഹത്തിന് നിർബന്ധിതരായവർ, ശാരീരിക പീഢനം ഏല്ക്കുന്ന കുട്ടികൾ, ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെട്ടവർ, ജുവനൈൽ ഹോമിലെ കുട്ടികൾ, അനാഥ കുട്ടികൾ, HIV ബാധിതർ, മീഡിയ അഡിക്ഷനിൽ പെട്ടുപോയ കുട്ടികൾ, വിവാഹമോചനം നേടിയ ദമ്പതികളുടെ കുട്ടികൾ, യുദ്ധക്കെടുതി അനുഭവിക്കുന്ന കുട്ടികൾ, പോഷകാഹാര കുറവ് അനുഭവിക്കുന്ന കുട്ടികൾ, ഭീകരവാദികളുടെ ഗ്രൂപ്പിൽ പെട്ടുപോയ കുട്ടികൾ, ഇവരൊക്കെ 'at risk' കാറ്റഗറിയിലാണ്.

ഉപസംഹാരം

ഈ പശ്ചാത്തലത്തിലാണ് ക്രൈസ്തവ സഭകൾ കുട്ടികളുടെ അവകാശ-അന്തസ്സിന് വേണ്ടിയുള്ള പോരാട്ട 'റിസ്ക്' ഏറ്റെടുക്കേണ്ടത്. ദേശത്തെ കുട്ടികളുടെ പ്രശ്നങ്ങൾ സഭാ മുമ്പിൽ വരുമ്പോൾ കുട്ടിയുടെ 'രണ്ടാം പേര്' നോക്കി തരം തിരിച്ചെടുക്കാൻ ശ്രമിക്കാതെ വർഗ്ഗ-വർണ-മത വ്യത്യാസമില്ലാതെ ഉൾക്കൊള്ളലിന്റെ മെഥഡോളജി നടപ്പിലാക്കാൻ കഴിയണം. സ്വന്തം സഭയുടെ ചെറു അവകാശങ്ങൾക്ക് വേണ്ടിപ്പോലും ഉഗ്രമായി വാദിക്കുകയും, അധികാര ശ്രേണിയിൽ ഇടപെടുകയും ചെയ്യുന്ന അതേ തീവ്രത കുട്ടികളുടെ അവകാശ കാര്യത്തിലും മനുഷ്യരാശിയെ മൊത്തം ബാധിക്കുന്ന മറ്റു പ്രശ്നങ്ങളിലും ഇടപെടാൻ പ്രേരിപ്പിക്കുന്നുണ്ടോ എന്ന് ക്രിസ്തുദർശന പ്രതിബിംബത്തിൽ ശോധന ചെയ്യണം. രാഷ്ട്രത്തിന്റെയും സംസ്ഥാനങ്ങളുടെയും വികസന നയങ്ങൾ മൂലം ബഹിഷ്കൃതരാകുന്ന കുടുംബത്തിലെ കുട്ടികളെ കാണുവാൻ സഭകൾ കണ്ണു തുറക്കണം. നഗരവൽക്കരണം മൂലം തെരുവിലേക്ക് വിലിച്ചിഴയ്ക്കപ്പെടുന്ന ബാല്യത്തെ വീണ്ടെടുക്കുവാനുള്ള 'രക്ഷാപദ്ധതിക്കായി' സർക്കാരുകളെ പ്രേരിപ്പിക്കുവാൻ സഭാനേതൃത്വത്തിന് കാഴ്ചപ്പാടുണ്ടാകണം. വീട്ടിലും, വിദ്യാലയത്തിലും, വിശ്വാസ സമൂഹത്തിലും, വികസന പദ്ധതികളിലും കുട്ടികളുടെ മനസ്സുകൾ വേദനിക്കുന്നുണ്ടോ എന്ന് സഭകൾ വിശദമായി വിശകലനം ചെയ്യണം. കുട്ടികളുടെ അവകാശങ്ങൾക്കും നീതിക്കും വേണ്ടിയുള്ള ക്രിസ്തുവിന്റെ 'നിൽപ്പ്' സഭകളുടെ നിൽപ്പ് സമരമായി രൂപപ്പെടണം.

(കേരളാ സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റ് ചെയർപേഴ്സനാണ് ഫാ. യുഹാനോൻ ജോൺ മൈലപ്ര)

■

ആത്മഹത്യാ പ്രതിരോധത്തിനു വേണ്ടത് സാന്ത്വനം

വിപാസന ഇമോഷനൽ സപ്പോർട്ടിന്റെ ആഭിമുഖ്യത്തിൽ നടന്ന ലോക ആത്മഹത്യാ പ്രതിരോധ ദിനാചരണം പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു

കോട്ടയം: ആത്മഹത്യ പാപമാണെന്ന് ഒരു കാലത്തു മതമേലദ്ധ്യക്ഷന്മാർ പറഞ്ഞിരുന്നതെങ്കിൽ ഇപ്പോൾ അതൊരു രോഗമാണെന്നു മാറിച്ചിന്തിക്കുന്നതായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ. മലങ്കര ഓർത്തഡോക്സ് സഭയുടെ കീഴിലുള്ള വിപാസന ഇമോഷനൽ സപ്പോർട്ടിന്റെ ആഭിമുഖ്യത്തിൽ നടന്ന ലോക ആത്മഹത്യാ പ്രതിരോധ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു പ. ബാവാ.

ആത്മഹത്യാ ശ്രമത്തിനു ശരിയായ ചകിൽസയാണു വേണ്ടത്. ശരീരത്തിനു രോഗം വരുമ്പോൾ ചികിത്സിക്കുന്നതു പോലെ മനസ്സിനു രോഗം വരുമ്പോഴും ചികിൽസയാണ് ആവശ്യം. ഓരോ വർഷവും ആത്മഹത്യയിലൂടെ സംസ്ഥാനത്തു 10,000 ജീവനുകൾ നഷ്ടപ്പെടുന്നു എന്നത് അതീവ ഗൗരവമായി കാണേണ്ടതാണ്. ആത്മഹത്യാ പ്രതിരോധ നടപടികൾക്കു സമൂഹം ഉണർന്നു പ്രവർത്തിക്കണം.

ക്രിക്കറ്റ് ജീവിതത്തിൽ നേരിട്ട പ്രതിസന്ധി ഘട്ടത്തിൽ ഈ ജീവിതം എന്തിനാണെന്നു തോന്നിയിട്ടുണ്ടെന്ന് ആത്മഹത്യാ പ്രതിരോധദിന സന്ദേശം നൽകിയ ക്രിക്കറ്റ് താരം എസ്. ശ്രീശാന്ത് പറഞ്ഞു.

ജീവിതം അവസാനിപ്പിക്കണം എന്നു തോന്നിപ്പോകുന്ന ഘട്ടത്തിൽ തന്റെ തോളത്തുപിടിച്ച് ആശ്വസിപ്പിച്ച കുടുംബവും ബന്ധുക്കളുമാണ് തന്റെ ശക്തി ഓരോ നിമിഷവും ഹൃദയം തുടിക്കുന്നു എന്നത് ഏറ്റവും വലിയ അത്ഭുതവും ദൈവിക അനുഭവവുമായി കണ്ടാൽ ഏതു പ്രതിസന്ധിയെയും അതിജീവിക്കാനാകുമെന്നു ശ്രീശാന്ത് പറഞ്ഞു.

ഡോ. തോമസ് മാർ അത്താനാസിയോസ് അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ മുഖ്യപ്രഭാഷണം നടത്തി. ബസേലിയോസ് കോളജ് പ്രിൻസിപ്പൽ പ്രൊഫ. അലക്സാണ്ടർ വി. ജോർജ്, വിപാസന ഡയറക്ടർ ഡോ. സിബി തരകൻ, മാനവ ശാക്തീകരണ വിഭാഗം ഡപ്യൂട്ടി സെക്രട്ടറി ഫാ. പി.എ. ഫിലിപ്പ്, എം.ജി.ഒ.സി.എസ്.എം. ജനറൽ സെക്രട്ടറി ഫാ. ഫിലൻ മാത്യു, ഓർത്തഡോക്സ് മെഡിക്കൽ ഫോറം ജനറൽ സെക്രട്ടറി ഡോ. വർഗീസ് പുന്നൂസ്, പ്രൊഫ. ശരത് പി. നാഥ് എന്നിവർ പ്രസംഗിച്ചു.

വിപാസന സന്നദ്ധ പ്രവർത്തകർ തയ്യാറാക്കിയ 'റിസോഴ്സ് ബുക്ക് ഫോർ ട്രെയിനിങ് പ്രോഗ്രാം' എന്ന പുസ്തകത്തിന്റെ പ്രകാശനം കാതോലിക്കാ ബാവാ, ശ്രീശാന്തിനു നൽകി നിർവഹിച്ചു. ■

മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളജ്

പീരുമേട്: മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളജിന് അംഗീകാരം. കമ്മീഷ്ണർ ഓഫ് എൻട്രൻസ് എക്സാം നൽകുന്ന ഡേറ്റയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 119 എൻജിനീയറിംഗ് കോളജുകളിൽ പീരുമേട് മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളജ് 25-ാം സ്ഥാനം കരസ്ഥമാക്കി.

ഡോ. വർഗ്ഗീസ് പോൾ (റിസേർച്ച് കോ-ഓർഡിനേറ്റർ കുസാറ്റ്, കൊച്ചി) നടത്തിയ പഠനത്തിലാണ് ഇത്.

സംസ്ഥാന അവാർഡ്

വിമ്മി മറിയം ജോർജ്

2014-ലെ മികച്ച ഡബിംഗ് ആർട്ടിസ്റ്റിനുള്ള സംസ്ഥാന അവാർഡ് ഉൾപ്പെടെ നേട്ടങ്ങളുടെ പട്ടികയിൽ കുതിച്ചുയരുകയാണ് വിമ്മി മറിയം ജോർജ്. ഡബിംഗിൽ 130- ചിത്രങ്ങൾ പൂർത്തീകരിച്ചു. ആറ്റുമാലിക്കൽ ജോർജ് സഖറിയയുടെയും ആനി ജോർജിന്റെയും മകളാണ് വിമ്മി. തേവരവേലിൽ ജോർജ് ചാണ്ടിയാണ് വിമ്മിയുടെ ഭർത്താവ്. മാളവിക എലിസബത്ത് ചാണ്ടി മകൾ.

മികച്ച ഗായിക കൂടിയായ വിമ്മി നേട്ടങ്ങൾക്കെല്ലാം നന്ദി പറയുന്നത് ദൈവത്തിനോട്. ചെറുപ്പം മുതൽ സണ്ടേസ്കൂൾ, എം.ജി.ഒ.സി.എസ്.എം തുടങ്ങിയ സംഘടനകളിൽ നേടിയ സമ്മാനങ്ങൾ വിമ്മിക്ക് ഈ വഴിയിൽ പ്രചോദനമായിട്ടുണ്ട്. ■

വായിക്കുക.... പ്രചരിപ്പിക്കുക....

മലങ്കരസഭ മാസിക

Back Page (Colour)	: 25,000
Front Inside (Colour)	: 20,000
Back Inside (Colour)	: 20,000
Inner Page (Colour)	
Full (Colour)	: 15,000
Half (Colour)	: 8,000
Quarter (Colour)	: 5,000
Minimum (Col.) 9x4 c.m.	: 2,500
Favours Block (Stamp)	: 1500
Matrimonial	: 1000



വരഗുണഗണനിധി വാഴുക നെടുനാൾ...

ആവേശത്തിര ഉയർത്തുന്ന രണ്ടാംവരവ്

■ ഡോ. എം. കുര്യൻ തോമസ്

മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമായത് 1912-ൽ ആണങ്കിലും അതിന് തനതായ ഒരു വ്യക്തിത്വം നിർദ്ധാരണം ചെയ്യാൻ ആരംഭിച്ചത് 1925-ൽ മാത്രമാണ്. ആ വർഷം സ്ഥാനാരോഹണം ചെയ്ത രണ്ടാം കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കേറ്റിനു സ്ഥാനചിഹ്നങ്ങൾ രൂപപ്പെടു ത്താൻ ആരംഭിച്ചു. അംശവടി, സ്ഥാന വസ്ത്രങ്ങൾ, ചുവന്നമുദ്ര... അങ്ങിനെ പലതും അദ്ദേഹം രൂപ കല്പനചെയ്ത് ഉപയോഗിച്ചു തുടങ്ങി. 1928-ൽ അദ്ദേഹം അപ്രതീക്ഷിതമായി കാലം ചെയ്തില്ലായിരുന്നെങ്കിൽ ഈ രംഗത്ത് വളരെയധികം മുന്നേറ്റം ഉണ്ടാകുമായിരുന്നു.

അതേ കാലത്തുതന്നെയാണ് കാതോലിക്കാ മംഗളഗാനവും അര ങ്ങേറുന്നത്. പൗരസ്ത്യ കാതോലിക്കാ പങ്കെടുക്കുന്ന പൊതുചടങ്ങുകളിൽ അദ്ദേഹത്തിനു ആശംസകൾ അർപ്പിച്ചുകൊണ്ട് ഒരു ഗീതം/ശ്ലോകം ആലപിക്കുക എന്ന പതിവ് നിലവിൽ വന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയന്റെ കാലത്തും ഈ പതിവ് തുടർന്നു. പക്ഷേ അതിന് ഏകീകൃത സ്വഭാവമൊന്നും ഉണ്ടായിരുന്നില്ല. അത് സുറിയാനി രാഗത്തിലോ മലയാള വൃത്തത്തിലോ ആകാം. സ്ഥലത്തെ ദേശത്തുപട്ടക്കാരോ, മലയാളം വാദ്ധ്യാന്മാരോ ആവും മിക്കവാറും അവയുടെ കർത്താക്കൾ. ഒന്ന്, പരമാവധി രണ്ട് ചടങ്ങുകളായിരുന്നു അവയുടെ ആയുസ്.

ഇതിനിടെ പൊതുവായ ഒരു കാതോലിക്കാ മംഗളഗാനം എന്ന ആശയം ഉരുത്തിരിഞ്ഞുവന്നു. പാത്താമുട്ടം എം. സി. കുറിയാക്കോസ് റമ്പാനായിരുന്നു അതിന്റെ ഉപജ്ഞാതാവ്. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരവും സഹായത്തോടെയും സഭാകവി സി. പി. ചാണ്ടി - അന്ന് വെണ്ണിക്കുളം സി. പി.ചാണ്ടി-, *കാതോലിക്കാ സിംഹാസന വേദി...* എന്നരംഭിക്കുന്ന *കാതോലിക്കാ മംഗളപത്രഗാനം* ചിട്ടപ്പെടുത്തി. *തുരദ് സീനായ് ... - സീനായ് ഗിരിനിൻ...* - എന്ന സുറിയാനി രാഗത്തിൽ രചിച്ച ഈ ഗാനം, ആ വർഷത്തെ കാതോലിക്കാ ദിനത്തിനു ഉപയോഗിക്കാനായി. 1128 കുംഭം (1948 ഫെബ്രുവരി) ലക്കം *മലങ്കരസഭാ മാസികയിൽ* പ്രസിദ്ധപ്പെടുത്തി.

പക്ഷേ *കാതോലിക്കാ സിംഹാസനവേദി...* പ്രശസ്തമാകുന്നത് 1951-52 കാലഘട്ടത്തിലാണ്. സമുദായക്കേസിലെ ഹൈക്കോടതി വിധിയേത്തുടർന്ന് കൽക്കട്ടയിൽ നിന്നും മടങ്ങിയെത്തിയ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയന് 1951 ഡിസംബർ 31-ന് കൊട്ടാരക്കര മുതൽ നിൽകിയ ഗംഭീര സ്വീകരണത്തിന്റെ പരിസമാ പ്തിയായി കോട്ടയത്തു നടന്ന മഹാസമ്മേളനത്തിൽ ഇത് ആലപിച്ചു. പിറ്റെ വർഷത്തെ കല്ലൂപ്പാറ കൺവൻഷനോടനു ബന്ധിച്ച് എം. സി. കുറിയാക്കോസ് റമ്പാൻ പ്രസിദ്ധീകരിച്ച *പ്രസംഗയോഗമിത്രം* എന്ന കൃതിയിലും ഈ മംഗളഗാനം ഇടംപിടിച്ചു. ഈ സംഭവങ്ങളും, 1950-കളിലെ കലുഷിതമായ സഭാന്തരീക്ഷവും *കാതോലിക്കാ സിംഹാസന വേദി*-യെ ഓരോ നസ്രാണി

നാവുകളിലും തത്തിക്കളിക്കുന്ന ഒന്നാക്കി മാറ്റി. അതിന്റെ ചിരപരിചിതമായ ഈണം ഈ പ്രചാരത്തിന് ചെറുതല്ലാത്ത ഒരു ഘടകമായിരുന്നു.

1964-ൽ കാതോലിക്കയായി പ. ബസേലിയോസ് ഔഗേൻ പ്രഥമൻ സ്ഥാനാരോഹണം ചെയ്തു. അദ്ദേഹത്തിനായും സഭാകവി സി. പി. ചാണ്ടി ഒരു കാതോലിക്കാ മംഗളഗാനം രചിച്ചു. *ഏനോനോ നുഹ്റോ ... -അഗ്ന്യാത്മീയന്മാരീറേരും...-* എന്ന സുറിയാനി രാഗത്തിൽ ക്രമപ്പെടുത്തിയ ആ മംഗളഗാനം പക്ഷേ പൊതുസമ്മതി നേടിയില്ല. അതിന്റെ ഉപയോഗവും പരിമിതമായിരുന്നു. അന്നും *കാതോലിക്കാ സിംഹാസന വേദി...* ആയിരുന്നു നസ്രാണിക്കു പത്ഥ്യം.

പക്ഷേ ദേശ/സമൂഹഭക്തി ജനിപ്പിക്കുന്ന ഒരു *ആന്തം* (Anthem) എന്ന നിലയിൽ ഇവയ്ക്കു രണ്ടിനും പരിമിതികളുണ്ടായിരുന്നു. ഒന്നാമത്,

ജനപ്രിയമായ വരഗുണഗണ നിധി... യുടെ നിയമപ്രശ്നം മറികടക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങളുണ്ടോ എന്നു പരിചിന്തനം ചെയ്യാതെ തിടുക്കത്തിൽ എടുത്ത ഒരു തീരുമാനമായിരുന്നു അതിനു പകരം മാർ ത്തോമ്മാ സിംഹാസനത്തിൽ...

അവയുടെ ദൈർഘ്യം. രണ്ടാമത്, അതത് കാതോലിക്കാ മാരെപ്പറ്റിയുള്ള വ്യക്തിപരമായ വർണ്ണന. *കാതോലിക്കാ സിംഹാസന വേദി...*യിൽ ഗീവർഗീസ് ദ്വിതീയന്റെ ശബ്ദഗാംഭീര്യം, ആകാരസൗഷ്ട്യം മുതലായവ *സീനായ് മേഘ ഗംഭീരമുഴക്കം..., ഓഫീർ തങ്ക മനോഹരനെ...* എന്നിത്യാദിയും, പിന്നീട് *കർത്താവിൻ തിരുവവതാര ത്താൽ, പുണ്യം പെറ്റ പലസ്തീനിൽ, പലവട്ടം നിവസിക്കാൻ ഭാഗ്യം, കിട്ടിയ വന്ദ്യ മഹാചാര്യാ...* എന്നിങ്ങനെ ഔഗേൻ പ്രഥമന്റെ മദ്ധ്യപൗരസ്ത്യ ദേശത്തെ വാസത്തേപ്പറ്റിയും വിവരിച്ചിരുന്നു. ഇത് ഓരോ കാതോലി ക്കായുടേയും കാലത്ത് പുതിയ ഗാനങ്ങൾ രചിക്കുക എന്നത് അനി വാര്യമാക്കി. മംഗളഗാനത്തിന്റെ തുടർച്ച (Continuity) നഷ്ടപ്പെടും എന്നതാണ് ഇതിന്റെ ന്യൂനവശം.

1975-ൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ സിംഹാസനാരൂഢനായി. മുൻ കാതോലിക്കാ മംഗളഗാനങ്ങളുടെ പരിമിതികളെപ്പറ്റി ബോദ്ധ്യമുണ്ടായിരുന്ന അദ്ദേഹം, വ്യക്തിവർണ്ണനകൾ ഒഴിവാക്കി കരുത്തുറ്റതും സാർവജനീനവുമായ ഒരു കാതോലിക്കാ മംഗളഗാനം ചിട്ടപ്പെടുത്താൻ സഭാകവി സി. പി. ചാണ്ടിക്ക് നിർദ്ദേശം നൽകി. തന്നോടൊപ്പം ചേർന്ന് ഏതാണ്ട് എല്ലാ കൂദാശാക്രമങ്ങളും സുന്ദരമായി മലയാളത്തിൽ രൂപപ്പെടുത്തിയ കവിയും ഭാഷാപ്രവീണനുമായ സി. പി. ചാണ്ടിക്ക് അത് സാധിക്കുമെന്ന് മാത്യൂസ് പ്രഥമന് ഉത്തമ ബോദ്ധ്യമുണ്ടായിരുന്നു. 1976-ൽ സി. പി. ചാണ്ടി *വരഗുണഗണനിധി...* എന്നാരംഭിക്കുന്ന കാതോലിക്കാ മംഗളഗാനം മാത്യൂസ് പ്രഥമന് സമർപ്പിച്ചു.

ഇന്ത്യൻ ദേശീയഗാനമായ *ജനഗണമന...*യുടെ ഈണത്തിലുള്ള ഹ്യസ്വമായ *വരഗുണഗണനിധി...*യുടെ ശക്തിയും സൗന്ദര്യവും പ്രായോഗികതയും ബോദ്ധ്യപ്പെട്ട മാത്യൂസ് പ്രഥമൻ ഉടനടി അത് ഔദ്യോഗികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അങ്ങിനെ 1977-ലെ കാതോലിക്കാദിന കൈപ്പുസ്തകത്തിൽ കാതോലിക്കാ മംഗളഗാനമായി *വരഗുണഗണനിധി...* ഇടംപിടിച്ചു. മാത്യൂസ് പ്രഥമന്റെ കണക്കുകൂട്ടൽ തെറ്റിയില്ല. ചുരുങ്ങിയ കാലംകൊണ്ട് ഇത് ജനകീയമായി. ചുരുങ്ങിയ കാലത്തിനുള്ളിൽ കാതോലിക്കേറ്റ് പതാക ഉയർത്തുമ്പോൾ മാത്രമല്ല, സഭയുടെ എല്ലാ പൊതു ചടങ്ങുകൾക്കും *വരഗുണഗണ നിധി...*യുടെ ആലാപനം അനിവാര്യ മായ ഒരു ചടങ്ങായി മാറി.

അടുത്ത ഒരു വ്യാഴവട്ടക്കാലം പൗരസ്ത്യ കാതോലിക്കേറ്റിന്റെ ജനകീയ മുഖമായിരുന്നു *വരഗുണഗണനിധി...*യുടെ ആലാപനം. 1988-ൽ ഇതിനെതിരെ ഒരു നിയമപ്രശ്നം ഉയർന്നുവന്നു. The Prevention of Insults to National Honour Act (*ദേശിയമുദ്രകളെ അപമാനിക്കുന്നതിനെതിരെയുള്ള നിയമം*) എന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ദേശീയ ഗാനത്തിന്റെ ഈണം പകർത്തുന്ന *വരഗുണഗണനിധി...* ആലപിക്കുന്നത് ശിക്ഷാർഹ മാണന്നാ

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 5-ാം സ്ഥാനാരോഹണ വാർഷികം: 2015 നവംബർ ഒന്നിന്

യിരുന്നു ആ വാദം. അതോടെ മറ്റുവഴികൾ തേടാൻ മലങ്കരസഭ നിർബന്ധിതമായി. തുടർന്ന് 1989 മുതൽ *മാർത്തോമ്മാ സിംഹാസനത്തിൽ...* എന്ന ഗീതം കാതോലിക്കാദിന കൈപ്പുസ്തകത്തിൽ ഇടംപിടിച്ചു.

ജനപ്രിയമായ *വരഗുണഗണ നിധി...*യുടെ നിയമപ്രശ്നം മറികടക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങളുണ്ടോ എന്നു പരിചിന്തനം ചെയ്യാതെ തിടുക്കത്തിൽ എടുത്ത ഒരു തീരുമാനമായിരുന്നു അതിനു പകരം *മാർത്തോമ്മാ സിംഹാസനത്തിൽ...* പ്രതിഷ്ഠിച്ചത്. ഒരു *ഒ.വി.ബി.എസ് ഗാനം* മാത്രമായി പ്രശസ്ത ഭക്തി

In Ever loving Memory of

MARIAMMA MATHEN
3rd Anniversary, 03-11-2015

GEEVAGHESE MATHEN
7th Anniversary, 17-10-2015



Gone but never forgotten
will meet in the heavenly abode

Children, Grand Children & Great Grand Child
Chakkalayil House, Kizhakkumbhagom, Niranam

16th Death Anniversary
27-10-2015

17.8.1912

27.10.1999

ALEYAMMA MATHEW

VADAKKE VEEDU
ERUVA, KAYAMKULAM

“നിന്റെ മഹത്വമുദിക്കും നാൾ
നില്ക്കണമിവൾ വലഭാഗത്തിൽ”

പാവന സ്മരണയ്ക്ക്

എ.കെ. കോശി
15-10-1992

ശോശാമ്മ കോശി
28-8-1980

അമ്പിയിൽ, പറക്കോട്

അമ്പിയിൽ കുടുംബാംഗങ്ങൾ

ഗാന രചയിതാവും സംഗീത ജ്ഞനുമായിരുന്ന ഏബ്രഹാം പടിഞ്ഞാറെത്തലയ്ക്കൽ എഴുതി ചിട്ടപ്പെടുത്തിയ ഒരു മനോഹര ഗാനമാണ് *മാർത്തോമ്മാ സിംഹാസനത്തിൽ...* . പക്ഷേ *കാതോ ലിക്കേറ്റ് ആന്തം* എന്ന നിലയിൽ അതിന് അനേകം പരിമിതികളുണ്ടാ യിരുന്നു. ഒന്നാമത്, അതിന്റെ ദൈർഘ്യം തന്നെ. രണ്ടാമതായി ഏതു ജനക്കൂട്ടത്തിനും സമൂഹത്തിനും ഹൃദ്യസ്ഥമാക്കാനും ഈണം തെറ്റാതെ ആലപിക്കാനും സാധിക്കുക എന്ന *ആന്ത*ത്തിന്റെ അടിസ്ഥാന യോഗ്യത ഇതിനില്ല. സുശിക്ഷിതമായ ഒരു ഗായകസംഘത്തിനുമാത്രമാണ് *മാർത്തോമ്മാ സിംഹാസനത്തിൽ...* ശരിയാംവണ്ണം ആലപിക്കാൻ സാധിക്കുക എന്നതു വ്യക്തമാണ്. ചുരുക്കത്തിൽ പുതിയ ഗാനത്തിന്റെ ആലാപനക്ലിഷ്ടതമൂലം ഇതു പ്രചാരം നേടിയില്ലന്നു മാത്രമല്ല, അതോടെ സഭാചടങ്ങുകളിൽനിന്നും കാതോലിക്കാ മംഗളഗാനം ആലപിക്കുന്ന പതിവുതന്നെ അപ്രത്യക്ഷമായി. അപ്പോഴും *വരഗുണഗണനിധി...* ആലപിച്ചിരുന്ന സുവർണ്ണ കാലത്തിന്റെ സ്മരണകൾ പേറുന്ന അനേകരുണ്ടായിരുന്നു.

2015 സെപ്റ്റംബർ 14-ന് കാൽ നൂറ്റാണ്ടു മുമ്പ് തമസ്ക്കരിക്കപ്പെട്ട *വരഗുണഗണനിധി...* എന്ന *കാതോലിക്കേറ്റ് ആന്തം* പുൻജ്ജനിച്ചു. ഡൽഹിയിൽ ജനിച്ച് ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സാംതോമസ് എന്ന യുവ സംഗീത സംവിധായകനും ഏതാനും ചെറുപ്പക്കാരും ചേർന്നാണ് ഒരു കാലഘട്ടത്തിന്റെ ശബ്ദമായിരുന്ന *വരഗുണഗണനിധി വാഴുക* പുനർജീവിപ്പിച്ചത്. നിയമതടസ മില്ലത്തതും ഗതകാലസ്മരണകൾ ഉണർത്തുന്ന തുമായ പുതിയ ഈണത്തിൽ ചിട്ടപ്പെടുത്തി ആലപിച്ച വീഡിയോ അന്ന് സൈബർ മീഡിയായിൽ അവർ അവതരിപ്പിച്ചു.

സ്ലീബാ പെരുന്നാൾ ആയ സെപ്റ്റംബർ 14 പോലെ അനുയോജ്യമായ മറ്റൊരു ദിവസവും *കാതോലിക്കേറ്റ് ആന്ത*ത്തിന്റെ പുനർജനനത്തിന് ഇല്ല എന്നതാണ് വാസ്തവം. കാരണം വി. കുരിശും നസ്രാണി സ്വാതന്ത്ര്യവും അത്ര ഗാഢബന്ധിതമാണ്. മലങ്കര നസ്രാണി കളുടെ അധിനിവേശവിരുദ്ധ പോരാട്ടത്തിന്റെ നാരായവേര് സ്ഥിതിചെയ്യുന്നത് 1653-ലെ *കൂനൻകുരിശു സത്യ*ത്തിലാണ്. പ്രതികൂല സാഹചര്യങ്ങളിൽ മലങ്കര സഭാദ്ധ്യക്ഷന്മാർ അഭയം കണ്ടെത്തുന്നത് *സ്ലീബായുടെ ചിറകിൻനിഴലി*ലാണ്. 1909 മുതൽ 1934 വരെ മലങ്കര സഭാദ്ധ്യക്ഷ നായിരുന്ന പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്താ തന്റെ കഷ്ടതയുടെ നാളുകളിലൊക്കെ *വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ...* എന്ന സ്ലീബായുടെ കുക്കിലിയോൻ വി. കുർബാനയിലും കാനോനിക നമസ്ക്കാരങ്ങളിലും ചേർത്ത് ചൊല്ലിയിരുന്നു. തീച്ചൂളയിലേയ്ക്ക് സ്ഥാനാരോഹണം ചെയ്ത മാത്യൂസ് പ്രഥമൻ അന്നുമുതൽ സ്ഥാനത്യാഗം വരെ സ്ലീബായുടെ കുക്കിലിയോൻ ഒരിക്കലും ഒഴിവാക്കിയിരുന്നില്ല.

2015 സെപ്റ്റംബർ 14-ന് അർദ്ധരാത്രിയിൽ *യൂട്യൂബിൽ* എത്തിയ *വരഗുണഗണനിധി വാഴുക...* സൈബർ മീഡിയായിൽ വൈറലായത് ദിവസങ്ങൾകൊണ്ടാണ്. കേവലം പത്തുദിവസം കൊണ്ട് - 24/09/2015 വരെ - യൂറ്റ്യൂബിൽ മാത്രം *വരഗുണഗണനിധി വാഴുക...* കണ്ടത് ഒരു ലക്ഷത്തിലധികം പേർ! ഇതര സൈബർ മാദ്ധ്യമങ്ങൾ വേറേ! കാൽ നൂറ്റാണ്ടുമുമ്പ് *വരഗുണഗണനിധി വാഴുക...* ആവേശം കൊള്ളിച്ചിരുന്ന പഴയ തലമുറ മാത്രമല്ല, അതിനുശേഷം ജനിച്ച പുതുതലമുറപോലും ഈ പുനർജനനത്തിൽ ആവേശോജ്വലരായി എന്ന് വിവിധ സൈബർ മാദ്ധ്യമങ്ങളിൽ വന്ന കമന്റുകൾ സാക്ഷ്യപ്പെടുത്തുന്നു.

സമീപകാല ചരിത്രത്തിൽ കേട്ടുകേഴ്വിപോലും ഇല്ലാത്തവിധം ഉയർന്ന *കാതോലിക്കേറ്റ് വികാര*മാണ് രണ്ടു മിനിട്ട് മാത്രം ദൈർഘ്യമുള്ള ഈ ഗാനം ഉയർത്തിവിടുന്നത്. *വരഗുണഗണനിധി വാഴുക...*-യുടെ പുനർജനി പുതുതലമുറയടക്കമുള്ള മലങ്കര നസ്രാണികൾ ആഘോഷിക്കുമ്പോൾ വിജയിക്കുന്നത് കിഴക്കിന്റെ മഹാനായ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമന്റെ ദീർഘവീക്ഷണം. അതോടൊപ്പം സഭാകവി സി. പി. ചാണ്ടി എന്ന സ്വർഗ്ഗീയ കിന്നരത്തിന്റെ അക്ഷരശക്തിയും. ഒരിക്കലും ഔദ്യോഗികമായി പിൻവലിക്കപ്പെട്ടിട്ടില്ലാത്ത *വരഗുണഗണനിധി വാഴുക...*എന്ന *കാതോലിക്കേറ്റ് ആന്തം* പുതിയ രൂപത്തിൽ സഭയുടെ ചെറുതും വലുതുമായ ചടങ്ങുകളുടെ അവിഭാജ്യ ഘടകമായി മാറുന്ന കാലം വിദൂരമല്ല എന്നതാണ് അതിനു ലഭിക്കുന്ന സ്വീകാര്യത സൂചിപ്പിക്കുന്നത്. ■

ഇടവകയുടെ നല്ല പാഠം

കോട്ടയം: മാർ ഏലിയാ കത്തീഡ്രൽ 48 കുടുംബങ്ങളെ ദത്തെടുത്തു സാമൂഹ്യസേവന രംഗത്ത് കോട്ടയം മാർ ഏലിയാ കത്തീഡ്രൽ ഭവന സുരക്ഷാ പദ്ധതി എന്ന പുതിയൊരു സംരംഭം ആരംഭിച്ചിരിക്കുന്നു. ജാതി മത പരിഗണനക്ക് അതീതമായി അശരണരായ 48 കുടുംബങ്ങളെ ദത്തെടുത്ത് നിത്യ ചെലവുകൾക്കായി പ്രതിമാസം 3000 രൂപ വീതം നൽകുന്നു. നിത്യവൃത്തിക്ക് നിവർ ത്തിയല്ലാത്ത കുടുംബങ്ങളെ സഹായി ക്കാനുള്ള ഈ പദ്ധതി ആരംഭിക്കണമെന്നത് വികാരി ഫാ. മോഹൻ ജോസഫിന്റെ ആശയമാണ്.

ദു:ഖവെള്ളിയാഴ്ചത്തെ കാണിക്ക സാമ്പത്തികഞെരുക്കം അനുഭവിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകാനാണ് വിനിയോഗിച്ചിരുന്നത്. ഉദാത്തമായ പുതിയ ആശയം ഉൾക്കൊണ്ട ഉദാരമതികളായ ഇടവകാംഗങ്ങൾ ഭവന സുരക്ഷാ പദ്ധതിക്ക് പിൻതുണ നൽകി. 48 കുടുംബങ്ങൾക്ക് ആശ്വാസമായി.

പരുമലതിരുമേനി

പരിശുദ്ധ പരുമല തിരുമേനിയെക്കുറിച്ചുള്ള എന്റെ ഒരു ഗ്രന്ഥത്തിലേക്ക് പരുമല തിരുമേനിയുടെ അനുഭവ സാക്ഷ്യങ്ങൾ ചേർക്കുവാൻ ആഗ്രഹിക്കുന്നു. അനുഭവ സാക്ഷ്യങ്ങൾ വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർ ഡോ. വർഗീസ് പേരയിൽ, അടൂർ പി.ഒ.,-6911523 എന്ന വിലാസത്തിലോ dr.vargheseperayil@gmail.com എന്ന മെയിലിലോ അയയ്ക്കണം.



രാഷ്ട്രീയ–സാമുദായിക നേതാക്കളുടെ ഡബ്സ്മാഷുകൾ നോക്കുക. എത്ര വിലക്ഷണങ്ങളാണ് അവ. അവരുടെ ശബ്ദമാണ് നാം കേൾക്കുന്നത്; പക്ഷെ മറ്റാർക്കോ വേണ്ടി അവർ പറയുന്നുവെന്നൊരു തോന്നൽ കലശലാവുന്നു. ഒരുതരം ബിനാമി മുഖം മാതിരി.

സോഷ്യൽ മീഡിയായിലെ പുത്തൻ ആഘോഷമാണ് ഡബസ്മാഷ്. പ്രചാരമുള്ള സിനിമാരംഗങ്ങൾക്ക് സ്വന്തം ശബ്ദവും ഭാവവും നല്കി അഭിനയിക്കുക. കൗതുകമുള്ള ഒരു കാഴ്ചയാണ് പലതും. അനുകരണങ്ങളുടെ ഒരാഘോഷം തന്നെ. ഒടുക്കം ഇക്കഴിഞ്ഞ ഓണക്കാലത്ത് വിർച്ചൽ റിയാലിറ്റി പെരുവഴിയിലുമിറങ്ങി. 'ചെകുത്താന്റെ' ലോറിയിൽ കറുത്തനിറമുള്ള ഷർട്ടണിഞ്ഞ് താടിരോമങ്ങൾ വടിക്കാതെ! അനുകരണം ഒരു കലയാണ്. എന്നാൽ സ്വത്വപ്രതിസന്ധിയിലേയ്ക്ക് നയിക്കുന്നുവെങ്കിൽ അത് അപകടവുമാണ്. വ്യക്തിത്വത്തിന്റെ തനിമകളെ ഇല്ലായ്മ ചെയ്യുന്നുവെങ്കിൽ ആക്ഷേപകരവുമാണ്.

ഡബ്സ്മാഷ് ഒരു ഫലിതരൂപമായി നമ്മുടെ ടച്ച് സ്ക്രീനുകളിൽ തുടർന്നോട്ടെ. എന്നാൽ അത്യന്തം ഭീതിയുണർത്തുന്ന ചില ഡബസ്മാഷുകൾ മലയാളക്കരയുടെ അന്തരീക്ഷത്തിൽ വിന്യസിക്കപ്പെടുന്നുണ്ട്. നമ്മെ ബാധിക്കാത്ത ഒന്നിനെയും കണ്ടില്ലെന്ന് നടിക്കുന്ന അന്ധതയുമായി എത്രകാലം നാം തട്ടിവീഴാതെ മുമ്പോട്ട് പോകും! രാഷ്ട്രീയ-സാമുദായിക നേതാക്കളുടെ ഡബ്സ്മാഷുകൾ നോക്കുക. എത്ര വിലക്ഷണങ്ങളാണ് അവ. അവരുടെ ശബ്ദമാണ് നാം കേൾക്കുന്നത്; പക്ഷെ മറ്റാർക്കോ വേണ്ടി അവർ പറയുന്നുവെന്നൊരു തോന്നൽ കലശലാവുന്നു. ഒരുതരം ബിനാമി മുഖം മാതിരി.

ശ്രീനാരായണഗുരുവിന്റെ ഡയലോഗുകൾ എത്രയോ പേരാണ് അനുദിനം ആവർത്തിക്കുന്നത്. കണ്ണൻദേവന്റെ സ്വരത്തിൽ സംസാരിച്ചവരെല്ലാം സമരപ്പന്തലിൽനിന്ന് കുടിയൊഴിപ്പിക്കപ്പെട്ടു. നിറപറയുടെ ശബ്ദമുയർത്തിയവരാകട്ടെ അനുപമമായതൊന്നും കേരളത്തിൽ നടപ്പില്ല എന്ന വാശിയുള്ളവരുമാണ്. മുഖ്യധാരാമാധ്യമങ്ങളിലെ ബ്രേക്കിംഗ് ന്യൂസുകൾക്ക്പോലും ഒരു ഡബ്സ്മാഷിന്റെ ആസ്വാദന തലത്തിനപ്പുറം എന്ത് ആഴമാണുള്ളത്?

നിന്റെ മുഖവും സ്വരവും പണയപ്പെടുത്തുന്നത് ആർക്കാണ് സഖേ! മുഖം നഷ്ടപ്പെട്ട മനുഷ്യരുടെ എണ്ണമേറുന്ന കാലത്താണെടോ നാം ജീവിക്കുന്നത്. ദേശം വിട്ടവർ. മേൽവിലാസമില്ലാത്തവർ. കടലോരങ്ങളിൽ ചത്തുപൊന്തുന്നവർ. മുസ്ലീങ്ങൾ ആയതുകൊണ്ട് മാത്രം ചില നേരങ്ങളിൽ 'മനുഷ്യർ' ആയി ഗണിക്കപ്പെടാത്തവർ. കേവലം തീവ്രവാദികൾ മാത്രമാകേണ്ടിവരുന്നവർ.

Dubsmash
fun way to communicate

ചോരമണക്കുന്നവയാണ് പാലായനങ്ങൾ. എല്ലാക്കാലത്തും. സകലവും നഷ്ടപ്പെട്ടിട്ടും ഒരു കര പറ്റാനാവാതെ പോയ അനേകരുടെ മാർദ്ദവമറ്റ കഥനങ്ങൾ. അവർക്കൊന്നും ശബ്ദമാകാൻ നമുക്ക് ശേഷിയുണ്ടാവില്ല. ഒരുപക്ഷേ, എന്റെ വീടിനുള്ളിലേയ്ക്ക് ഒരാൾ അഭയം തേടി വരാത്തിടത്തോളം മാത്രമാകും എന്റെ നീതിബോധവും ഉണർന്നിരിക്കുക. അത്രമേൽ ദുർബലരാണ് സഖേ നമ്മൾ! ഒന്നും നഷ്ടപ്പെടുത്താൻ കരുത്തില്ലാത്ത 'ബലവാന്മാർ'! ഹൃദയത്തിൽ പോലും ഒരാളെയും സൂക്ഷിക്കാനാവാത്ത 'സുരക്ഷിതർ'!(strong and secured)

ദൈവസംരക്ഷകരുടെ (ആ പേരിൽ സാക്കീസ് ഒരു ചെറുപുസ്തകം തന്നെ ചമച്ചിട്ടുണ്ട്) എണ്ണം വർദ്ധിച്ചുപെരുകുകയാണ്. മനുഷ്യരെ സംരക്ഷിക്കുന്നവരാകട്ടെ വംശനാശത്തിൽപ്പെട്ടുഴലുന്നു.

കാസർകോട് എത്രയടുത്താണ്. എന്നിട്ടും ആ കുട്ടികളെ ഒന്നു നേരിൽ കണ്ടിട്ടില്ല. ഫോട്ടോകൾ കാണാൻ മെനക്കെടാറുമില്ല. അവർക്ക് എന്റെ മുഖം കൊടുത്തിട്ടില്ല. അവർക്ക്വേണ്ടി ആരോടും ഒന്നും പറഞ്ഞിട്ടുമില്ല. എന്തിനേറേ പറയുന്നു, അടുത്ത റോഡിൽ വീണുമരിച്ച കുഞ്ഞനുജന്റെ കല്ലറയ്ക്കരികിലെത്താൻപോലും ഞാനെത്ര വൈകി? എന്നിട്ടും സഖാവേ, എന്റെ പ്രഭാഷണങ്ങളിൽ അധികവും ക്രിസ്തുവിന്റെ സഹനത്തെക്കുറിച്ചാണ്. അവന്റെ കാരുണ്യാതിരേകത്തെക്കുറിച്ചാണ്. എന്നാലോ, ഞങ്ങളുടെ കമ്മറ്റികളും സമ്മേളനങ്ങളുമെല്ലാം മദമാത്സര്യങ്ങളുടെ രംഗവേദികളുമാണ്. സ്വന്തനിലനില്പ്പിനെ ചൊല്ലിയുള്ള ആശങ്കകൾ മാത്രമാണ് ഞങ്ങളെ ഭരിക്കുന്നത്.

എന്റെ മുഖത്തേയ്ക്ക് നോക്കുമ്പോഴും ധ്യാനവചസ്സുകൾ കേൾക്കുമ്പോഴും നിനക്ക് ഉള്ളിൽ ചിരിപൊട്ടുന്നുവോ? ശരിക്കും ഒരു ഡബ്സ്മാഷ് ആണ് ഞാൻ അവതരിപ്പിക്കുന്നതെന്നു തോന്നുന്നുവോ? നിർമ്മലസുവിശേഷമാണ് മൊഴിയുന്നതെങ്കിലും 'ഇയാളല്ലേ' അത് പറയുന്നതെന്ന വിചാരം നിന്നെ അലട്ടുന്നുവോ? നിന്റെ മര്യാദകൊണ്ട് അതൊന്നും പുറമെ കാട്ടുന്നില്ലെങ്കിലും നിന്റെയുള്ളിൽ എന്റെ കപടസ്വത്വത്തെക്കുറിച്ചുള്ള വ്യഥ നിറയുന്നത് ഞാനറിയുന്നു. കണ്ണീരൊളിപ്പിച്ച ഒരു ജനതയുടെ കണ്ണുകൾക്ക് മുമ്പിൽ പകച്ചുപോകുന്നു. എന്റെ അഭിനയങ്ങൾ നിലയ്ക്കുന്നു. മാപ്പ് എന്റെ സ്വകാര്യനിക്ഷേപങ്ങളും നിരൂപണങ്ങളും കാമനകളും മറച്ച് വെച്ച് ക്രിസ്തുവിന്റെ ഡയലോഗുകൾകൊണ്ട് നടത്തിയ എല്ലാ ഡബ്സ്മാഷുകൾക്കും!

ഇക്കഴിഞ്ഞവാരം കിട്ടിയതിൽ ഏറ്റവും പ്രിയം തോന്നിയ ഒരു കഥ പങ്ക് വയ്ക്കട്ടെ. In race between lion and deer, many a times deer wins. Because lion runs for food and deer for life. Remember; "purpose is more important than need!"

■

സിവിൽ സർവീസ് പരിശീലനം

തിരുവനന്തപുരം: മലങ്കര ഓർത്തഡോക്സ് സഭ നടത്തുന്ന സിവിൽ സർവീസ് അക്കാഡമിയിൽ 2016-ലെ സിവിൽ സർവീസ് പ്രിലിമിനറി, മെയിൻ എന്നിവയ്ക്കുള്ള പരീക്ഷ പരിശീലന ക്ലാസ്സുകൾ 2015 നവം. 9-ാം തീയതി ആരംഭിച്ച്, രണ്ടു ഘട്ടങ്ങളിലായി 9 മാസം തുടരുന്നതാണ്. പ്രിലിമിനറിക്കുള്ള ഫോം അക്കാഡമിയിൽ നിന്ന് നേരിട്ടും വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാം. അപേക്ഷാ ഫീസ്- ഡെപ്യൂട്ടി ഡയറക്ടർ, സിവിൽ സർവീസ് അക്കാഡമി, എന്ന പേരിൽ 200 രൂപ ഡിഡിയും, പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം സിവിൽ സർവീസ് അക്കാഡമി, ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെന്റർ, എ.കെ.ജി. സെന്ററിന് എതിർവശം, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ ഒക്ടോ. 15-നു മുമ്പായി അയയ്ക്കുക. കോഴ്സ് ഫീസ്: 25000/- രൂപ. കൂടുതൽ വിവരങ്ങൾക്ക്: 0471-2476329, www.csay.in

For Favours Received

ഒരു വിശ്വാസി ഒരു വിശ്വാസി

REV FR MATHAI PANAKKAL



PANAKKAL HOUSE
YESUDAS ROAD
KUNNAMKULAM
11-10-2015
5th Anniversary Of Entering The Heavenly Abode
Inserted by Loving Family

MEDIA IMPACT

■ ഡോ. വർഗീസ് പുന്നൂസ്

> ' ഡിജിറ്റൽ ഇന്ത്യ എന്ന സന്ദേശം സാമൂഹിക മാധ്യമങ്ങളുടെ ശക്തി വർദ്ധിപ്പിക്കുകയാണ്. എന്നാൽ ഇതിലെ നന്മയും തിന്മയും ന്യൂ-ജനറേഷൻ തിരിച്ചറിയണം '

സാമൂഹിക മാധ്യമങ്ങളുടെ കാലവും കോലവും

3Gയ്ക്കും സ്മാർട്ട് ഫോണിനും, വാട്സാപ്പിനും സ്തുതിയായിരിക്കട്ടെ.... എന്റെ ഇഷ്ടമല്ല നിങ്ങളുടെ ഇഷ്ടം എന്നിൽ നിറവേറട്ടെ'' എന്ന പ്രാർത്ഥന നിശബ്ദമായി ചൊല്ലിയാണ് ന്യൂജനറേഷൻ പിള്ളേർ തങ്ങളുടെ ദിവസങ്ങൾ തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും എന്നു പറയുന്നത് ഒട്ടും അതിശയോക്തിയാവില്ല.

ഇലക്ട്രോണിക് - ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മാധ്യമങ്ങൾ പുതുതലമുറയുടെ ജീവിതത്തിലെ ഏറ്റവും പ്രധാന സ്വാധീനമായി മാറിക്കഴിഞ്ഞിരിക്കുന്നു.ഈ സ്വാധീനത്തിന്റെ ബാഹ്യരൂപം ടെലിവിഷനുകളും, കംപ്യൂട്ടറുകളും, മൊബൈൽ ഫോണുകളും ആണ്. അറിവ് നേടുക, ഉല്ലാസം അനുഭവിക്കുക, ആശയവിനിമയം നടത്തുക എന്ന പ്രാഥമിക ധർമ്മങ്ങളിൽ നിന്ന് ഈ ഉപകരണങ്ങളുടെ മേഖല വളരെയധികം വൈപുല്യം നേടിയിരിക്കുന്ന എന്ന വസ്തുത 1980 കൾക്ക് മുമ്പ് ജനിച്ചവർ മനസ്സിലാക്കിയിട്ടുണ്ടോ എന്ന് സംശയമാണ്. അനേക പതിറ്റാണ്ടുകൾക്കുശേഷം സംഭവിക്കേണ്ടിയിരുന്ന സാങ്കേതിക വിദ്യാ പുരോഗതി ഏതാനും വർഷങ്ങൾക്കുള്ളിൽ സംഭവിച്ചതിന്റെ ആഘാതത്തിലാണ് നാമിന്ന്. മനുഷ്യ ജീവിതത്തെ വളരെ കുറഞ്ഞ ഒരു കാലയളവിൽ ഇത്രയധികം സമഗ്രവും സമൂലവും ആയിമാറ്റിമറിച്ച മറ്റൊരു സാങ്കേതിക വിദ്യ മാനവചരിത്രത്തിൽ ഉണ്ടായിട്ടില്ല തന്നെ. ഇലക്ട്രോണിക്ക് - ഡിജിറ്റൽ സാങ്കേതിക വിദ്യയും അവയിൽ അധിഷ്ഠിതമായ നവമാധ്യമങ്ങളും മനുഷ്യന്റെ മാനസികാരോഗ്യത്തെ ഏതെല്ലാം രീതിയിൽ സ്വാധീനിക്കുന്നു എന്ന് ചുരുക്കമായി പരിശോധിക്കാം.

A. ആരോഗ്യകരമായ മാറ്റങ്ങൾ

1. മെച്ചപ്പെട്ട അറിവുകൾ : അറിവുകളുടെ കുത്തക ഇല്ലാതെയായി എന്നത് ഈ സാങ്കേതിക വിദ്യകൊണ്ടു വന്ന വിപ്ലവകരമായ മാറ്റമാണ്. അതാത് വിഷയങ്ങളിൽ പ്രാവീണ്യം നേടിയ അധ്യാപകരും, വിദഗ്ദ്ധരും വാമൊഴിയായും വരമൊഴിയായും നൽകിയിരുന്ന അറിവുകൾ ഒരു വിരൽ തുമ്പിൽ ഈ സാങ്കേതിക വിദ്യ കൈവശമുള്ള ആർക്കും ലഭ്യമാണ് എന്ന സ്ഥിതിയാണ് ഇന്ന് കൈവന്നിരിക്കുന്നത്. വിശാലമായ അറിവുകളുടെ ലഭ്യത വ്യക്തികളുടെ മാനസിക ചക്രവാളങ്ങളെ വിപുലമാക്കി എന്നത് വളരെ അഭികാമ്യം തന്നെ.

2. ആശയവിനിമയത്തിന്റെ വേഗ വർദ്ധന : വ്യക്തിപരവും ഔപചാരികവും ആയ എല്ലാ ആശയവിനിമയങ്ങളും തൽസമയം തന്നെ സാധ്യമാക്കുന്നു എന്നത് മനുഷ്യ ജീവിതത്തിന്റെ ക്രമം തന്നെ മാറ്റി മറിച്ചിരിക്കുകയാണ്. സമയലാഭം, പണലാഭം, കാര്യക്ഷമത എന്നീ ഭൗതിക നേട്ടങ്ങൾക്കുപരി വൈകാരിക ജീവിതത്തെയും വ്യക്തി ബന്ധങ്ങളെയും ഈ വേഗ വർദ്ധന ആശാസ്യകരമായ രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യുന്ന ഭർത്താവിനോട് തൽസമയം സംസാരിക്കാനും, കാണാനും ഒക്കെ കഴിയുന്നത് ഭാര്യയ്ക്ക് നൽകുന്ന വൈകാരിക സുരക്ഷിതത്വം ഏറെയാണ്. ഒരു കത്ത് അയച്ച് ദുബായിൽ കിട്ടി അതിന്റെ വിവരം തിരിച്ച് അറിയാൻ മൂന്നോ നാലോ ആഴ്ച നാട്ടിൽ കാത്തിരിക്കേണ്ടിയിരുന്ന കാലഘട്ടം കഷ്ടിച്ച് മുപ്പത് കൊല്ലങ്ങൾക്ക് മുമ്പ് മാത്രമായിരുന്നു എന്ന് ആ തലമുറയിൽ ജീവിച്ചിരുന്നവർക്ക് പോലും മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യമാണിന്ന്. അന്യസംസ്ഥാനത്ത് പഠിക്കുന്ന മകളോടും യാത്രയിലായിരിക്കുന്ന മകനോടും ഒക്കെ തൽസമയം ആശയവിനിമയം നടത്താൻ കഴിയുന്നത് മാതാപിതാക്കൾക്ക് നൽകുന്ന ആശ്വാസം എത്രയേറെയാണ്.

3. ജീവിതത്തിന്റെ അനായാസത : റെയിൽവേ ടിക്കറ്റ് ബുക്ക് ചെയ്യാനും ടെലഫോൺ ബിൽ അടയ്ക്കാനും ഒക്കെ സ്വന്തം വീട്ടിൽ നിന്നും പുറ

ത്തിറങ്ങേണ്ട ആവശ്യമില്ലാത്ത അവസ്ഥ ഇന്ന് നമുക്ക് നൽകിയിരിക്കുന്നത് ഈ സാങ്കേതിക വിദ്യതന്നെ. ജോലിയും ബിസിനസിനും ഉള്ള അവസരങ്ങൾ സാധ്യതകൾ എന്നിവ മാത്രമല്ല ക്ലേശരഹിതമായി അവ ചെയ്യാനുള്ള സാഹചര്യങ്ങളും നമുക്ക് നവ മാധ്യമങ്ങൾ ഒരുക്കിത്തരുന്നു.

4. മെച്ചപ്പെട്ട വ്യക്തിബന്ധങ്ങൾ : സ്ക്കൂൾ വിടുന്നതോടെയും താമസം മാറുന്നതോടെയും വിഛേദിക്കപ്പെട്ടിരുന്ന വ്യക്തിബന്ധങ്ങൾ ശക്തമായി തുടരാനുള്ള സാഹചര്യങ്ങൾ ഇന്ന് ഉളളതിന്റെ പ്രധാനകാരണം. ഡിജിറ്റൽ സാങ്കേതികതയും നവ മാധ്യമങ്ങളും തന്നെ. എത്രയോ വർഷങ്ങൾക്ക് മുമ്പ് പിരിഞ്ഞിരുന്ന സുഹൃത്തുക്കൾ ഇന്ന് അടുത്തു വന്നിരിക്കുന്നു ഈ സാങ്കേതിക വിദ്യമൂലം വൈബറിലൂടെയും ഫേസ്ടൈമിലൂടെയും തൽസമയം നേരിൽ കണ്ടുകൊണ്ട് ലോകത്തിൽ എവിടെയും ഇരിക്കുന്ന ബന്ധുവുമായി സംസാരിക്കാം. എന്നതിനാൽ സുദൃഢമായി വരുന്ന എത്രയോ കുടുംബബന്ധത്തിൽ ഇന്നുണ്ട്.

5. സമാനചിന്താഗതിക്കാരുടെ കൂട്ടായ്മകൾ : സമാനചിന്താഗതിക്കാരായ വ്യക്തികൾ, ഒരേ മതവിശ്വാസത്തിലുള്ള വ്യക്തികൾ കലാസ്നേഹികളായ സഹൃദയർ ഒരേ കാലയളവിൽ കലാലയങ്ങളിൽ പഠിച്ചിരുന്നവർ, ഒരേ ഗ്രാമത്തിൽ നിന്നും ലോകത്തിന്റെ പല ഭാഗത്തും ചിതറി പാർക്കുന്നവർ എന്നുവേണ്ട ഏതൊരു കൂട്ടം ഒരേ തൂവൽ പക്ഷികൾക്കും ഒരുമിച്ച് കൂടാനും സൗഹൃദങ്ങളും ആശയങ്ങളും പങ്കുവെയ്ക്കാനും പറ്റിയ ഏറ്റവും നല്ല ഇടമാണ് ഇന്റർനെറ്റ് ഗ്രൂപ്പുകൾ. ഇത്തരം കൂട്ടായ്മകൾ സൃഷ്ടിക്കുന്ന ഒരുമിപ്പും സാഹോദര്യവും പങ്കുവെയ്ക്കലും, മാധുര്യവും രുചിച്ചറിയേണ്ടുന്നത് തന്നെ. മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവായ ഏകാന്തതയുടെ അന്തകനായി മാറി ഇന്റർ നെറ്റ്. ചുരുക്കിപ്പറഞ്ഞാൽ വേഗത്തിന്റെയും, ദൂരത്തിന്റെയും, സമയത്തിന്റെയും, സാഹചര്യത്തിന്റെയും, അവസരത്തിന്റെയും പരിമിതികൾ മൂലം മനുഷ്യരാശി അനുഭവിച്ചു വന്ന എല്ലാ പാരതന്ത്ര്യത്തിൽ നിന്നുമുള്ള ഒരു വിമോചനമാണ് ഡിജിറ്റൽ സാങ്കേതിക വിദ്യയും നവ മാധ്യമങ്ങളും ചേർന്ന് നമുക്ക് നൽകിയിരിക്കുന്നത് എന്ന് കാണാം.

B അനാരോഗ്യകരമായ സ്വാധീനങ്ങൾ

1. അറിവുകളുടെ ആഴമില്ലായ്മ : ഇന്റർനെറ്റും നവ മാധ്യമങ്ങളും പ്രദാനം ചെയ്യുന്ന വിവരങ്ങൾക്ക് ആഴത്തേക്കാൾ ഏറെ പരപ്പാണ്. ഉപരിപ്ലവമായ വിവരങ്ങൾ മനനം ചെയ്ത് അറിവായും വിവേകമായും മാറാനുള്ള സാധ്യതകൾ നവ മാധ്യമങ്ങൾ ഇല്ലായ്മ ചെയ്യുന്നു. ലഭ്യമായ വിവരങ്ങളുടെ ആധികാരികത ഇല്ലായ്മയും പലപ്പോഴും യുവതലമുറയെ വഴിതെറ്റിക്കാനും ഉദാഹരണത്തിന് ലൈംഗികതയെപ്പറ്റിയുള്ള ഇന്റർനെറ്റ് അന്വേഷണം ഒരു വ്യക്തിയെ എവിടെയൊക്കെകൊണ്ട് ചെന്ന് എത്തിക്കും എന്ന് പറയാൻ വയ്യ. ആഴത്തിലുള്ള അറിവും ശരിയായ അറിവും ആർജിക്കുന്നതിന് ഈ സാങ്കേതിക വിദ്യ തടസ്സമാകുന്നുണ്ടോ എന്ന് പരമ്പരാഗത രീതിയിൽ അറിവു സമ്പാദിച്ചിരുന്ന പഴയ തലമുറയുടെ സന്ദേഹം അസ്ഥാനത്തല്ല.

2. വിനോദങ്ങളുടെ ആധിക്യം : വിനോദം മനുഷ്യമനസ്സിന് ആവശ്യം തന്നെ പക്ഷേ മനസ്സിനെ ഭ്രമിപ്പിക്കുകയും തൽക്ഷണമായ അതിരുകൾ ഇല്ലാതെ ആനന്ദം പ്രദാനം ചെയ്യുകയും ചെയ്യുന്ന നവമാധ്യമ സ്വാധീനം കുട്ടികളുടെയും കൗമാരക്കാരുടെയും ജീവിത ലക്ഷ്യങ്ങൾക്കായുള്ള പരിശ്രമങ്ങളെ ഇല്ലാതാക്കികളയും എന്നത് ഒരു വലിയ വിപത് സാധ്യതയാണ്. ഉല്ലാസവും വിനോദവും പരിശ്രമത്തെ ഇല്ലാതാക്കുന്ന വിധം വർദ്ധിച്ചത് വലിയ സംസ്ക്കാരങ്ങളെ തന്നെ തകർത്തത് മാനവചരിത്രത്തിന്റെ ഭാഗം.

3. മനുഷ്യമസ്തിഷ്കത്തിന്റെ താളം തെറ്റിക്കുന്ന വേഗത : കാര്യങ്ങൾ മനസ്സിലാക്കാനും മസ്തിഷ്കത്തിൽ അവയെ പ്രോസ്സസ്സ് ചെയ്യാനും പ്രതികരണങ്ങൾ സൃഷ്ടിക്കുവാനും ഒക്കെ മനുഷ്യ മസ്തിഷ്കത്തിന് നിയതമായ ഒരു വേഗത മുമ്പ് പ്രകൃതി നിശ്ചയിച്ചിരുന്നു. ഈ വേഗത്തെ പിന്നിലാക്കുന്ന ഡിജിറ്റൽ സാങ്കേതിക വിദ്യയ്ക്ക് ഒപ്പമെത്താൻ അവന് കഴിയാതെ വരുന്നു. മസ്തിഷ്ക പ്രവർത്തനത്തിന്റെ താളം തെറ്റിക്കുന്ന ഈ അമിത വേഗത അപക്വമായ വൈകാരിക പ്രതികരണങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും വരെ കാരണമാകുന്നു. അമിതമായ വേഗത്തിനുള്ള ഈ നിർബ്ബന്ധം ഈ പരക്കം പാച്ചിൽ വലിയ മാനസിക സമ്മർദ്ദത്തിലേയ്ക്ക് മനുഷ്യനെ തള്ളിവിടാം. വേഗത്തിന്റെ ഈ പൊരുത്തമില്ലായ്മ (dyssynchrony of speed) പലതരത്തിലുള്ള സമ്മർദജന്യ രോഗത്തിന് വഴിമരുന്നാകാം. രക്താതിമർദ്ദം (High Blood pressure) ഉദരരോഗങ്ങൾ (gas trouble acidity irritable bowel syndrome) ഹൃദ്രോഗം എന്നിവയൊക്കെ ഇത്തരം സമ്മർദജന്യരോഗങ്ങളുടെ പട്ടികയിൽപ്പെടുന്നു. ചെറുപ്പക്കാരുടെ ഇടയിൽ കൂടി വരുന്ന ജീവിതശൈലി രോഗങ്ങളുടെ മൂലകാരണം അന്വേഷിച്ചാൽ ചെന്നെത്തുന്നത് ഇലക്ട്രോണിക് - ഡിജിറ്റൽ സാങ്കേതങ്ങളുമായുള്ള അമിത ഇടപെടലിൽ ആയിരിക്കും.

> പ്രായഭേദമെന്യേ ഏവരേയും സാമൂഹിക മാധ്യമങ്ങൾ സ്വാധീനിക്കുന്നു. ഫേയ്സ് ബുക്ക് എല്ലാവർക്കും ഹരമായിത്തീരുന്നു.

4. വിഷലിപ്തമായ ആശയങ്ങളുടെ സ്വാധീനം

മനുഷ്യ മനസ്സിനെ വിഷലിപ്തമാകുന്ന ചിന്തകളുടെയും ആശയങ്ങളുടെയും അനിയന്ത്രിതമായ ഭണ്ഡാരമാണ് ഇന്റർനെറ്റ്. ലൈംഗിക വൈകൃതങ്ങൾ മുതൽ അന്ധവിശ്വാസ പ്രചാരണം വരെ, സാത്താൻ സേവ മുതൽ ഒരു കൊലപാതകം/ ആത്മഹത്യ എങ്ങനെ തെളിവില്ലാതെ ചെയ്യാം എന്നതുവരെ വിശദമാകുന്ന സൈറ്റുകളിൽ എത്തിച്ചേരാൻ ആർക്കും

ശേഷം 43-ാം പേജിൽ

In Loving Memory of

Urumbil Mathan
(DOD: 14-09-1975)
40th Death Anniversary

Urumbil Mariyamma
(DOD: 06-08-1991)
24th Death Anniversary.

Inserted by:
Children and Grand Children.

John 11:25-26:I am the resurrection and the life. The one who believes in me will live, even though they die;and whoever lives by believing in me will never die. I have attached the picture of my grand parents for your kind perusal.

ഡയറക്ടർ



സൺഡേസ്ക്കൂൾ മലബാർ ഭദ്രാസന ഡയറക്ടറായി തെരഞ്ഞെടുത്ത എം.കെ. മാത്യു, മറുകുംമൂട്ടിൽ. മൊട പ്പൊയ്ക സെ. ജോർജ് ഇട വകാംഗം. മലബാർ ഭദ്രാ സന കൺവൻഷൻ സെക്ര ട്ടറിയായിരുന്നു.

അങ്കമാലി ഭദ്രാസന സൺഡേസ്ക്കൂൾ ഡയറക്ട റായി തെരഞ്ഞെടുത്ത ഫാ. യാക്കോബ് തോമസ്. ആലുവ തൃക്കുന്നത്ത് സെമി നാരി മാനേജരും, യുവജന പ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റുമാണ്.

സൺഡേസ്ക്കൂൾ കേന്ദ്ര ട്രഷറർ

സൺഡേസ്ക്കൂൾ കേന്ദ്ര ട്രഷററായി നിയമിതനായ ചെറുവക്കൽ കൂമ്പല്ലൂർ പുത്തൻ വീട്ടിൽ എ.കെ. സന്തോഷ് ബേബി. തിരുവന ന്തപുരം ഭദ്രാസന ഡയറക്ട റും സഭാ മാനേജിംഗ് കമ്മറ്റി അംഗവുമാണ്. ചൊവ്വല്ലൂർ സെന്റ് ജോർജ് വൊക്കേഷ ണൽ ഹയർ സെക്കൻഡറി സ്ക്കൂളിൽ ഇലക്ട്രോണിക്സ് വിഭാഗം അദ്ധ്യാപകൻ. ഭാര്യ: ബിന്ദു കെ. തോമസ്, മക്കൾ: സ്റ്റീവ്, സ്റ്റെവിൻ.

ബാഹ്യകേരള സൺഡേസ്ക്കൂൾ വിജ്ഞാനിയും പ്രവീണുമായി തെരഞ്ഞെടുക്കപ്പെട്ട അന്നാ തോമസ്. 12-ാം ക്ലാസ്സ് പരീക്ഷയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ഹൈദ്രബാദ് സെ. ഗ്രിഗോറിയോസ് ഇടവകയിൽ ഫാ. തോമസ് ഉമ്മ ന്റെയും അന്നമ്മ തോമസിന്റെയും മകൾ.

സന്ദർശിക്കൂ...

സഭാ പ്രസിദ്ധീകരണങ്ങൾക്കും മലങ്കര സഭ മാസിക യുടെ വരിക്കാരാകുന്നതിനും, പരസ്യങ്ങൾ നൽകുന്നതി നും, പരുമല സെമിനാരിയിൽ എം.ഒ.സി. ബുക്സ് സ്റ്റാൾ എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കുന്നു.

പരുമല പെരുനാളിനോടനുബന്ധിച്ച് എല്ലാ പുസ്ത കങ്ങൾക്കും വമ്പിച്ച വിലക്കുറവ് ഉണ്ടായിരിക്കും.

41-ാം ചരമ ദിനം, 18-10-2015

നിധിൻ പോൾ വർഗീസ്

പിള്ളച്ചിറ കാലായിൽ
നാലുന്നാക്കൽ, വാകത്താനം.

പ്രാർത്ഥനയോടെ,

മാർ ഗ്രീഗോറിയോസ് യുവജനപ്രസ്ഥാനം, നാലുന്നാക്കൽ, കോട്ടയം

സന്ദർശിക്കൂ...

പരുമലയിൽ ഓഫീസ്

പരുമല പെരുന്നാളിനോടനുബന്ധിച്ച് മലങ്കര സഭ മാസി കയുടെ ഓഫീസ് 28, 30, 31, നവം. 1, 2 തീയതികളിൽ പരു മലയിൽ പ്രവർത്തിക്കും.

വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരാകു ന്നതിനും സൗകര്യം ഉണ്ടായിരിക്കും.

വീടിനൊരു മലങ്കര സഭ
www.malankarasabhaonline.in
6 വർഷത്തേക്ക്
1000 രൂപാ മാത്രം

- മലങ്കരസഭാ മാസികയിലേക്ക് പരസ്യങ്ങൾ, ഉപകാര സ്മരണ, പ്രത്യേക പരസ്യ ഫീച്ചറുകൾ എന്നിവ ക്ഷണി ക്കുന്നു.
- മലങ്കരസഭാ മാസികയുടെ പ്രൊമോട്ടറന്മാരായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അവസരം ഉണ്ടായിരിക്കും.
- മലങ്കര സഭ മാസികയുടെ പ്രസിദ്ധീകരണത്തിന് ഉദാ രമായ സംഭാവനകൾ നൽകി സഹായിക്കാവുന്നതാണ്.
- പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ യുടെ ജീവിതവും സംഭാവനകളും എന്ന ഗ്രന്ഥം 2015 നവംബർ 26-ന് കോട്ടയം പഴയ സെമിനാരിയിൽ വച്ച് പ്രകാശനം ചെയ്യും. കോപ്പികൾ മുൻകൂട്ടി ബുക്ക് ചെയ്തവർക്ക് അന്നു മുതൽ ലഭിക്കും.

ബന്ധപ്പെടുക:- 0481-2573234, 9744648617

വേദബോധനം

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ, കുന്നംകുളം

Breaking The Word

2015 നവംബർ 1
കൂദോശ് ഈത്തോ ഞായർ
വി: മത്തായി 16:13 – 23

'അഗ്നിശുദ്ധി' പോലുള്ള പ്രയോഗങ്ങൾ തന്നെ തീണ്ടൽ കൽപ്പിക്കാനുള്ള ഒരു ഹിഡൻ അജൻഡയായ കാലമുണ്ടായിരുന്നു. പാവപ്പെട്ടവർക്കും,പതിതർക്കും, സ്ത്രീകൾക്കുമൊക്കെ അശുദ്ധിയുടെ ഇത്തിരിവട്ടം പാർശ്വങ്ങൾ കൽപ്പിച്ച സാമൂഹിക അവസ്ഥ! ശുദ്ധീകരണപെരുന്നാളിനെ കുറിച്ചുള്ള നമ്മുടെ സങ്കൽപ്പങ്ങൾ ചോദ്യം ചെയ്യുന്നുണ്ട് ഇന്നത്തെ ഈ സുവിശേഷഭാഗം(വി.മത്ത16:13-23). മിഴിയിമ വെട്ടുന്നത് കണക്ക് പൊടുന്നനെ സംഭവിക്കുന്ന നമ്മുടെ പതനങ്ങൾ ചിലപ്പോൾ എത്ര ഭയാനാകമാണ്. വിവിധ വസ്തുക്കൾക്ക് വ്യത്യസ്ഥ സങ്കേതങ്ങളിലൂടെ മാറ്റുരയ്ക്കുവാൻ ശ്രമിക്കുന്ന നാം സഭയുടെ വിശുദ്ധിയുടെ തനിമ തിരിച്ചറിയുന്നതെങ്ങിനെ? മാനവ സംസ്കൃതിയുടെ പ്രധാന പ്രഭവങ്ങൾ വിശുദ്ധീകരണവുമായി ബന്ധപ്പെട്ടതാണ്. കൂദോശ് ഈത്തോ സഭയിൽ വിശുദ്ധീകരണത്തിനായി അതിന്റെ മക്കളെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ വിശുദ്ധി സങ്കൽപ്പം കുട്ടികളോടുള്ള സാരോപദേശ ശൈലികളിൽ ഒതുങ്ങുന്നു. വിരുദ്ധ വികാരങ്ങളാൽ മേഘകറുപ്പണിഞ്ഞ മുഖവും, നാവിൽ നിന്ന് പൊഴിയുന്ന ദുഷിച്ച വാക്കുകളും മാത്രമല്ല വിശുദ്ധിയുടെ അതിർവരമ്പ്. മർദ്ദിതജനസമൂഹത്തോടൊപ്പം നിൽക്കുവാൻ ബാധ്യതയുള്ള സഭ മർദ്ദകരുടൊപ്പം പന്തിക്കിരുക്കുന്നതും തിന്മയുടെ കുഴലൂത്ത്കാരാവുന്നതും അധാർമ്മീകമാണ്. ഇരകളോട് ഒപ്പം ഓടുകയും വേട്ടക്കാരോടൊപ്പം ഭക്ഷിക്കുകയും ചെയ്യുംവിധമുള്ള കാപട്യം തിരസ്ക്കരിക്കുവാൻ ഇന്നത്തെ വേദഭാഗം ആഹ്വനം ചെയ്യുന്നു.

1. ഒരു ഫീഡ് ബാക്ക് കൾച്ചർ രൂപപെടുത്തുക

ജനങ്ങൾ *മനുഷ്യപുത്രനെ* ആർ എന്ന് പറയുന്നു എന്ന യേശുവിന്റെ ചോദ്യം ഗൗരവാവഹംതന്നെ. ദൈവരാജ്യാവകാശികളും, സഭാപ്രവൃത്തകരുമായിരിക്കുന്ന വിവിധശ്രേണികളിൽ വിരാജിക്കുന്നവർ നിശ്ചയമായും തങ്ങളുടെ സേവനങ്ങൾ സ്വീകരിക്കുന്നവരുടെ പ്രതികരണങ്ങൾ ആരായേണ്ടതുണ്ട്. വിധിക്കും മുമ്പുള്ള ആത്മവിചാരണ പോലെയാണത്.മറ്റുള്ളവരെ ഉൾകൊള്ളുന്ന പെരുമാറ്റ രീതിശാസ്ത്രം യേശുവിനെ പോലെ നമുക്കുണ്ടായിരുന്നെങ്കിൽ! മനുഷ്യപുത്രൻ എന്ന പ്രയോഗം തന്നെ യേശുവിന് ലോകത്തോടുള്ള ആഭിമുഖ്യത്തിന്റെ പ്രകാശനമാണ്. *മനുഷ്യപുത്രൻ* ശബ്ബത്തിന്റെ നാഥനാണ് എന്ന് പറയുമ്പോഴും, പാപങ്ങൾ മോചിക്കുവാൻ *മനുഷ്യപുത്രന്* അധികാരമുണ്ട് എന്ന് ഓർമ്മിപ്പിക്കുമ്പോഴും, ഒടുവിൽ *മനുഷ്യപുത്രൻ* പാപികളുടെ കൈകളിൽ ഏൽപ്പിക്കപ്പെടുവാനിരിക്കുന്നു എന്ന് നിയോഗങ്ങളെക്കുറിച്ച് വ്യക്തമാക്കിയപ്പോഴും ആത്മപ്രകാശനത്തിന് ആ വാക്ക് തന്നെയാണ് ഉപയോഗിക്കുക. തന്റെ ജീവിതം മനുഷ്യർക്ക് വേണ്ടി എന്ന സന്ദേശമായിരുന്നവത്. ഇന്ന് സഭാംഗങ്ങളുടെയും,സ്ഥാനികളുടെയും ജീവിതബോധ്യങ്ങൾ മനുഷ്യസ്നേഹത്തെക്കാളുപരി പ്രകടനാത്മകമാണ്. നവമാധ്യമങ്ങൾ ഈ പ്രകടനപരതയുടെ വാൽകണ്ണാടികളായി തീർന്നിരിക്കുന്നു. എന്തേ അങ്ങ് ഒഴികെ മറ്റൊരു ബുദ്ധനുണ്ടാവുന്നില്ലെന്ന ചോദ്യം ഉന്നയിച്ച തഥാഗതനോട് നാൽകവലയിലെ സഞ്ചാരികളുടെ മോഹങ്ങൾ ആരായുവാനാണ് ബുദ്ധൻ പറഞ്ഞത്. ആരും ബുദ്ധനാകണം എന്ന ആഗ്രഹം പ്രകടിപ്പിച്ചില്ല എന്ന് ശിഷ്യൻ; ആ പരീക്ഷണങ്ങൾക്കൊടുവിൽ ബുദ്ധൻ ആകുവാൻ ആഗ്രഹിക്കുന്നവനെ ബുദ്ധനാകൂവെന്ന് അടയാളപ്പെടുത്തിയ ഗുരുമൊഴിപൊലെ സഭാവിശുദ്ധി ആത്മശുദ്ധിക്കായി ആത്മവിചാരണയാചരിക്കാം.

2. സർവ്വേശ്വരനെ നശ്വരകൾട്ടിക്ക് സ്വരൂപങ്ങളിൽ തളയ്ക്കാതിരിക്കുക.

പ്രമുഖവ്യക്തിത്വങ്ങളെ പലരെയും പൂർവ്വ കൾട്ടിക്ക് പരിവേഷങ്ങളോട് ബന്ധിപ്പിക്കുക എക്കാലത്തെയും രീതിയാണ്. യേശുവിനെ കുറിച്ചുള്ള അഭിപ്രായങ്ങളിൽ യോഹന്നാൻ സ്നാപകൻ, ഏലിയ പ്രവാചകൻ എന്നിങ്ങനെയുള്ള വിഖ്യാത പ്രവാചകരെ കണ്ണിചേർക്കുന്നുണ്ട്. മൺമറഞ്ഞ പ്രവാചകരുടെ നിഴലിൽ നിന്ന് മാറ്റി തനിക്ക് അനുഭവേദ്യമായ യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന ഉത്തരമാണ് ശീമോൻ പത്രോസ് പങ്ക് വെക്കുന്നത്. ദൈവഭക്തിയെ കേവലം കൾട്ടിക്ക് ഭക്തിയാക്കി മാറ്റുന്ന മദ്ധ്യാകാല കത്തോലിക്കാ ശൈലികളുടെ അനുകർത്താക്കൾ സഭയിലും വർദ്ധിക്കുന്നു. ഉദ്ദിഷ്ട കാര്യസാദ്ധ്യത്തിനപ്പുറത്ത് സൃഷ്ടാവിനെ കർത്താവും,ദൈവവുമേ എന്ന് വിളിക്കാൻ മാർത്തോമ്മായെപൊലെ സാധിക്കുകയല്ലേ സഭാവിശുദ്ധീകരണ നാളുകളിൽ അവളുടെ മക്കൾക്ക് കരണീമായിട്ടുള്ളത്.

3. ഉതഫിതനെ ഉൾകൊള്ളാത്ത ഉപദേശങ്ങൾ

എറ്റുപറഞ്ഞതിനു തൊട്ടടുത്ത നിമിഷംക്രിസ്തുവിനെ തന്നെയൊന്നു തിരുത്തി വായിക്കുക. അതും ഭൗമീകമായ സോപാധിക ന്യായങ്ങളിലൂടെ! സാത്താൻ ഉദാത്ത ഉപദേശങ്ങളുടെ തമ്പുരാനാണ്. അത്

പതനങ്ങളുടെ ലോകത്ത് നമ്മെ കുടിയിരുത്തും. പത്രോസ് ശ്ലീഹാ ക്രിസ്തുവിനെ നഷ്ടപ്പെടുവാൻ ആഗ്രഹിക്കുന്നില്ല. ഇത് ലോകത്തിന്റെ വിവേകം. എന്നാൽ ബാർ എബ്രായ പറയുന്ന ഒരു ഉദാഹരണമുണ്ട്. ബുദ്ധിമാൻ ആരാണ് എന്ന് ഒരു താപസനോട് ചോദിക്കുമ്പോൾ, *ഈ ലോകത്തിലെ വസ്തുക്കൾ സ്വന്തമാക്കുന്നതിൽ സന്തോഷിക്കുന്നവൻ* എന്നാണ് ഉത്തരം. ക്രിസ്തുവിന്റെ ജീവനകല സ്വന്തമാക്കുന്നതിലല്ല, സ്വയം നൽകുകയും വീണ്ടെടുക്കുകയും ചെയ്യുന്ന ആത്മബലിയിലാണ്! ജോൺ ക്രിസോസ്റ്റം വിശ്വാസമാകുന്ന പാറയായി (the faith of his confession) പത്രോസിനെ കണ്ടു. ഇത് ക്രിസ്തുവിൽ ആത്മാവുറപ്പിച്ചപ്പോൾ ആയിരുന്നു. ദൈവഹിതങ്ങളെ അതിലംഘിക്കുമ്പോൾ നാം വെള്ളം പൊലെ തൂവിപോകുമെന്ന് ഓർക്കുക.

2015 നവം. 8

ഹൂദോസ് ഈത്തോ ഞായർ

വി: യോഹന്നാൻ 10:22 – 38

കൂടാരപെരുന്നാളിനുശേഷം ഏകദേശം മൂന്ന് മാസത്തിനപ്പുറമാണ് പ്രതിഷ്ഠാ പെരുന്നാളിലേക്ക് യഹൂദർ പ്രവേശിക്കുക. ഹനൂക്കാ എന്നറിയപ്പെടുന്ന ഈക്കാലം പ്രകാശത്തിന്റെ നാളുകൾ(festival of Lights) എന്നുള്ള വിശേഷണവുമർഹിക്കുന്നു. *അഗസ്തീനോസ്* എന്ന പാശ്ചാത്യ പിതാവ് ഈ വേദഭാഗം വ്യാഖിനിക്കുമ്പോൾ ഈ പ്രതിഷ്ഠാപെരുന്നാൾ (ഗ്രീക്ക് -എങ്കോണിയ) എന്നതിനോട് ചേർന്ന് കയ്നോസ് എന്ന ഗ്രീക്ക് പദമുപയോഗിച്ചത് ചുണ്ടികാണിക്കുന്നു. ആ പദത്തിനർത്ഥം പുതിയത് എന്നാണ്. എപ്പോഴൊക്കെ പുതിയ സമർപ്പണം നടക്കുന്നുവോ, അതിനെയാണ് പ്രതിഷ്ഠാപെരുന്നാൾ എന്ന് വിശേഷിപ്പിക്കേണ്ടത്. ഈ പെരുന്നാൾ നമുക്ക് ആവശ്യമായ നവസമർപ്പണത്തിലേക്ക് വിരൽ ചൂണ്ടുന്നു.

1. ആദ്ധ്യാത്മീകശൈത്യത്തിലൊരു ദൈവീകജ്വാല

ഒരു മഞ്ഞുകാലമാണ് ഈ സംഭവത്തിന്റെ പശ്ചാത്തലം. നീ ക്രിസ്തു ആണെങ്കിൽ ഞങ്ങളോട് സ്പഷ്ടമായി പറയുക എന്ന യഹൂദരുടെ വാക്കുകൾ ആത്മീയ ശൈത്യത്താൽ വിറയാർന്നതാണ്. ക്രിസ്തു ആകുന്ന ദൈവീകാഗ്നിയെ അറിഞ്ഞ് അഭിമുഖികരിച്ചെങ്കിൽ,അത് ഉണ്ടാകുമായിരുന്നില്ല. അവൻ സമീപസ്ഥനായി ചാരേയുണ്ടായിരുന്നെങ്കിലും അവർ അകലെയായിരുന്നു. ആത്മാവ് പാദങ്ങളാലല്ല,സ്നേഹത്തിലാണ് ചലിക്കുന്നത്,അത് കൊണ്ട് തന്നെ ആ ജൂതർ ക്രിസ്തുവിനോട് അകന്നിരുന്നു. ആദ്ധ്യാത്മീക ശൈത്യത്തിന് അറുതിയുണ്ടാവാൻ സ്നേഹാഗ്നിയായ ദൈവത്തെ അഭിമുഖികരിക്കണം. കുടുംബ ബന്ധങ്ങളിലും ഇടവകതലങ്ങളിലും ക്രിസ്തുവിൽ നിന്ന് അകലുമ്പോൾ ഉളവാകുന്ന ആദ്ധ്യാത്മീക ശൈത്യം ഇന്ന് പ്രകടമാണ്.

ക്രിസ്തു മതം സ്വികരിച്ച ബഹനാമെന്ന സ്വന്തം മകനെ വിജാതിയ അസീറിയൻ രാജവായ സെൻഹരീബ് വധിച്ചുവെങ്കിലും പിന്നീട് ആ കുറ്റബോധത്താൽ വ്രണിതനായ അദ്ദേഹം മകനെ വിശ്വാസബോധനത്താൽ ക്രിസ്തുവിനോട് ചേർത്ത മത്തായി എന്ന സന്ന്യാസിയുടെ ശിഷ്യനായി മകന്റ പേരിൽ മൂസലിൽ മോർ ബഹനാം ദയറ പണികഴിപ്പിച്ചു നൽകി. ഇത് സമർപ്പണവും പ്രതിഷ്ഠയുമായിരുന്നു. അനുതാപത്തിലൂടെ പുനപ്രതിഷ്ഠ നടത്തിയ ആ പിതാവ് അതിനാൽ അനശ്വരനായി. ക്രിസ്തുവെന്ന ഭൗമീക മശിഹായെ മാത്രമാണ് യഹൂദർ അന്വേഷിക്കുന്നത്. അറിവിന്റെ ജിജ്ഞാസ ശമിപ്പിക്കുവാനുള്ള നേരം കൊല്ലൽ സംവാദങ്ങളല്ല ദൈഭക്തി; ജീവിതത്തിന്റെ പ്രായോഗിക പ്രതിഷ്ഠയാണ്.

2. നിത്യമേച്ചിൽപ്പുറവും കരുതലിന്റെ സംഗീതവും

ഒരുപാടു പേർ പുറമേയുണ്ടായിരുന്നിട്ടും, ചിലർ മാത്രം മായാത്ത പാദമുദ്രകളുമായി നിങ്ങളുടെ ഹൃദയത്തിലേക്ക് കടന്ന് വരുന്നത് പൊലെ...ചിലർ ദൈവരാജ്യത്തിന്റെ ഇടുങ്ങിയ കാവാടം കടക്കുമെന്ന് ഒരു അജ്ഞാത കവി എഴുതിയിട്ടുണ്ട്.

യേശു നിത്യതയുടെ താക്കോലായിരുന്നു. ഈ വേദഭാഗത്ത് എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നുവെന്ന സവിശേഷമായ അടയാളപ്പെടുത്തൽ ഉണ്ട്. ആടുകളായി തീരുന്നത് യേശുവിൽ വിശ്വസിക്കുന്നതിലൂടെയാണ്. അവനിലേക്ക് പ്രവേശിക്കുന്നത് വിശ്വസിക്കുന്നതിലൂടെയാണ്. ജീവിതം തന്നെ മരണത്തിലേക്കുള്ള പ്രയാണമായ് തീരുന്ന ഭൗമീകവാസത്തിൽ നാം വിശ്വാസത്തിൻരെ വാതിലിലൂടെ നിത്യതയുടെ മേച്ചിൽപ്പുറങ്ങളിലേക്ക് പ്രവേശിക്കുന്നു.

നിത്യത നല്ല മേച്ചിൽ സ്ഥലമാകുന്നു. അവിടെ ഒന്നും തന്നെ നമ്മിൽ നിന്ന് ഛേദിക്കപ്പെടുന്നില്ല. തന്റെ ആട്ടിൻപ്പറ്റം നശിച്ചുപോകാത്തവയാണ്. ആരും അവയെ എന്റെ കൈയിൽ നിന്ന് പിടിച്ച് പറിക്കുകയില്ല എന്ന് പറയുന്നത് ഗൗരവമായ് കാണേണ്ടതാണ്. തനിക്കുള്ളവയെ കർത്താവ് അറിയുന്നുവെന്ന് (2 തിമോ 2: 19)പൗലോസ് അപ്പോസ്തോലനും ഓർമ്മിപ്പിക്കുന്നുണ്ടല്ലോ.

3. സ്രഷ്ടാവിൽ സ്വയം പ്രതിഷ്ഠിച്ച് പ്രതിഭയാകുക

അഗസ്തീനോസിലേക്ക് തിരികെ വരാം .അദ്ദേഹം എഴുതുന്നു, *മനുഷ്യരായ നമുക്ക് നമ്മിൽ തന്നെ പ്രകാശമില്ലാത്തതിനാൽ കണ്ണുതുറന്ന് അതിനേ അംഗീകരിക്കുകയും, കണ്ണടച്ച് അതിന്റെ ഇല്ലായ്മയെഅറിയുകയും ചെയ്യുന്നു , എന്നാൽ എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്ന ആനാദ്യന്തനായ ദൈവത്തെ ഇപ്രകാരം വീക്ഷിക്കുക എത്ര സങ്കുചിതമാണ്.* സ്രഷ്ടാവിൽ സ്വയം പ്രതിഷ്ഠിച്ച് പ്രതിഭയാകുവാൻ നമുക്ക് കഴിയേണ്ടതാണ്. പ്രതിഭകൾ രൂപപെടുന്നത് പ്രതിഷ്ഠയിലൂടെയാണ്.തിബറ്റൻ ജനതയുടെ ആത്മീയ നേതാവായ ദലൈലാമ(ജ്ഞാനസാഗരം എന്നാണ് ഈ പേരിന്റെ അർത്ഥം.)പതിനറാം വയസ്സിൽ ഭരണാധികാരം ഏറ്റെടുക്കേണ്ടി വന്നു. എന്നാൽ ചൈനയുടെ സാമ്രാജ്യ താൽപ്പര്യങ്ങൾ മൂലം 1959-ൽ ചൈനയ്ക്കെതിരായ കലാപം ലാസയിൽ പൊട്ടിപുറപ്പെട്ടപ്പോൾ അദ്ദേഹം നാടുവിടാൻ നിർബന്ധിതനായി. പത്തുലക്ഷത്തിലേറെ തിബറ്റൻ ജനത കൊല്ലപ്പെട്ടപ്പോഴും അക്രമത്തിലധിഷ്ഠിതമായ വിമോചനസമരത്തെ അദ്ദേഹം ഏതിർത്തിരുന്നു.കരുണയുടെ കാതലാണ് ദൈവം എന്ന് ലോകത്തെ ഓർമ്മിപ്പിച്ച ഈ ഗുരു

സ്വയം ഈശ്വരന് പ്രതിഷ്ഠിച്ചിരുന്നു. അദ്ദേഹം കാരുണ്യത്തിന്റെ ദൈവീകത പകർന്ന് നൊബൽ സമ്മാനർഹനായത്. അത് കൊണ്ട് തന്നെയെന്ന് പറയാം.

2015 നവം. 15

സക്കറിയായോടുള്ള അറിയിപ്പിന്റെ ഞായർ

വി: ലൂക്കോ. 1:5 – 25

നീതിയുടെ ബദലിനായ് ഒരു അറിയിപ്പ്

നീതിയോടെ ജീവിച്ചവർക്ക് പൈതൃക വഴികളിൽ പുണ്യം പകരുന്ന ദൈവകൃപയാണ് ഈ വേദപരിഛേദം അവതരിപ്പിക്കുന്നത്. നിഷ്ഫലമെന്ന് കരുതുന്ന ചില ജീവിതങ്ങൾക്ക് ലോകത്തിന് മാർഗ്ഗം പകരുവാൻ കഴിയുമെന്ന് ഇവിടെ നാം തിരിച്ചറിയുകയാണ്. ദൈവത്തിന് മുമ്പാകെ നടന്നവർ ലോകത്തിൽ പിമ്പന്മാർ ആയിരുന്നു. മക്കളില്ലാത്ത അപമാനങ്ങളിലൂടെ ജീവതം പുരോഗമിച്ച വൃദ്ധരായ അവർ ലോകബഹുമാനങ്ങളുടെ അടയാളമേ ആയിരുന്നില്ല. എന്നിട്ടും സഖറിയാ പുരോഹിതനെ അനശ്വരനാക്കുന്നത് ഏത് തരത്തിലുള്ള അലങ്കരങ്ങളായിരിക്കും? ഇനി ഉത്തരങ്ങളിലേക്ക്...

1. പൈതൃകമായി പകരപ്പെടുന്ന വിശ്വാസ സ്ഥൈര്യം

ദാവീദ് രാജാവ് അഹറോന്റെ വംശക്കാരെ ഇരുപത്തിനാലു ഗണമായി വിഭജിക്കുകയും അവർക്കുള്ള ദൗത്യങ്ങൾ നറുക്കിട്ട് (ചീട്ടീട്ട്) തീരുമാനിക്കുന്ന വിധം(ദിനവൃത്താന്തം 24) ക്രമീകരിച്ചു. ഇതിൽ എട്ടാമത്തെതാണ് അബിയാഗണം. ബർസ്ലീബിയെന്ന സുറിയാനി പിതാവ് കുറിച്ചത്, ഇപ്രകാരം കലർപ്പില്ലാത്ത ഒരു പൈതൃകം കാത്ത് സൂക്ഷിച്ച കുടുംബപശ്ചാത്തലം സഖരിയാ-എലിശുബാ ദമ്പതികൾക്കുണ്ടായിരുന്നുവെന്നാണ്. പുരോഹിത കുടംബങ്ങൾ മറ്റു കുടുംബങ്ങളുമായി വിവാഹബന്ധത്തിൽ കലർത്തപ്പെടാതെ നില നിൽക്കുകയെന്നത് ആഭിജാത്യത്തിന്റെ അടയാളമായി യഹൂദർ കരുതിയിരുന്നു. എലിശുബായുടെ കുടുംബം ഇത്തരത്തിലൊന്നായിരുന്നു.

പ്രമുഖ നരവംശശാസ്ത്രജ്ഞനായ *കാൾസാഗന്റെ* റിപ്പോട്ട് ടു ഗ്രേയ്ക്കോയിൽ സൂചിപ്പിക്കുന്ന ഒരു കാര്യമുണ്ട്, *ഇന്ന് ആധുനികനെന്നോ, ഉത്തരാധുനികനെന്നോ നാം പറയുന്ന മനുഷ്യരിൽ അവന്റെ പൂർവ്വികനായ ഒരു നായാട്ടുകാരന്റെ ചിന്തകൾ വരെ ജീനുകളാൽ സംവഹിക്കപ്പെടുന്നു* എന്ന്. പ്രാർത്ഥനാത്മകമായ് ദൈവത്തോട് ചേർത്ത് വച്ച ജീവിതങ്ങളിലൂടെ ദൈവകൃപ പ്രവഹിക്കുന്ന അനുഗ്രഹമാണ് സഖറിയായ്ക്ക് ലഭിക്കുന്നത്. ഒരു പക്ഷെ അത് അയാൾക്ക് തന്നെ അവിശ്വസനീയമായി തോന്ന തക്കവിധം അതിശയനീയമായിരുന്നു. ഈ വിസ്മയം നിഗൂഢമായ ഒരു ധ്യാനം കണക്ക് യോഹന്നാന്റെ ജനനം വരെ തുടർന്നു.നമ്മുടെ ജീവിതത്തിലെ ചില ദൈവീകമായ അടയാളങ്ങൾ; രോഗവും,പ്രശ്നങ്ങളും,മരണവും ഒക്കെ വളരെ വൈകിമാത്രം പൊരുൾ വെളിപെടേണ്ട ഒന്നാണെന്ന് ഒന്ന് ചിന്തിച്ചു നോക്കൂ. ദൈവത്തെ ഗ്രഹിക്കുവാൻ മൗനത്തിന്റെ ചാരുതയണിയാം നമുക്ക്.

2. കൃപയുടെ ദൂരം നിയോഗത്തിന്റെ സുഗന്ധം വഹിക്കുക

ദിനം തോറും സാധിക്കേണ്ട നേട്ടങ്ങളുടെ പട്ടിക കാത്ത് സൂക്ഷിക്കുന്നവർക്കിടയിൽ, ഇതാ ഒരാൾ ധൂപകലശമേന്തി ആയുഷ്ക്കാല സായൂജ്യത്തിലേക്ക് പാദമൂന്നുന്നു. ധൂപാരാധന ദിവസം പ്രതി, രാവിലെയും വൈകിട്ടും നടത്തിയിരുന്നു.ഓരോ ഗണത്തിലും അനേകം ആചാര്യന്മാർ ഉണ്ടായിരുന്നതിനാൽ ഇരുപത്തി നാലു ഗണങ്ങളിൽ, ഓരോ ഗണവും ഓരോ ആഴ്ച്ച ദേവാലയ ശുശ്രൂഷകൾ നടത്തുവാൻ കഴിയുംവിധം നറുക്കിട്ട് നിശ്ചയിക്കുകയായിരുന്നു രീതി. അതിനാൽ ആയുഷ്ക്കാലത്ത് ഒരിക്കൽ മാത്രമെ ഈ ബഹുമതിക്ക് അർഹതയുണ്ടായിരുന്നുള്ളൂ.

ആചാര്യന്മാർ മാത്രം പ്രവേശിക്കുന്ന വിശുദ്ധ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ധൂപപീഠം. ഇവിടെക്കാണ് ജനം പാപപരിഹാരത്തിനായ് കണ്ണീർ പൊഴിച്ച് പ്രാർത്ഥിക്കവെ,സഖറിയ പ്രവാചകൻ ധൂപാർപ്പണം നടത്തുവാനെത്തുന്നത്.സഖറിയായുടെ പ്രാർത്ഥന കേൾക്കപ്പെട്ടിരിക്കുന്നുവെന്ന അറിയിപ്പ് പ്രധാനമാണ്. ചില നിയോഗങ്ങൾക്ക് ദൈവം നിശ്ചയിക്കുന്ന നിശ്ചിത ഇടങ്ങൾ ആവശ്യമുണ്ട് എന്നോർക്കേണ്ടതല്ലെ? യോഹന്നാന്റെ മുൻകൂട്ടിയുള്ള തിരഞ്ഞെടുപ്പ് അനന്യമാണ്. മുമ്പ് യിരമ്യാ പ്രവാചകനിൽ മാത്രമാണ് ഇത്തരമൊരു തിരഞ്ഞെടുപ്പ് ഉണ്ടായിട്ടുള്ളത്..നമുക്കും,കൃപയുടെ ദൂരം നിയോഗത്തിന്റെ സുഗന്ധധൂപമേന്തുമ്പോൾ ആയുഷ്ക്കാലത്തെ അനന്യമായ കൃപ സമ്പാദിക്കുവനാകും.

3. ധാർമ്മീക സംസ്ക്കാരത്തിലൂടെ ഒരു ബദൽ

ഉന്നതമായ ധാർമ്മീകതയുടെയും ഉദാത്തമായ നീതിബോധത്തിന്റെയും തലമുറ സങ്കലപ്പങ്ങളൊക്കെ കടലെടുത്ത പോയ നമുക്ക്, ഒരു യോഹന്നാൻ സ്നാപകനെ കുറിച്ച് മാലാഖാ പകർന്ന് നൽകുന്ന ബോധ്യങ്ങൾ വെളിച്ചം പകരേണ്ടവായാണ്. വീഞ്ഞും മദ്യവും കുടിക്കാത്തവൻ എന്നിങ്ങനെയുള്ള വ്രതനിഷ്ഠയുടെ കാർക്കശ്യമുള്ള, ശിംശോന്റെയും ശമുവേലിന്റെയും പരമ്പരയിൽ ഒരു കണ്ണിയെ കുറിച്ചുള്ള ബോധ്യമാണത്. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത യാചിക്കുകയല്ലാതെ, ആ ധാർമ്മീക ഹിമാലയ വിശുദ്ധിയിലേക്ക് വളരുവാൻ വിശ്വാസികൾ ആഗ്രഹിക്കുന്നുണ്ടോ? ഇന്ന് കാര്യങ്ങൾ പ്രേമം സിനിമ കണക്കായിരിക്കുന്നു. വിജ്ഞാനകേന്ദ്രങ്ങളെ കറുത്ത ഉടുപ്പിന്റെ ഫാഷനിസത്തിൽ തളച്ചിടുന്നതിനപ്പുറം നമ്മുടെ ധാർമ്മീകത ഉയരാത്തതെന്താവാം? ഒരു നവജീവിതധാരയുടെ മുഖകുറിപ്പാണ് മാലാഖ സഖറിയ പ്രവാചകന് നൽകുന്ന ബോധ്യങ്ങൾ. നവ തലമുറയെ കുറിച്ചുള്ള നമ്മുടെ സ്വപ്നമായി ഇത് തീരുമെങ്കിൽ അതിജീവനത്തിന്റെ ഒരു സാംസ്ക്കാരിക ബദൽ നമുക്കും വെളിപ്പെട്ടിരിക്കുന്നുവെന്ന് പറയാം.

2015 നവം. 22

ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ

വി: ലൂക്കോ. 1:26 – 38

മാർ അപ്രേം വചനിപ്പ് (സൂബോറോ)പെരുന്നാളിന്റെ പ്രാധാന്യത്തെ വിവരിക്കുന്നത് ശ്രദ്ധേയമാണ്. 'പുത്രൻ തമ്പുരാൻ മുള്ളുകളെയും മുൾച്ചെടികളെയും കത്തിച്ച് കളയാനെത്തുന്ന സജീവമായ തീക്കട്ടയാണ് ' (ഉൽപ്പത്തി

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

3:18;യെശ 9: 17,19)എന്നദ്ദേഹം എഴുതി. അവൻ ശാപങ്ങളിൽ നിന്നും,വേദനകളിൽ നിന്നും വാഗ്ദത്തനിവൃത്തിയാൽ ലോകത്തെ സന്തോഷിപ്പിച്ചു. എപ്പോഴും വിസ്മയിപ്പിക്കുന്ന ഒരതുല്ല്യ പ്രപഞ്ചമായ് മാറുന്നുണ്ട് കന്യകമറിയം. ദൈവത്തെ വഹിക്കുന്നതാണ് ഈ കൃപയുടെ വിസ്മയത്തിന് നിദാനം.കന്യകയിൽ ഉരുവായ അത്ഭുത പ്രജ യേശുവാണ്. എബ്രായഭാഷയിൽ അതിന് അർത്ഥം രക്ഷകൻ എന്നാണല്ലോ. ഇത് അത്ഭുതശിശുവിന്റെ സ്വഭാവത്തെയല്ല; പ്രവൃത്തിയെയും നിയോഗത്തെയും കുറിക്കുന്നു. മാലാഖയുടെ വചനിപ്പിലൂടെ നിയോഗത്തിന്റെ എരിയുന്ന മുൾപടർപ്പായി മാറിയ(പുറ 3:2) വി.കന്യാമറിയാമിനെ കാണുക

1. ആത്മവിശുദ്ധിയിൽ ശക്തരാവുക

മാലാഖാ മറിയത്തിന് പ്രത്യക്ഷപ്പെട്ടത് പ്രാർത്ഥനയുടെ നിമിഷങ്ങളിൽ ഭവനത്തിൽ വെച്ചായിരുന്നുവെന്നതാണ് സഭയിലെ സ്വീകര്യമായ വിശ്വാസം. പ്രാർത്ഥന ആത്മവിശുദ്ധിയുടെ മാറ്റുരയ്ക്കുന്ന വിനാഴികയാണ്. ഉരുവാകുവാൻ പോകുന്ന അത്ഭുതപ്രജയെക്കുറിച്ചുള്ള ഗബ്രിയേൽ മാലാഖയുടെ പ്രവചനം മൂന്ന് വയസ്സ് മുതൽ പന്ത്രണ്ട് വയസ്സ് വരെ ദേവാലയപശ്ചാതലത്തിൽ വളർത്തപ്പെട്ട ആ കന്യകയ്ക്ക് സംഭ്രമമുണ്ടാക്കിയിരിക്കാം. പക്ഷെ പക്വമായ പ്രതികരണങ്ങളിൽ നിന്ന് തിളങ്ങുന്ന വ്യക്തിത്വം നമുക്ക് തിരിച്ചറിയാനാകും. സുറിയാനി പിതാക്കന്മാർ പറയുന്നത്, ആ ബാലിക തനിക്ക് ലഭിച്ച ബഹുമാന്യതയെയും സംബോധനയുടെ കാരണത്തെയും കുറിച്ച് പരിഭ്രമിച്ചുവെന്നാണ്. മറിയാം സഖറിയായെപ്പൊലെ സംശയിക്കുകയായിരുന്നില്ലെന്ന് ഇത് വ്യക്തമാക്കുന്നു. 'പുകഴ്ച്ചയുടെ അഭിവാദനങ്ങൾ' ഭയപ്പെടുന്ന മറിയം, അകവും പുറവും പരിശുദ്ധമായ സാക്ഷ്യപ്പെട്ടകമായ് സ്വത്വശുദ്ധിയിൽ പ്രകാശിക്കുന്നു.

ദൈവത്തോടുള്ള വിധേയത്വം ആ ബാലികയ്ക്ക് സ്വതസിദ്ധസാഹചര്യങ്ങളിൽ നിന്ന് ലഭിച്ചിരുന്നു. എന്നാൽ പക്വതയുള്ള വിമർശനങ്ങളിലൂടെയാണ് സീയോൻ പുത്രിയിലെ അനന്യ മാതൃക വെളിപ്പെടുന്നത്. *'ഇതെങ്ങിനെ സംഭവിക്കുമെന്നത്'* വിശദീകരണം അറിയുന്നതിന് വേണ്ടിയുള്ള ചോദ്യമാണ്. ഒപ്പം തന്റെ വ്യക്തിത്വ വിശുദ്ധിയെക്കുറിച്ചുള്ള ബോധ്യം ആ വാക്കുകളിൽ നിറഞ്ഞിരുന്നു. അതവളെ ആ ദൂതനോട് ചോദ്യം ഉന്നയിക്കാൻ കരുത്തുറ്റതാക്കി. സമകാലിക ജീവിത പരിസരങ്ങൾ വ്യക്തിത്വ വിശുദ്ധിയെ ഹനിക്കുന്നവിധം മലിമസമാക്കപ്പെട്ടിരിക്കുന്നു. ആത്മവിശുദ്ധി ദൈവസന്നിധിയിൽ നമ്മെ കരുത്തുറ്റതാക്കുന്നു. ആത്മവിശുദ്ധിക്കായി മരുഭൂമിയിൽ ഇടം അന്വേഷിക്കുന്ന താപസർക്കിടയിൽ ഈ മാതാവ്, ലെബാനോനിലെ ദേവദാരുപൊലെ വിളങ്ങുന്നു. സാധാരണ ജീവിത തലങ്ങളിൽ നിന്ന് വിശുദ്ധജീവിതം നയിക്കാനാവുമെന്നതിന്റെ ഉദാഹരണമാണ് മാതാവ്.

2 അത്യുന്നതന്റെ സന്ദേശ സ്വീകരണികൾ

ഗബ്രീയേൽ ദൂതന്റെ സന്ദേശത്തെ സ്വീകരിപ്പാൻ കെൽപ്പുള്ളതായി തീരുന്നത് മറിയാമിന്റെ ജീവിതത്തിന്റെ സാക്ഷ്യമാണ്. ഇന്ന് സന്ദേശങ്ങൾ അയ്യക്കുവാനും,സ്വീകരിപ്പാനും നവമാധ്യമങ്ങൾ അനവധിയാണ്. കാലത്തിനതീതമായി സഞ്ചരിക്കുന്ന തലമുറയാണിത്. വർത്തമാനത്തിനൊപ്പം നടന്നിട്ടും വർത്തമാനം പറയാൻ മടിക്കുന്നവർക്ക് എന്താണ് കൈമാറാൻ കഴിയുക. കൊച്ചുകുഞ്ഞുങ്ങൾക്ക് പോലും നിർമ്മലരായിരിക്കുവാൻ സാധിക്കാത്ത വിധം ജീർണ്ണിച്ച നമ്മുടെ പുത്തൻ ജീവിത ശൈലി ഒരു ആത്മീയ ബദൽ തേടുന്നില്ലേ?. വായനയിലും വർത്തമാനത്തിലും കാഴ്ച്ചയിലും അശ്ളീലം ശീലമാക്കുന്നവർക്ക് എങ്ങിനെയാണ് ദൈവത്തെ ഉൾകൊള്ളാനാവുക. വചനിപ്പ്,വചനകേൾവിയിലെ അധാർമ്മീക ക്രൈസ്തവ രീതികളെ ചോദ്യം ചെയ്യുന്നുണ്ട്. മിണ്ടാതിരുന്ന് ദൈവത്തെ അറിയുന്ന മുനിതുല്ല്യമായ ദൈവസംസർഗത്തിലൂടെ ഈ ഭൗമീകകന്യക നമ്മെ വചന സംഗ്രഹണത്തിന്റെ സൗന്ദര്യത്തിലേക്ക് ആനയിക്കുന്നു.



നന്ദി... നന്ദി...

മലങ്കരസഭ മാസികയിൽ ഒരു വർഷമായി *വേദമൊഴികൾ* പകർന്നത് പ്രശസ്ത കൺവൻഷൻ പ്രസംഗകനും എഴുത്തുകാരനുമായ ഫാ. ഫിലിപ്പ് തരകൻ തേവലക്കരയാണ്. മലങ്കരസഭ മാസിക വായനക്കാരുടെ ഹൃദയപൂർവ്വമായ നന്ദി.

3. ആത്മശാക്തികരണത്തിന്റെ സ്ത്രീ മാതൃക

ദർശനങ്ങളുടെ മേഘതേജസ്സുള്ള വാനവസന്ദേശങ്ങൾ പഴയനിയമകാലത്ത് ആമോസും ,ദാനിയോലും,യെശയ്യാവുമെല്ലാം കേട്ടിരുന്നു. ദൈവത്തെ അനുസരിച്ച് സ്വയം ശക്തി പ്രാപിക്കുന്നത് നാം ദൈവമാതാവിൽ നിന്ന് പഠിക്കേണ്ടതാണ്. വിവാഹനിശ്ചയം കഴിഞ്ഞുമാത്രമിരിക്കുന്നവൾ ഗർഭവതിയാണെന്നറിഞ്ഞാൽ കല്ലെറിഞ്ഞ് കൊല്ലണം എന്ന ജൂതരീതികൾ ഈ ധീരയായ കന്യകയേക്ക് അജ്ഞാതമല്ല.ഈ അനുസരണത്തിന് ജീവിതം തന്നെ വില നൽകേണ്ടിവരുമെന്നറിഞ്ഞിട്ടും ദൈവഹിതത്തിന് തന്നെ സമർപ്പിച്ച് സ്വയം ശക്തീകരിക്കുന്ന അനുഭവം ആത്മീയജീവിതം നൽകുന്ന ഉൾകരുത്തിനെ സൂചിപ്പിക്കുന്നു. *'ഇതാ ഞാൻ കർത്താവിന്റെ ദാസി'* എന്ന വാക്കുകളിൽ എല്ലാം ജഗദ്സൃഷ്ടാവായ യജമാനന്റെ ഇഷ്ടത്തിന് സമർപ്പിക്കുന്ന മാത്രം വിനീതയായവളുടെ വിധേയത്വമാണ്. ദൈവഹിതത്തിന് വിട്ട്കൊടുക്കുക തന്നെ ശാക്തികരണത്തിന്റെ മാർഗ്ഗം.

2015 നവം. 29

എലിസബത്തിന്റെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്ര

വി: ലൂക്കോ. 1:39-56

പിതാക്കന്മാരുടെ വിശ്രമസ്ഥാനത്തേക്ക്, അവരുടെ അസ്ഥികളലിഞ്ഞ മലനാട്ടിലേക്കാണ് മറിയാം ബദ്ധപ്പെട്ട് യാത്രചെയ്യുന്നത്. ഈ യഹൂദ്യാ പട്ടണം ഊർശ്ലേമെന്നും ഹെബ്രോനെന്നുമുള്ള ഭിന്ന അഭിപ്രയങ്ങൾ ഇവിടെ വിസ്മരിക്കേണ്ടതില്ല. സ്നേഹപരിചരണങ്ങളാൽ വേദന യാറ്റുന്ന ആതുരശുശ്രൂഷയ്ക്കുള്ള അമ്മമനസ്സ് കുഞ്ഞിലേക്ക് പകരുകയായിരുന്നുവോ എന്ന് തോന്നിപ്പിക്കുന്നതാണ് ഈ വേദഭാഗം. ഗർഭസ്ഥിതനായ ദൈവപുത്രന്റെ മഹനീയ മനുഷ്യാവതാത്തിൽ സൃഷ്ടികളെ ആലിംഗനം ചെയ്യുന്ന കൃപയുടെ വിനിമയത്തെ നാമിവിടെ ദർശിക്കുന്നു. ഇത് കൃപാ യുഗം പഴമയെ സ്പർശിക്കുന്ന നിമിഷമായി കാണാം. മാതൃസഹോദരിയായ എലിസബേത്തിന്റെ വന്ധ്യത്വം നീങ്ങിയ മഹാത്ഭുതം പരിശുദ്ധാത്മാവിൽ അറിഞ്ഞതിലുള്ള സന്തോഷം മറിയാമിന്റെ വിശ്വാസത്തിനും ബോധ്യത്തിനും ആഴമേറ്റുന്നതായി തീരുന്നു. മാതാവിലൂടെ കർതൃസാന്നിദ്ധ്യം അറിയുന്ന എലിസബേത്തിലൂടെ പ്രകാശിക്കുന്നത് ഒരു ഭക്തജീവിതം സാക്ഷാത്കരിക്കേണ്ട ഘടകങ്ങളാണ്.

1. അഭിവാദനങ്ങളുടെ ആത്മാവ്:

ദൈവമാതാവിന്റെ വന്ദനം എലിശുബായിൽ വിശുദ്ധാത്മ നിറവ് പകർന്നു.അവളുടെ ഉദരത്തിലെ ശിശു കുതിച്ചുചാടി. ഉള്ളിലെ ശിശുവിന്റെ ആനന്ദം അമ്മയുടെ വാക്കുകളിൽ നിറയുന്നു. (വി.ലൂക്കോ 1.41-45) വാഗ് പ്രാകശം എന്ന പ്രയോഗം തന്നെ മലയാളത്തിലുണ്ട്. നല്ല വാക്കുകൾ ഉച്ചരിക്കുന്നവർക്ക് ചുറ്റും ഈശ്വരൻ പ്രകാശിക്കുന്നു. വാക്കുകൾ വിഷലിപ്തമാകുന്ന കാലമാണിത്.ഒരു കേന്ദ്ര മന്ത്രി മുൻ ഇന്ത്യൻ പ്രസിഡണ്ട് അബ്ദുൾ കലാമിനെക്കുറിച്ച് പരമാർശിക്കവെ, കലാം മുസ്ലീമാണെങ്കിലും ദേശസ്നേഹിയാണ് എന്ന ഒരു പ്രസ്താവന നടത്തി. ഈ സംബോധനയിൽ ഇസ്ലാമിനെ ദേശവിരുദ്ധർ എന്ന് തോന്നിപ്പിക്കുന്ന ധ്വനിയുണ്ട് എന്ന മുസ്ലിം വിഭാഗത്തിലെ ചിലർ വേദനയോടെ പ്രതികരിച്ചു. ഇത്തരം പ്രകോപന പരാമർശങ്ങൾക്കിടയിൽ ഇതാ കന്യക മറിയാമിന്റെ വിനയാന്വിത വന്ദനം. ഇത് ജീവിതഭാവമാക്കുക.

ഏശാവിനോട് ഉപായം പ്രവൃത്തിച്ചവനായ യാക്കോബ് തരികെ വരുമ്പോൾ ഏശാവ് നിഷ്കളങ്കമായി തന്റെ സഹോദരനെ ആശ്ലേഷിക്കാൻ എത്തുന്നത് കാണുക(ഉൽപ്പത്തി 33.1-7).അവിടെ സ്നേഹത്തിന്റെ കണ്ണീരുപ്പ് പരക്കുന്നു.ഇത് പൊലെ പരിശുദ്ധാത്മാ മുദ്രിതമായ സ്നേഹത്തിന്റെ ഒരു വിനിമയ ഭാഷ നാം രൂപപെടുത്തേണ്ടതാണ്. വിനയവും, സ്നേഹവും പ്രതിഫലിപ്പിക്കുപ്പിക്കുന്ന

2. ആദരവിന്റെ ആത്മചൈതന്യം

'എന്റെ കർത്താവിന്റെ അമ്മയെന്ന' വിശേഷണം ആത്മ നിറവിൽ എലിസബേത്ത് ഉപയോഗിക്കുന്നു. മൂത്തവനായ യോഹന്നാൻ ഇളയവനായ യേശുവിന് ശുശ്രൂഷചെയ്യുമെന്ന ബോധ്യമുള്ള അഭിവാദനമാണിത്. അവനോ വളരണം, ഞാനോ കുറയേണം(യോഹ3.30)എന്ന സ്നാപക തത്വം എലിശുബാ ഇവിടെ മറ്റ് വാക്കുകളിൽ പറയുകയാണ്. ആത്മ ചൈതന്യമെന്നൊക്കെ നാം പറയുന്നത് എലിസബേത്തിൽ നിന്ന് ഗ്രഹിക്കുക. മാംദാനയിൽ വിളങ്ങുന്ന ശൂന്യവത്ക്കരണത്തിന്റെയും ആദരവിന്റെയും വാചാലത അവന്റെ അമ്മയുടെ മഹത്വം കൂടിയാണ്. 'വിജ്ഞാനം വിനയത്തിന്റെ സംസ്ക്കാരമാണ്' എന്ന ജിബ്രാൻ കുറിപ്പിനൊപ്പം ദൈവികത ആദരവിന്റെ സംസ്ക്കരമാണ് എന്നും കൂട്ടിവായിക്കാം

3. സമാശ്വാസത്തിന്റെ പാരസ്പ്പര്യം

പെരുമ്പടവം ശ്രീധരൻ ഒരിക്കൽ ഇപ്രകാരം എഴുതി, 'ദുഖം ഉള്ളിലൊതുക്കിയിരിക്കുന്ന ഏകാന്തതയുടെ നിമിഷങ്ങളിൽ ഒരു കരം എന്റെമേൽ പതിയുന്നതായി തോന്നും; ചിലപ്പോൾ നടുക്കത്തോടെ മുഖമുയർത്തുമ്പോൾ അരുകിൽ ക്രിസ്തുവായിരിക്കും.' തനിക്ക് ക്രിസ്തുവിൽ നിന്ന് ലഭിച്ച സാന്ത്വനത്തിന്റെ അനുഭവമാണ് ഈ വാക്കുകൾ. പരസ്പരം സാന്ത്വനം പകരുന്ന ഒരു സന്ദർശനമായിരുന്നു മാതാവിന്റേത്. എലിസബേത്തിന്റെ സാന്നിദ്ധ്യവും വാക്കുകളും മറിയത്തെ ശക്തിപ്പെടുത്തുന്നവയായിരുന്നു. 'എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരാൻ തക്കവണ്ണം.'.. എന്ന വാക്കുകൾ തന്നെ മറിയത്തെ ശക്തിപ്പെടുത്തുന്നതായിരുന്നു. ലോകം അവൾക്ക് എത്രമാത്രം ആദരവ് സൂക്ഷിച്ചിരുന്നുവെന്നും അത് സൂചിപ്പിച്ചിരുന്നു. 'നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു. നിന്റെ ഉദരഫലവും അനുഗൃഹീതമാകുന്നുവെന്ന' വാക്കുകൾ സാന്ത്വനത്തിന്റേത് കൂടിയാണ്.

ദൈവഹിതത്തിന് സമർപ്പിച്ച ബാലികയക്ക് സമർപ്പണ വഴിയിൽ നിലനിൽക്കുവാനിത് ഊർജ്ജം പകരുന്നു. *ദൈവത്തിന്റെ ശാക്തീകരണ പ്രവൃത്തനമായിരുന്നു മനുഷ്യവതാരം.* വീണ് പോയ മനുഷ്യൻ വീണ്ടും എഴുന്നേൽക്കുവാൻ ബലം പകരുന്ന അനുഭവമായിരുന്നു അത്. മാർ അപ്രേം പിതാവ് തന്റെ വ്യാഖ്യാനത്തിൽ ഇപ്രാകാരം കുറിച്ചു, *'മൃതനായ ഒരു ആദത്തിന് ശേഷമാണ് താൻ വന്നിരിക്കുന്നത് എന്ന് കാണിക്കുവാൻ നമ്മുടെ കർത്താവ് മൃതപ്രായമായ ഉദരത്തിൽ തന്റെ മുന്നോടിയെ ഒരുക്കി. താൻ ആദ്യം എലിസബേത്തിന്റെ ഉദരത്തെ ജീവിപ്പിച്ചു. പിന്നീട് തന്റെ ശരീരത്തിലൂടെ ആദത്തിന്റെ മണ്ണിനെയും ജീവിപ്പിച്ചു.'* മനുഷ്യവതാരത്തിന്റെ മർമ്മത്തിന് മനോഹരമായ പ്രതിഫലനമാണ് എലിസബേത്തിന്റെ വാക്കുകൾ. *നാമെല്ലാവരും ഒരേ കിനാവ് കാണുന്നതെന്നാണ്* എന്ന് നിത്യ ചൈതന്യ യതി ചോദിക്കുന്നുണ്ട്. മശിഹായെന്ന മനുഷ്യരാശിയുടെ ഒരേ കിനാവിന്റെ സ്പന്ദനങ്ങളുടെ ഈണമാണ് ഇന്ന് നാം കേൾക്കുക. ഇതുപൊലെ കരുതലിന്റെയും സ്നേഹവായ്പിന്റെയും സംസ്ക്കാരം നാമെന്നാണ് രൂപപെടുത്തുക? ■

നിര്യാതനായി

06, സെപ്റ്റംബർ 2015

ജോസഫ് ജോൺ (44)

കരിങ്ങാട്ടിൽ, പന്തളം

പ്രാർത്ഥനാപൂർവ്വം...

ഭാര്യ: വത്സാ ജോസഫ്, മക്കൾ: വിധിഷ്, അനീറ്റ

5th DEATH ANNIVERSARY, 10.10.2015

O. V. GEORGE

OLICKAL, VAYALATHALA PATHANAMTHITTA

Inserted By:

Annamma George (Wife)

Mr. Varghese George - Mini Varghese
Christeena Ann Varghese, Jithin George Varghese

Mr. Thomas George - Dincy Thomas
Nathan George Thomas

വൈദിക ചരമം



തിരുവല്ല: വളഞ്ഞവട്ടം കണ്ടത്തിൽ ഫാ. കോശി ഏബ്രഹാം (58) നിര്യാതനായി. നിരണം ഭദ്രാസനത്തിലെ ആനപ്രമ്പാൽ സെന്റ് ജോർജ് പള്ളി വികാരിയും എം.ജി.എം. ഹൈസ്ക്കൂൾ റിട്ട. അദ്ധ്യാപകനുമായിരുന്നു.

ഭാര്യ: നെടുമ്പ്രം തൈപറമ്പിൽ മറിയാമ്മ ജോൺ.

മക്കൾ: ലിജി, ലാബി

മരുമകൻ: കുറ്റിപ്പുഴ മലയിൽ റിങ്കു.

DOCTORATE

Nancy Thomas W/O Mr. Denny Thomas (St. Mary's Orthodox Syrian Church, Chandigarh) has been awarded Doctorate in Microbiology from Panjab University, Chandigarh. The thesis was on research titled "Production of Alkaline protease from an environmental isolate and its application for making industrial processes eco-friendly".

Nancy is daughter in law of Mr. Thomas Zachariah & Leela Thomas (St. George Orthodox Church, Kadackamon) and daughter of Mr. Y. Georgekutty & Susamma George (St. Thomas Orthodox Church, Jaipur).

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

സമ്യഗ് ദർശനം

ബുദ്ധൻ തന്റെ നാട് വിട്ട ആറു വർഷക്കാലം കഠിനമായ വ്രതാനുഷ്ഠനങ്ങളിലൂടെയാണ് കടന്ന് പോയത് സത്യാന്വേഷണത്തിന്റെ മാർഗ്ഗം അതാണ് എന്ന് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹം സ്വന്തം ശരീരത്തെ പീഡിപ്പിച്ചു, നിരാഹാരം അനുഷ്ഠിച്ചു. തന്റെ ശരീരത്തിലെ വാരിയെല്ലുകൾ ഓരോന്നായി എണ്ണാൻ പാകത്തിൽ മെലിഞ്ഞ് കേവലം എല്ലും തൊലിയുമാകുന്നത് വരെ നിരാഹാര വ്രതമനുഷ്ഠിച്ചു. വയറ് നട്ടെല്ലിനോട് ഒട്ടിപ്പോകും വിധം ശരീരം മെലിഞ്ഞു പോയിരുന്നു. നട്ടെല്ലിനും വയറിനും ഇടയ്ക്ക് ഒന്നും അവശേഷിപ്പിച്ചിരുന്നില്ല. അസഹനീയമായ ക്ഷീണം കൊണ്ട് ഒരു ചെറുനദിയായ നിരഞ്ജന കടക്കാൻ വരെ അദ്ദേഹത്തിന് കഴിഞ്ഞില്ല. അപ്പോൾ മഴക്കാലവുമായിരുന്നില്ല. തീരെ ചെറിയ നദിയായ നിരഞ്ജന നീന്തിക്കടക്കാൻ പോലും തനിക്കാവാഞ്ഞത് അദ്ദേഹത്തെ ചിന്തിപ്പിച്ചു.

ഒരു ദിവസം അദ്ദേഹത്തിന് വെളിപാടുണ്ടായി "ഞാൻ എന്നോട് തന്നെ അനാവശ്യമായ ആക്രമണം നടത്തുകയായിരുന്നു". അദ്ദേഹത്തിന് അഞ്ച് അനുയായികൾ ഉണ്ടായിരുന്നു. അവരെല്ലാം തന്നെ താപസൻമാരായിരുന്നു. അവർ ബുദ്ധന്റെ അനുയായികളായിത്തീരാൻ കാരണം അദ്ദേഹം അവരേക്കാളധികം കൂടുതൽ തപം ചെയ്തു. അതുകൊണ്ട് അവർ അനുയായികളായി. അന്നു വൈകുന്നേരും ബുദ്ധൻ തീരുമാനിച്ചു. "ശരീരത്തെ പീഡിപ്പിക്കുന്നത് വിഢിത്തമാണ്. ശരീരത്തെ പീഡിപ്പിച്ചുകൊണ്ട് എങ്ങനെയാണ് ആത്മാവിനെ കണ്ടെത്താൻ കഴിയുക"? അതിൽ യുക്തിപരമായ ഒരു ബന്ധവുമില്ലെന്ന് തോന്നി. "എനിക്കീ പാവം നിരഞ്ജന മുറിച്ച് കടക്കാനാകുന്നില്ലെങ്കിൽ എങ്ങനെയാണ് ലോകത്തിന്റെ മാഹാസാഗരം മുറിച്ച് കടക്കാനാകുന്നത്...?" ശരീരത്തിന് ഭക്ഷണം വേണം, പോഷണം വേണം എങ്കിൽ മാത്രമേ ധ്യാനിക്കാൻ കഴിയു. ആവേശത്തോടെ, ഊർജ്ജത്തോടെ, അഭിവാഞ്ജയോടെ അന്വേഷിക്കാൻ കഴിയു.

എല്ലാത്തരം കഠിന വ്രതങ്ങളും ഉപേക്ഷിക്കാൻ അദ്ദേഹം തീരുമാനിച്ചു. അദ്ദേഹത്തിന്റെ അഞ്ച് ശിഷ്യന്മാരും അദ്ദേഹത്തെ ഉപേക്ഷിച്ച് പോയി. അവർ പറഞ്ഞു ഗൗതമൻ അദ്ദേഹത്തിന്റെ ദൈവീകാവസ്ഥയിൽ നിന്ന് നിലം പതിച്ചിരുന്നു. ഇനി ഒരിക്കലും അദ്ദേഹം പുണ്യാത്മാവ് ആയിരിക്കില്ല. അവർ തൽക്ഷണം അദ്ദേഹത്തെ പിരിഞ്ഞ് പോയി. അവർ അദ്ദേഹത്തിന്റെ കൂടെയായിരുന്നില്ല. അദ്ദേഹത്തിന്റെ കഠിനമായ വ്രതാനുഷ്ഠാനങ്ങൾ കൊണ്ട് മാത്രമായിരുന്നു കൂടെ നിന്നത്. അവർ സ്വയം പീഡനത്തിൽ ആഹ്ലാദം കണ്ടെത്തിയവരായിരുന്നു.

ബുദ്ധൻ അധികം താമസിയാതെ ബോധോദയം പ്രാപിച്ചു. കഠിനവ്രതങ്ങൾ അവസാനിച്ചപ്പോൾ അതിന് വേണ്ടിയുള്ള അന്തർസംഘർഷങ്ങൾ അവസാനിച്ചപ്പോൾ തന്റെ തന്നെ അകത്തുള്ള ആഭ്യന്തര കലഹം അവസാനിച്ചപ്പോൾ അദ്ദേഹം ശാന്തനും നിശബ്ദനുമായിത്തീർന്നു. അടുത്ത ദിവസം അദ്ദേഹത്തിന് തോന്നി താൻ ഉൾക്കാഴ്ചയുള്ളവനായിരിക്കുന്നു. അദ്ദേഹത്തിന്റെ നിശബ്ദതയിൽ എല്ലാ ശബ്ദകോലാഹലങ്ങളും എല്ലാ കലങ്ങിമറിയലുകളും അലിഞ്ഞില്ലാതായി അടുത്ത പ്രഭാതത്തിൽ സൂര്യൻ ഉദിച്ചുയർന്നതിനോടൊപ്പം സ്വന്തം സ്വത്വത്തിനുള്ളിൽ അദ്ദേഹം ഉയർന്നുയരാൻ തുടങ്ങി. അദ്ദേഹം ഉണർത്തപ്പെട്ടവനായി ബുദ്ധനായി. നിശബ്ദതയിൽ നിന്ന്, ധ്യാനത്തിൽ നിന്ന്, വിശ്രാന്തിയിൽ നിന്ന് സദ്ഗുണങ്ങൾ പുറത്ത് വന്നു. അത് അദ്ധ്വാനത്തിൽ നിന്നോ മാനസീക സംഘർഷങ്ങളിൽ നിന്നോ പോരാട്ടത്തിൽ നിന്നോ ആയിരുന്നില്ല. ദൈവീകതയുമായി നിങ്ങളെ ബന്ധപ്പെടുത്താത്ത സംഘർഷങ്ങൾ തന്ന് കൊണ്ടിരിക്കുന്ന സ്വയം പീഡനം നല്ലതല്ല എന്ന് ബുദ്ധൻ മനസ്സിലാക്കുകയായിരുന്നു. ആ സന്ദേശം പകരാനായി ഉപേക്ഷിച്ച അഞ്ച് ശിഷ്യന്മാരെ അദ്ദേഹം തേടിപ്പോയി എന്നാണ്.

അനുഷ്ഠാനമാണെങ്കിലും, പോഷണം ആണെങ്കിലും, ജീവനമാണെങ്കിലും, ഉപജീവനമാണെങ്കിലും വ്രതനിഷ്ഠയാണെങ്കിലും. വ്രതത്തെ അത്ര ഗൗനിക്കാത്തതാണെങ്കിലും ഒന്നും സംഘർഷത്തിന് കാരണമാകരുത് എന്നാണ്. സംഘർഷങ്ങൾ ദൈവത്തോട് അടുപ്പിക്കുകയല്ല അകറ്റുകയാണ്. അകത്തെ സംഘർഷങ്ങൾക്ക് വിരാമമിടാൻ കഴിയുമ്പോഴാണ് ഈശ്വരനുമായി സംവദിക്കാൻ കഴിയുന്നത്. അകത്തെ സംഘർഷങ്ങൾ അവസാനിച്ച് തുടങ്ങുന്നിടത്താണ് ദൈവം നമ്മിൽ ഉരുവായിത്തുടങ്ങുന്നത് ആത്മീയതയുടെയും ലൗകീകതയുടെയും മേലാപ്പുകൾ അണിഞ്ഞ് നാം അകത്തെ സംഘർഷങ്ങളുമായി യാത്ര ചെയ്യുകയാണ്. സംഘർഷ വിമുക്തരായി ഇന്ന് നമുക്ക് ആരേയും കാണാനാകുന്നില്ല. നാം ആത്മീയരെ തേടിച്ചെല്ലുമ്പോഴും നിരാശപ്പെടുന്നത് അതാണ്. നമ്മുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്നത് എല്ലാം പരസ്യ പലകകളാണ്. നമ്മുടെ കൈയിൽ കത്തുന്ന ചെറിയ പന്തം അണയ്ക്കാൻ തീച്ചുള സ്വന്തം ആയുള്ളവന്റെ അടുത്തേക്ക് പോകുന്നത് പോലെ മാത്രം". ദൈവമേ എന്റെ അകത്തെ സംഘർഷങ്ങളെ തകർക്കാനുള്ള വഴി നീ എനിക്ക് കാണിച്ച് തരണമേ...?

E-mail: fr.thirumangalam@gmail.com



വിശുദ്ധ യോഹന്നാന്റെ 2, 3 ലേഖനം

ഫാ. മാത്യു വർഗീസ്, പുളിമൂട്ടിൽ

രണ്ടാം ലേഖനം, 1-ാം ലേഖന കർത്താവായ വി. യോഹന്നാൻ തന്നെ എഴുതിയിട്ടുള്ളതായി സമകാലിക പിതാക്കന്മാരായ ഐറേനിയോസും, അലക്സാന്ത്രയിലെ ക്രെമന്റും സംശയം കൂടാതെ അംഗീകരിച്ചിട്ടുണ്ട്. ഈ ലേഖനത്തിൽ തന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും "മൂപ്പനായ ഞാൻ" എന്നുള്ള ഒരു അഭിസംബോധന ഉണ്ട്. എ.ഡി. 90 നും 95 നും ഇടയിൽ എഫേസൂസിൽ നിന്നും ഒരു മാന്യവനിതയ്ക്ക് ഈ ലേഖനം എഴുതിയതായി മനസ്സിലാക്കാം. ദൈവകല്പനകൾ പ്രമാണിക്കുക (1-6), ദുരുപദേഷ്ടാക്കളിൽ നിന്ന് ഒഴിഞ്ഞിരിക്കുക (7-13) എന്നീ രണ്ടു ഭാഗങ്ങളാണ് ഈ ലേഖനത്തിൽ ഉള്ളത്.

മാന്യനായികയാർ എന്നുള്ളതിന്റെ ഗ്രീക്കുപദം "എക്ലക്റ്റാകുറിയ" എന്നാണ്. ഈ പദം ഒരു മാന്യവനിതയെ സൂചിപ്പിക്കുന്നുവെങ്കിൽ ഒന്നുകിൽ യേശുവിന്റെ അമ്മയായ മറിയാമിനെയോ, ഇല്ലയെങ്കിൽ 'കുറിയാ' എന്നത് അരാമ്യഭാഷയിൽ 'മാർത്ത' എന്നതിനാൽ ആസ്യയിലെ ഒരു സഭയുടെ ശുശ്രൂഷകയായിരുന്ന മാർത്തയെയോ ആയിരിക്കും സൂചിപ്പിക്കുന്നത്. മാന്യനായികയാർ എന്നു ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ The lect lady (kyria) എന്നാണ്. Kyrios (Christ the Lord) എന്നുള്ളതിന്റെ സ്ത്രീലിംഗരൂപമാണ് kyria. അങ്ങനെയെങ്കിൽ യേശുക്രിസ്തുവിന്റെ മണവാട്ടിയായ "സഭ"യാണ് മാന്യനായികയാർ എന്നും സൂചനയുണ്ട്.

യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കാത്ത ദുരുപദേഷ്ടക്കാർക്കെതിരായ (ജ്ഞാനമതക്കാർ) മുന്നറിയിപ്പും, ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ നിൽക്കാതെ അതിർ കടന്നു പോകുന്നതിനെതിരായ മുന്നറിയിപ്പും, പൂർണ്ണപ്രതിഫലം ലഭിക്കേണ്ടതിന് സൂക്ഷിച്ചുകൊള്ളണമെന്നുള്ള മുന്നറിയിപ്പുമാണ് ഈ ലേഖനം എഴുതുന്നതിൽ ലേഖകനെ പ്രേരിപ്പിച്ചത്. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിൽക്കാത്തവർ അതിരു കടന്നു പോകുന്നവരാണെന്നും, ദൈവത്തിന്റെ വെളിപാട് അനുസരിച്ച് നടക്കുന്നവർ സത്യത്തിൽ നടക്കുന്നവരാണെന്നും ലേഖകൻ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിനെയും യേശുവിനെയും രണ്ടായി ചിന്തിക്കുന്ന സെറിന്തസ്സിന്റെ പഠിപ്പിക്കലിൽ ചേർന്നു പോകാതെ കല്പനകളുടെ അനുസരണമായ സ്നേഹം (അഗാപ്പെ) ഉൾക്കൊണ്ട് ആദിമുതലുള്ള കല്പനയായ അന്യോന്യം സ്നേഹിക്കുക" എന്നുള്ളത് പ്രവർത്തി പഥത്തിലാക്കണമെന്നും ശ്ലീഹാ പഠിപ്പിക്കുന്നു. തിരുവെഴുത്തുകൾ മറന്നു പോകാതെ അതനുസരിച്ച് ജീവിക്കണമെന്നും, അതിഥി സൽക്കാരം മറക്കരുതെന്നും വിശ്വാസികൾക്ക് നിർദ്ദേശം നൽകുമ്പോൾ വ്യാജഉപദേഷ്ടാക്കൾക്ക് ഒരു സ്വീകരണവും നൽകരുതെന്നും ഓർമ്മിപ്പിക്കുന്നു.

ശ്ലീഹാ അഭിസംബോധന ചെയ്ത മാന്യനായികയാരുടെ സ്വഭാവത്തെക്കുറിച്ചും ഒരു ചെറുവിവരണം ഈ ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കുന്നവരും, സത്യം വസിക്കുന്നവരും, സത്യം അറിഞ്ഞിട്ടുള്ളവരാൽ സ്നേഹിക്കപ്പെടുന്നവരും, അതിഥികളെ വീട്ടിൽ കൈക്കൊള്ളുന്നവരും, അവരെ പരിചരിക്കുന്നവരുമാണ്. ലേഖകന്റെ പ്രത്യേക സ്നേഹം ആർജ്ജിക്കുവാൻ കഴിഞ്ഞവരുമാണ്. ശ്ലീഹാ പാരമ്പര്യങ്ങളോടൊപ്പം മുഖാമുഖം പഠിപ്പിച്ച കാര്യങ്ങളും ഉൾക്കൊണ്ട് ജീവിക്കണമെന്നുള്ള ആഹ്വാനത്തോടുകൂടി രണ്ടാം ലേഖനം പര്യവസാനിപ്പിക്കുന്നു.

മൂന്നാം ലേഖനത്തിന്റെയും എഴുത്തുകാരൻ വി. യോഹന്നാൻ ശ്ലീഹാ തന്നെയാണ്. എ.ഡി. 90-നും 95-നും ഇടയിൽ ഈ ലേഖനം എഴുതി. പുതിയ നിയമത്തിന്റെ വ്യക്തികൾക്കുള്ള മൂന്നു കത്തുകളിൽ ഒന്നാണ് ഇത്. ഫിലമോൻ, 2 യോഹന്നാൻ എന്നിവയാണ് മറ്റുകത്തുകൾ. യോഹന്നാനു ഏറ്റം പ്രിയനായ ഗായോസിന് (ഞാൻ സന്തോഷിക്കുന്നു) എഫേസൂസിൽ നിന്നാണ് ഈ കത്ത് എഴുതുന്നത്. വി. യോഹന്നാൻ ശുശ്രൂഷ ചെയ്തിരുന്ന എഫേസൂസ് സഭയിൽ നിന്നും ഗായോസ് സഭാംഗമായിരുന്ന പ്രാദേശിക സഭയിലേക്കു വന്ന സഞ്ചാര സുവിശേഷകരെ, ഗായോസ് ആദരപൂർവ്വം സ്വീകരിക്കുകയും, ദിയോത്രെഫാസ് സുവിശേഷകരെ തിരസ്ക്കരിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ സത്യത്തിന്റെ വക്താക്കൾക്ക് ആദിഥ്യമര്യാദ കാണിക്കാത്തവർക്കെതിരേയാണ് ഈ കത്ത് എഴുതുന്നത്.

ഗായോസിന്റെ സൽഗുണങ്ങളെയും ക്രിസ്തീയ മര്യാദകളേയും ശ്ലാഘിക്കുന്നതിനും, ദിയോത്രെഫാസിന്റെ ആധിപത്യ മോഹത്തിനെതിരേ കുറ്റാരോപണം നടത്തുന്നതിനും, ക്രിസ്തുവിൽ ധൈര്യപ്പെടുന്നതിനും വിശ്വാസ ജീവിതത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനും, നന്മയല്ലാതെ തിന്മയെ അനുസരിക്കരുതെന്ന് ബുദ്ധി ഉപദേശം നൽകുന്നതിനുമുള്ള ഉദ്ദേശമാണ് ഈ ലേഖനത്തിനുള്ളത്.

ഗായോസ്, വിശ്വസ്തനും, ഔദാര്യമുള്ളവനും, അതിഥിസൽക്കാര വ്യഗ്രതയുള്ളവനും, സുവിശേഷ വേലക്കാർക്ക് പിന്തുണ നൽകുന്നവനുമാണ്. എന്നാൽ ദിയോത്രെഫേസ്, അവിശ്വസ്തനും, നിഗളിയും, പ്രതിഷേധത്തോടുകൂടി പ്രതികരിക്കുന്നവനും, കർത്താവിന്റെ വേലക്കാരെ കൈക്കൊള്ളാത്തവനുമാണ്. എല്ലാവരാലും വെറുക്കപ്പെട്ടവനായിരുന്നു ദിയോത്രെഫേസ് എങ്കിൽ എല്ലാവരാലും സാക്ഷ്യം കൊണ്ടവനായിരുന്നു ദെമത്രിയോസ്.

നന്മ ചെയ്യുന്നവൻ ദൈവത്തിൽ നിന്നുള്ളവനാണെന്നും, തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടില്ലാത്തവനാണെന്നും ഈ ലേഖനം പഠിപ്പിക്കുമ്പോൾ സത്യത്തിനു കൂട്ടുവേലക്കാരായവരെ സൽക്കരിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

വി. യോഹന്നാന്റെ ഒന്നാം ലേഖനം ദൈവവുമായുള്ള കൂട്ടായ്മയെപ്പറ്റിയും, രണ്ടാം ലേഖനം ദുരുപദേഷ്ടക്കളുമായുള്ള കൂട്ടായ്മയെ വിലക്കിയും പഠനം നടത്തുമ്പോൾ മൂന്നാം ലേഖനം ക്രിസ്തീയ സഹോദരന്മാരുമായുള്ള കൂട്ടായ്മയെ പ്രോത്സാഹിപ്പിക്കുകയും സത്യത്തിൽ നടക്കണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. ■

വി. യോഹന്നാൻ 2, 3 : ചോദ്യങ്ങൾ

1. ആദിമുതലുള്ള കല്പന എന്ത്?
2. സത്യത്തിൽ നടക്കുക എന്നു പറഞ്ഞാൽ എന്ത്?
3. കല്പനകളുടെ അനുസരണം എന്ത്?
4. യേശുവിനെയും ക്രിസ്തുവിനെയും രണ്ടായി ചിന്തിക്കുന്നതാര്?
5. അതിരു കടന്നു പോകുന്നവനാര്?
6. രണ്ടാം ലേഖനത്തിൽ വിശ്വാസിക്കു നൽകുന്ന നിർദേശങ്ങൾ ഏവ?
7. പെർഗാമയിലെ എപ്പിസ്ക്കോപ്പാ ആര്? (ഗായോസ)
8. എല്ലാവരാലും സാക്ഷ്യം പ്രാപിച്ചവൻ ആര്?
9. ദൈവത്തിൽ നിന്നുള്ളവൻ ആരാകുന്നു?
10. ദൈവത്തെ കണ്ടിട്ടില്ലാത്തവൻ ആര്?
11. എങ്ങനെയുള്ളവരെ സൽക്കരിക്കണമെന്നാണ് 3-ാം ലേഖനം പറയുന്നത്?
12. രണ്ടാം ലേഖനം ആർക്കെഴുതി?
13. മൂന്നാംലേഖനം ആർക്കെഴുതി?
14. കുറിപ്പു തയ്യാറാക്കുക: മാന്യനായികയാർ, ഗായോസ്, ദിയോത്രെഫാസ്.
15. അർത്ഥം എഴുതുക: അഗാപ്പെ, എപ്പിസ്ക്കോപ്പാ, ഷാലോം, ഖയിറോ, കാൽവേഗായോസ്, എക്ലീസിയാ (സഭ) ശുഭം (ആരോഗ്യം).
16. General Question

A. വിവാഹം ഒരു കൂദാശയാണെന്ന് സമർത്ഥിക്കുക.

B. സ്വർഗ്ഗീയ കുടുംബത്തിന്റെ ഒരു ആവിഷ്ക്കാരമാണ് ഭൗമീക കുടുംബാംഗങ്ങൾ. സമർത്ഥിക്കുക.

C. ദൈവീകരണം അഥവാ ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീരുക എന്നുള്ളത് എങ്ങനെ വ്യക്തി ജീവിതത്തിൽ അന്വർത്ഥമാക്കാം?

33-ാം പേജിൽ നിന്നും...

സാമൂഹിക മാധ്യമങ്ങളുടെ കാലവും കോലവും

കഴിയും. കുട്ടികളുടെയും കൗമാരക്കാരുടെയും മനസ്സിനെ ഈ സ്വാതന്ത്ര്യം എത്രമാത്രം വിഷലിപ്തമാക്കും എന്നത് വ്യക്തമാണല്ലോ? കുട്ടികളും കൗമാരപ്രായക്കാരും സ്ത്രീകളും ഒക്കെ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ സമൂഹത്തിൽ കൂടി വരുന്നതിന് ഒരു വലിയ സംഭാവന ഈ സാങ്കേതിക വിദ്യ നൽകുന്നുണ്ട്.

5. നിദ്രാഭംഗം

24 മണിക്കൂർ നീണ്ടു നിൽക്കുന്ന ഒരു നിദ്രാചക്രം (sleep cycle) ആണ് പ്രകൃതി മനുഷ്യന് നൽകിയിരിക്കുന്നത്. സൂര്യോദയത്തോടു കൂടി പ്രവർത്തന ക്ഷമമാക്കുകയും, സൂര്യാസ്തമന ശേഷം ഏതാനും നാഴികകൾക്കുള്ളിൽ മന്ദീഭവിക്കുകയും ചെയ്യുന്ന ഈ ചക്രത്തിന്റെ സ്വാഭാവിക ആന്ദോളനം ഇന്ന് ഇല്ലായ്മ ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നു. അർദ്ധ രാത്രിയും കഴിഞ്ഞുപോകുന്ന പകലുകളും 8 മണി കഴിഞ്ഞാലും ഉണരാത്ത പുലരികളും ഇന്ന് യുവാക്കളുടെ ജീവിത ശൈലിയായി മാറിയിരിക്കുന്നു. ഫേസ്ബുക്കും, വാട്ട്സ് ആപ്പും ഒക്കെ രാവുകളെ നിദ്രാവിഹീനങ്ങളാക്കുന്നു. ഈ നിദ്രാശുചിത്വം ഇല്ലായ്മ ഓർമ്മക്കുറവ്, പകലുറക്കം, ഏകാഗ്രതക്കുറവ്, ഡ്രൈവിംഗിനിടയിലുള്ള ഉറക്കം എന്നിങ്ങനെ അനേകം പ്രശ്നങ്ങളുടെ അദൃശ്യമായ കാരണമാണ്.

6. സ്വകാര്യത നൽകുന്ന ദുസ്വാതന്ത്ര്യം

അദൃശ്യനായി ഇരുന്നുകൊണ്ട് സ്വന്തം സ്വകാര്യത സംരക്ഷിച്ചുകൊണ്ട് എന്തും ആകാം എന്ന സ്വാതന്ത്ര്യം പല അപകടത്തിലേക്കും ഒരുവനെ നയിക്കും. വ്യാജനാമത്തിൽ സൃഷ്ടിക്കുന്ന പ്രൊഫൈലുകൾ, അക്കൗണ്ടുകൾ എന്നിവ തുടക്കത്തിൽ ചില ത്രില്ലുകൾ നൽകി എന്നു വരാം. പക്ഷേ ഇവയിലൂടെ ഉള്ളിലെ മൃഗത്തെ പുറത്ത് വിട്ട് ശീലിച്ചാൽ അതിന്റെ പരിണാമ ഗുപ്തി പ്രവചിക്കാൻ സാധിക്കില്ല.

7. ചൂഷണങ്ങൾക്ക് വിധേയമാകാനുള്ള സാധ്യത

സാമ്പത്തികമായും ലൈംഗികമായും ഉള്ള ചൂഷണങ്ങൾക്ക് അനന്തമായ സാധ്യതകൾ ഉള്ള ഒരു മാധ്യമമാണ് ഇന്റർനെറ്റും അനുബന്ധ മീഡിയാകളും. മറ്റുള്ളവരാൽ സ്വാധീനിക്കപ്പെടാനുള്ള സാധ്യത കൂടുതൽ ഉള്ള (suggestible) വ്യക്തികൾ ഇത്തരം ചതിക്കുഴികളിൽ പെടുന്നത് അവർ പോലും അറിയാതെയാണ്. ഇത്തരം ചൂഷണങ്ങളുടെ അസംഖ്യം റിപ്പോർട്ടുകൾ നാം ദിവസേന വായിക്കുന്നുണ്ട് എങ്കിലും ഇവയ്ക്ക് ഒരു കുറവും വരുന്നില്ല എന്നതാണ് ശ്രദ്ധേയം.

8. ഇന്റർനെറ്റ് - സോഷ്യൽ മീഡിയ അഡിക്ഷൻ

കംപ്യൂട്ടർ ഗെയിമുകൾ, അശ്ലീല സൈറ്റുകൾ, സിനിമകൾ, സെക്സ് ചാറ്റുകൾ എന്നിവ വ്യക്തികൾക്ക് ഒരു അഡിക്ഷനായി മാറാം. ഈ ആസക്തി രോഗം കൂടുതൽ ബാധിക്കുന്നത് കുട്ടികളെയും കൗമാരക്കാരെയുമാണ്. ഈ അഡിക്ഷന്റെ കെണിയിൽ പെട്ടാൽ മറ്റെല്ലാം മാറ്റിവച്ച് ആ വ്യക്തി ഈ ശീലത്തിൽ മുഴുകിപ്പോകുന്ന സ്ഥിതിയിലെത്തും.

9. സോഷ്യൽ ഡിസ്കണക്ഷൻ സിൻഡ്രോം

ഇന്റർനെറ്റും സോഷ്യൽ മീഡിയാകളും വ്യക്തിബന്ധങ്ങളെയും കൂട്ടായ്മകളെയും ഗുണപരമായി സ്വാധീനിക്കാം എന്ന് ഈ ലേഖനത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. എങ്കിലും അതിന്റെ നേർ വിപരീതമായ അവസ്ഥയും ഉണ്ടാകാം. സ്വാഭാവികമായ ബന്ധങ്ങളിൽ നിന്നും പിൻവലിഞ്ഞ് ഇന്റർനെറ്റും സോഷ്യൽ മീഡിയാകളും നിർമ്മിക്കുന്ന വിർച്വൽ ലോകത്തേയ്ക്ക് ഉൾവലിയാനുള്ള പ്രവണത കുട്ടികളുടെയും കൗമാരക്കാരുടെയും ഇടയിൽ കൂടി വരുന്നു എന്നത് ഒരു വസ്തുതയാണ്. മാനസികാരോഗ്യത്തിന് ഈ വിഛേദനം വളരെ ദോഷകരമാണ്. പ്രകൃതിയോടും മനുഷ്യനോടും ബന്ധപ്പെട്ടു വളരേണ്ട കുട്ടികൾ ഇലക്ട്രോണിക് മാധ്യമങ്ങളോട് മാത്രം ബന്ധപ്പെട്ട് വളർന്നാൽ മനുഷ്യത്വ രഹി

തവും സ്വാർത്ഥത നിറഞ്ഞതുമായ ഒരു മാനസികാവസ്ഥയാവും അവരിൽ ഉണ്ടാകുക.

C. എന്തായിരിക്കണം ഇലക്ട്രോണിക് മാധ്യമങ്ങളോടുള്ള ശരിയായ സമീപനം

1. ഗുണദോഷ സമ്മിശ്രമാണ് ഇലക്ട്രോണിക് മാധ്യമങ്ങളും, നവ മാധ്യമങ്ങളും എന്ന വസ്തുത അംഗീകരിക്കുക.

2. അവയുടെ ഗുണാംശങ്ങളെ പരമാവധി ഉപയോഗിക്കുകയും അനഭിമതമായ അംശങ്ങളെ പരമാവധി ഒഴിവാക്കുകയും ചെയ്യുക എന്ന തത്വം സ്വീകരിക്കുക.

3. കുട്ടികളെ ഇത്തരം മാധ്യമങ്ങളിൽ നിന്ന് പൂർണ്ണമായി മാറ്റി നിർത്താൻ സാധിക്കില്ല പക്ഷേ നിയന്ത്രണങ്ങളും പരിശീലനങ്ങളും ചെറുപ്പം മുതൽ തന്നെ നൽകി തുടങ്ങുക. 5 വയസ്സിൽ നൽകാത്ത നിയന്ത്രണം 15 വയസ്സിൽ അഭ്യസിപ്പിക്കാൻ തുനിഞ്ഞാൽ വിജയിക്കില്ല എന്ന് മാതാപിതാക്കൾ മനസ്സിലാക്കുക.

4. ഈ മാധ്യമങ്ങളുടെ ഉപയോഗത്തിലെ സ്വകാര്യത പരമാവധി ഒഴിവാക്കുക കുട്ടികൾക്കും കൗമാരപ്രായക്കാർക്കും ഇന്റർനെറ്റ് ബന്ധിതമായ ഉപകരണങ്ങൾ തങ്ങളുടെ സ്വകാര്യതയിൽ ഉപയോഗിക്കാനുള്ള അനുവാദം കൊടുക്കാതിരിക്കുന്നതാകും നല്ലത്. ഉപയോഗിക്കുന്നു എങ്കിൽ മാതാപിതാക്കളുടെ നിരീക്ഷണം ഉറപ്പാക്കുക.

5. സ്വയം വർജ്ജനം സ്വീകരിക്കുക

ദിവത്തിലെ ചില മണിക്കൂറുകൾ മാത്രം ഈ മാധ്യമങ്ങൾക്കായി തുറന്ന് കൊടുക്കുക നോമ്പിൽ ഉപയോഗം നിയന്ത്രിക്കുക എന്നിങ്ങിനെയുള്ള ആശയങ്ങൾ മാതാപിതാക്കൾ സ്വയം പാലിക്കുകയും കുട്ടികളെ പാലിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുക. ഏതൊരു ശാസ്ത്രീയ കണ്ടുപിടിത്തവും പോലെ തന്നെയാണ് ഡിജിറ്റൽ സാങ്കേതികതയും ഇലക്ട്രോണിക്ക് മാധ്യമങ്ങളും. കുത്തി മുറിക്കാനും രോഗസൗഖ്യത്തിനായുള്ള ശസ്ത്രക്രിയ ചെയ്യാനും കത്തി ഉപയോഗിക്കാം - അത് ഉപയോഗിക്കുന്ന വ്യക്തിയുടെ തീരുമാനമാണ്. ഉത്തരവാദിത്വത്തോടും നിയന്ത്രണത്തോടും കൂടിയുള്ള ഉപയോഗം എന്ന നിലപാട് ആയിരിക്കണം ഈ സാങ്കേതിക വിദ്യയുടെ കാര്യത്തിൽ നാം എടുക്കേണ്ടത്.

(ഡോ. വറുഗീസ് പുന്നൂസ് കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളജിലെ മാനസികാരോഗ്യ വിഭാഗം പ്രൊഫസറും മേധാവിയുമാണ്. സഭാ മാനേജിംഗ് കമ്മിറ്റി അംഗമാണ്.)

Church History



> ഇറാക്കിലും സിറിയായിലും ഉള്ള ആഭ്യന്തര യുദ്ധവും ഐെസ് ഭീകരതയും നിറഞ്ഞ അന്തരീക്ഷത്തിലാണ് അസ്സീറിയൻ സഭാ ദൗത്യം...

മാർ ഗീവർഗീസ് മൂന്നാമൻ

അസിറിയൻ പാത്രിയർക്കീസ്

വർഗീസ് ജോൺ, തോട്ടപ്പുഴ

അസിറിയൻ സഭയുടെ 121-ാം കാതോലിക്കോസ്- പാത്രിയർക്കീസ് ആയി മാർ ഗീവർഗീസ് III സെപ്റ്റംബർ 27ന് ഇറാക്കിലെ കുർദിസ്ഥാൻ മേഖലയുടെ തലസ്ഥാനമായ എർബിൽ നഗരത്തിലെ മാർ യൂഹാനോൻ മാംദാനാ കത്തീഡ്രലിൽ സ്ഥാനാരോഹണം ചെയ്തു. 2015 മാർച്ച് 26ന് കാലം ചെയ്ത മാർ ദിൻഹാ IV ഹനനിയായുടെ പിൻഗാമിയാണ്. സെപ്റ്റംബർ 18നു കൂടിയ സഭാ സുന്നഹദോസാണ് ഇറാക്ക്-റഷ്യ രാജ്യങ്ങളുടെ മെത്രാപ്പോലീത്താ മാർ ഗീവർഗീസ് സ്ലീവായെ (74) സഭാ തലവനായി തെരഞ്ഞെടുത്തത്.

മാർ ദിൻഹാ കാലം ചെയ്തതിനെ തുടർന്ന് സഭാതലവന്റെ താൽക്കാലിക ചുമതല വഹിച്ചിരുന്ന ഇന്ത്യയുടെ മെത്രാപ്പോലീത്താ മാർ അപ്രേം (തൃശൂർ) സുന്നഹദോസ് അദ്ധ്യക്ഷനും സ്ഥാനാരോഹണ ശുശ്രൂഷയിൽ മുഖ്യ കാർമികനും ആയിരുന്നു. പാത്രിയർക്കാസ്ഥാനത്തേക്ക് അദ്ദേഹത്തെയും പരിഗണിച്ചിരുന്നു. സ്ഥാനാരോഹണ ശുശ്രൂഷയിൽ പ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായും കൽദായ കത്തോലിക്കാ റീത്തിന്റെ മാർ ലൂയിസ് റഫായേൽ സാക്കോ പാത്രിയർക്കീസും വിവിധ സഭകളുടെ പ്രതിനിധികളും സംബന്ധിച്ചു. പരിശുദ്ധ കാതോലിക്കാ ബാവാ അനുമോദന സന്ദേശം അയച്ചു.

1968ലെ ഭിന്നിപ്പോടെ പൗരസ്ത്യ അസിറിയൻ സഭയിൽ ഇപ്പോൾ രണ്ടു കക്ഷികളുണ്ട്. (1). Holy Apostolic Catholic Assyrian Church of the East, (2) Ancient Apostolic & Catholic Assyrian Church of the East. ആദ്യ വിഭാഗം ഗ്രിഗോറിയൻ കലണ്ടറും രണ്ടാമത്തെ വിഭാഗം ജൂലിയൻ കലണ്ടറും ഉപയോഗിക്കുന്നു. ഭിന്നത അവസാനിപ്പിച്ച് ഇരുകക്ഷികളും യോജിച്ച് സഭാതലവനെ തെരഞ്ഞെടുക്കണമെന്ന് ഇരുകക്ഷികളിലെയും ആറു മെത്രാന്മാർ ചിക്കാഗോയിൽ മേയ് 22ന് യോഗം ചേർന്ന് നിർദേശിച്ചതനുസരിച്ചാണ് ജൂൺ ആദ്യവാരം നടത്താനിരുന്ന തെരഞ്ഞെടുപ്പു നീട്ടിവച്ചത്. ഐക്യത്തിന് കാലതാമസമുണ്ടാകുമെന്നു മനസ്സിലാക്കിയാണ് വൈകാതെ സഭാതലവന്റെ തെരഞ്ഞെടുപ്പു നടത്തിയത്.

ലോകത്തിലെ പുരാതനമായ ക്രൈസ്തവസഭകളിലൊന്നാണ് അസിറിയൻ സഭ. പൗരസ്ത്യ സഭ (Church of the East) എന്നാണ് സഭയുടെ ഔദ്യോഗിക പേര്. പൗരസ്ത്യ കൽദായ സുറിയാനി സഭ, ബാബിലോണിയൻ സഭ, പേർഷ്യൻ സഭ, നെസ്തോറിയൻ സഭ തുടങ്ങിയ പേരുകളിൽ ഈ സഭ അറിയപ്പെടുന്നു. ആഗോള തലത്തിൽ അസിറിയൻ സഭ എന്നും ഇന്ത്യയിലും കേരളത്തിലും കൽദായ സഭ എന്നുമാണ് ഇവർ പൊതുവെ അറിയപ്പെടുന്നത്. ഓറിയന്റൽ - ബൈസന്റയിൻ സഭകളിൽപെടാത്ത ഒരു ഓർത്തഡോക്സ് സഭയായി ഈ സഭയെ കരുതുന്നവരുണ്ട്. ആദ്യത്തെ രണ്ടു പൊതു സുന്നഹദോസുകളെ (325, 381) മാത്രം സ്വീകരിക്കുന്ന ഈ സഭ എഫേസോസ് സുന്നഹദോസിനെ (431) നിരാകരിക്കുന്നു. കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായിരുന്ന (428 - 431) നെസ്തോറിയോസിനെയും (386 - 450) മറ്റ് അന്ത്യോഖ്യൻ വേദശാസ്ത്രജ്ഞരെയും സഭാപിതാക്കന്മാരായി അംഗീകരിക്കുന്നു. പൗരസ്ത്യ സുറിയാനി (കൽദായ സുറിയാനി)യാണ് ആരാധന ഭാഷ.

വി. മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമികളായ സെലൂഷ്യാ-സ്റ്റെസിഫോൺ ആസ്ഥാനമായിരുന്ന പൗരസ്ത്യ കാതോലിക്കാമാരുടെ പരമ്പരയിൽപെടുന്ന ബാബിലോണിലെ കാതോലിക്കാ-പാത്രിയർക്കീസുമാരാണ് ഈ സഭയുടെ തലവൻ. പശ്ചിമേഷ്യയിൽ (ഇറാൻ, ഇറാക്ക്, ടർക്കി) വിവിധ സ്ഥലങ്ങൾ സഭ ആസ്ഥാനമാക്കിയിട്ടുണ്ട്. ഒരു കാലത്ത് വളരെ ശക്തമായിരുന്ന ഈ സഭ 15-ാം നൂറ്റാണ്ടോടെ ക്ഷയിച്ചു തുടങ്ങി. കുറെക്കാലമായി സഭയിൽ നിലനിന്ന പാത്രിയർക്കീസുമാരുടെ കുടുംബപാരമ്പര്യവാഴ്ചയെ എതിർത്ത ഒരു വിഭാഗം 1552ൽ റോമാസഭയിൽ ചേർന്ന് കൽദായ കത്തോലിക്കാ റീത്ത് രൂപീകരിച്ചു. ഇപ്പോൾ ഒരു പാത്രിയർക്കീസിന്റെ നേതൃത്വത്തിലുള്ള റോമൻ കത്തോലിക്കാ കൽദായ റീത്ത് അസിറിയൻ സഭയെക്കാൾ അംഗസംഖ്യയിൽ വലുതാണ്. *കൽദായ സഭ* എന്ന് ഇപ്പോൾ ലോകത്ത് പൊതുവെ അറിയപ്പെടുന്നത് ഇവരാണ്. ഇസ്ലാമിന്റെ മുന്നേറ്റവും ശക്തിക്ഷയത്തിനു കാരണമായി.

ഇന്ത്യയിലെ കൽദായ സഭയുടെ ആധുനികകാലത്തിന് രണ്ടു നൂറ്റാണ്ടിന്റെ ചരിത്രമാണുള്ളതെങ്കിലും ഉദയംപേരൂർ സുന്നഹദോസിനു (1599) മുമ്പുള്ള കാലഘട്ടത്തെ പാരമ്പര്യവും അവർക്ക് അവകാശപ്പെടാവുന്നതാണ്. ഒരു കാലത്ത് സെലൂഷ്യായിലെ കാതോലിക്കാമാർ വാഴിച്ചയക്കുന്ന പേർഷ്യൻ വംശജരായ പൗരസ്ത്യ സുറിയാനി മെത്രാന്മാരാണ് മലങ്കര സഭയ്ക്ക് ആത്മീയ നേതൃത്വം നൽകി വന്നിരുന്നത്.

ഇന്ത്യയിലെ ആസ്ഥാനമായ തൃശൂർ നഗരത്തിലെ ഏറ്റവും പുരാതനമായ ദൈവാലയത്തിന്റെ അവകാശികളാണ് കൽദായക്കാർ (സുറായികൾ). കൽദായ കത്തോലിക്കാ പാത്രിയർക്കീസ് ഇറാക്കിൽ നിന്ന് അയച്ചവരായിരുന്നു കൽദായ സഭയുടെ തൃശൂരിലെ ആദ്യകാല മെത്രാന്മാർ (1861 - 1882). കുർദിസ്ഥാനിലെ നെസ്തോറിയൻ പാത്രിയർക്കീസുമായി 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബന്ധം പുനഃസ്ഥാപിച്ചു. ഇതോടെ യഥാർത്ഥ പൗരസ്ത്യ സുറിയാനി (നെസ്തോറിയൻ) പാരമ്പര്യം വീണ്ടെടുത്തു. അതിനു മുമ്പ് കൽദായ കത്തോലിക്കാ ബന്ധമാണുണ്ടായിരുന്നത്.

സിറിയാക്കാരനായ മാർ തോമ്മാ ധർമ്മോ മെത്രാപ്പോലീത്താ 1952ൽ നിയമിക്കപ്പെട്ടു. 1961ൽ മാർ ഈശൈ ശിംഓൻ XXIII പാത്രിയർക്കീസ് കേരളം സന്ദർശിച്ചു. പാത്രിയർക്കീസും മെത്രാപ്പോലീത്തായും തമ്മിലുണ്ടായ അഭിപ്രായഭിന്നത വർദ്ധിച്ച് 1964ൽ മെത്രാപ്പോലീത്തായുടെ സസ്പെൻഷനിൽ കലാശിച്ചു. പാത്രിയർക്കീസിനെ അനുകൂലിച്ചവർ *ബാവാകക്ഷി* എന്നും മെത്രാപ്പോലീത്തായെ അനുകൂലിച്ചവർ *മെത്രാൻകക്ഷി* എന്നും അറിയപ്പെട്ടു.

മാർ തോമ്മാ ധർമ്മോ 1968ൽ ബാഗ്ദാദിലെത്തി. കുടുംബപാരമ്പര്യവാഴ്ചയെയും കലണ്ടർ പരിഷ്കരണത്തെയും എതിർത്തവർ അദ്ദേഹത്തെ അനുകൂലിച്ചു. ഇറാക്ക് ഗവൺമെന്റ് അദ്ദേഹത്തെ ആകമാന പരമാധികാരിയി പ്രഖ്യാപിച്ചു. മാർ തോമ്മാ ധർമ്മോ പാത്രിയർക്കീസായി വാഴിക്കപ്പെട്ടതോടെ അസിറിയൻ സഭ ആഗോളതലത്തിലും പിളർന്നു. അദ്ദേഹം 1969ൽ കാലം ചെയ്തതോടെ ആ കക്ഷിയുടെ ശക്തി ക്ഷയിച്ചു. പിൻഗാമിയായി ബാഗ്ദാദിൽ 1972ൽ അവരോധിക്കപ്പെട്ട മാർ അദ്ദായി II ശീമോൻ ഗീവർഗീസ് പാത്രിയർക്കീസ് മറുകക്ഷിയ്ക്ക് ഇന്നും നേതൃത്വം നൽകുന്നു.

മാർ ഈശൈ ശിംഓൻ പാത്രിയർക്കീസ് 1973ൽ രാജിവച്ചു; 1975ൽ വധിക്കപ്പെട്ടു. (കൊലപാതകത്തിനു കാരണം കക്ഷിവഴക്കല്ല). പിൻഗാമിയായി മാർ ദിൻഹാ IV ഹനാനിയാ 1976ൽ ലണ്ടനിൽ സ്ഥാനാരോഹണം ചെയ്തു. ഇതോടെ പാത്രിയർക്കീസുമാരുടെ കുടുംബപാരമ്പര്യവാഴ്ച അവസാനിക്കുകയും ഐക്യത്തിനുള്ള അന്തരീക്ഷം സംജാതമാകുകയും ചെയ്തു. യോജിപ്പിനുള്ള ചർച്ചകൾ ആരംഭിച്ചെങ്കിലും തുടക്കത്തിൽ വിജയിച്ചില്ല.

മാർ ദിൻഹാ പാത്രിയർക്കീസ് മൂന്നു തവണ (1991, 2000, 2010) കേരളം സന്ദർശിച്ചു. ആദ്യ സന്ദർശനം തന്നെ ഇരുകക്ഷികളിലും ഐക്യപ്രതീക്ഷ വർദ്ധിക്കുന്നതിനിടയാക്കി. ആഗോള തലത്തിലുള്ള യോജിപ്പ് വൈകുമെന്ന് മനസ്സിലാക്കിയ പാത്രിയർക്കീസ് ഇന്ത്യയിലെങ്കിലും വൈകാതെ യോജിപ്പുണ്ടാക്കണമെന്ന് നിർദേശിച്ചു.

തുടർന്നു നടത്തിയ ചർച്ച വിജയിച്ചതോടെ ഇന്ത്യയിലെ സഭയിൽ 1995 ൽ ഐക്യമുണ്ടായി. ഇരു കക്ഷിയിലുമുണ്ടായിരുന്ന മൂന്നു മേൽപ്പട്ടക്കാരെയും പട്ടക്കാരെയും പരസ്പരം അംഗീകരിച്ചു. യോജിച്ച ഇന്ത്യൻ സഭ ചിക്കാഗോ ആസ്ഥാനമായ (ബാവാകക്ഷിയുടെ) മാർ ദിൻഹാ പാത്രിയർക്കീസിനെ സഭാതലവനായി അംഗീകരിച്ചു. ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചു. 1962 മുതലുണ്ടായിരുന്ന കേസുകൾ പിൻവലിച്ചു. പരിഷ്കരിച്ച ഭരണഘടന 1997ൽ നിലവിൽ വന്നു.

പൗലോസ് മാർ പൗലോസ് എപ്പിസ്കോപ്പാ 1998ലും മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ 2001ലും കാലം ചെയ്തു. ഇന്ത്യയിൽ ഇപ്പോൾ സഭയ്ക്ക് ഒരു മെത്രാപ്പോലീത്തായും രണ്ട് എപ്പിസ്കോപ്പാമാരുമുണ്ട്. ■

BRIDE GROOM WANTED

Orthodox parents from Pathanamthitta invite proposals for their daughter (25/165cm, pursuing M.Tech) from parents of professionally qualified Orthodox boys employed in India/Abroad

Contact :
M4 ID: 4119169
09895605175

BRIDE GROOM WANTED

Orthodox parents from middle Kerala invite proposals for their daughter 24 yrs/165 cm, BSc Nurse, working in a medical College, Kerala.

Contact :
9495380270

BRIDE GROOM WANTED

Daughter of well placed Orthodox parents, 27/147, doing MD, smart. Proposals invited from parents of Doctors/Engineers/Other professionals.

Contact No :
8136838127

BRIDE GROOM WANTED

Orthodox parents invites proposals for their daughter 26/165cm, M.Tech Asst. Professor from Orthodox Professionals working in India/Abroad. Decons also prefer.

Contact :
9447002675 (Father)
04734228730

BRIDE GROOMWANTED

Orthodox Girl, BDS Doctor, 25/152, Middle Class, seeks alliance from Orthodox professionals.

Contact :
M4Id : 4150646
9961837829, 9744648523

BRIDE WANTED

Proposals invited for a Orthodox Deacon 26/171, middle class family, from the parents of God fearing girl.

Contact :
09947187471, or
email- wedlok89@gmail.com

BRIDE GROOMWANTED

ഓർത്തഡോക്സ് യുവതി, 28/163 ഇടത്തരം കുടുംബം, (BSc Nurse, Saudi MOH) നവംബർ ആദ്യം ലീവിന് വരുന്നു. വിദേശത്ത് നല്ല ജോലിയും ഡിഗ്രിയുമുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് ആലോചകനൾ ക്ഷണിക്കുന്നു.

Contact :
9746832727, 9633523641

BRIDE WANTED

Orthodox parents invite proposals for their daughter, 25 years, working in Infosys, Pune (BTech). Preference to Orthodox boys working outside Kerala.

Contact :
04752399540, 9539403508, 09831565390
email- vkruggerverghese@gmail.com

BRIDE GROOMWANTED

Orthodox parents invite proposals for their daughter, 36 years, 150 cm, (Re-marriage) post graduate 9 years Bank work experience in Gulf. No liability. Preference to qualified, Orthodox boys, employed abroad.

Contact : 9447737985
Qatar : 0097455827389
Email: vgthomas@lycos.com

പാമ്പാടി തിരുമേനി :
ചരമ കനക ജൂബിലി പതിപ്പ്

സമ്പൂർണ്ണ സചിത്ര ജീവചരിത്രം–കൂടാതെ മംഗല്യ നിധി–ഗുരുവന്ദന പരിപാടികളുടെ വിവരണവും കളർ ചിത്രങ്ങളും.

പ്രകാശനം ഒക്ടോബർ 25. വില 100 രൂപ. പ്രീ–പബ്ലിക്കേഷൻ വില 70 രൂപ. 10 കോപ്പിക്ക് 650 രൂപ. ഗ്രന്ഥകർത്താവും പ്രസാധകനും കെ. വി. മാമ്മൻ കോട്ടയ്ക്കൽ, മാങ്ങാനം പി. ഒ., കോട്ടയം – 18, ഫോൺ: 0481 – 2578936,

വിതരണം: ഓർത്തഡോക്സ് ബുക്ക് സെന്റർ. എം. ഡി. കൊമേഴ്സ്യൽ സെന്റർ, കോട്ടയം – 1, ഫോൺ: 0481 – 3292395.

സന്ദർശിക്കുക...
www.malankarasabhaonline.in



പുസ്തകശാല

ജീവിതക്കാഴ്ചകൾ

പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ ദ്വിതീയൻ കാതോലിക്കാബാവ/ബെന്യാമിൻ



പ. കാതോലിക്കാ ബാവായുമായി പ്രശസ്ത നോവലിസ്റ്റ് ബെന്യാമിൻ നടത്തുന്ന ദീർഘമായ സംഭാഷണവും ആത്മകഥാനുഭവങ്ങളും ഹൃദ്യമായി ആവിഷ്ക്കരിച്ചിരിക്കുന്നു. വിവിധ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുള്ള ചോദ്യങ്ങൾക്ക് വേദശാസ്ത്ര ഉൾക്കാഴ്ച പകരുന്ന ഉത്തരങ്ങൾ. അവതാരിക: വി.കെ. ശ്രീരാമൻ. പേജ്. 145. സി.എസ്. ബുക്സ്, കോട്ടയം, വില 100 രൂപ.

വിശ്വാസ ദീപം

ഫാ. വർഗീസ് ജോസഫ്



വി. വേദപുസ്തകവും ഓർത്തഡോക്സ് സഭാ വിശ്വാസവും ആഴമായി പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് വഴികാട്ടി. സഭയുടെ അടിസ്ഥാനപരമായ വിശ്വാസങ്ങളിലേക്ക് വെളിച്ചം വീശുന്ന 15 ലേഖനങ്ങളുടെ സമാഹാരം. അവതാരിക: ഫാ.ഡോ. റ്റി. ജെ. ജോഷ്വാ, പേജ് 136, കോട്ടയം, വില: 150 രൂപ.

ഭാസുര സ്മൃതി

ഫാ. എം.സി. കുറിയാക്കോസ്



പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ജീവിതവും ദർശനവും അപഗ്രഥിക്കുന്ന 27 ലേഖനങ്ങളുടെ സമാഹാരം. അനുബന്ധമായി സൂക്തങ്ങളും ചിത്രങ്ങളും. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, ഫാ. ഡോ.ഒ.തോമസ് എന്നിവരുടെ ആമുഖം. സെ. ഡയനീഷ്യസ് പ്രസിദ്ധീകരണം. പേജ്-160 വില, 100 രൂപ.

വിശ്വാസ സത്യങ്ങൾ

ഫാ. ജോർജ് കുറ്റിയിൽ



ബൈബിൾ പശ്ചാത്തലത്തിൽ വിശ്വാസ സത്യങ്ങൾ വിശദീകരിച്ചിരിക്കുന്നു. സഭാ വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങൾ 11 അദ്ധ്യായങ്ങളിലൂടെ വിശദീകരിക്കുന്നു. യുവജനങ്ങൾ ഉന്നയിക്കുന്ന സഭാ വിശ്വാസങ്ങൾക്ക് ഫലപ്രദമായ ഉത്തരം ഇതിൽ ലഭ്യമാണ്. അവതാരിക: ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, പേജ് 200, വില 150, കുറ്റിയിൽ, മാത്തൂർ പി.ഒ., പത്തനംതിട്ട.



വായന

ആബോ അലക്സിയോസ് നദീതുല്യം ശാന്തം

എഡി.: ഡോ. എം. കുര്യൻ തോമസ്

അത്യധികം സന്തോഷത്തോടെയാണ് നാം *ആബോ അലക്സിയോസ് - നദീതുല്യം ശാന്തം* എന്ന ഈ കൃതി പ്രസിദ്ധീകരിക്കുന്നത്. ഒരു കാലഘട്ടത്തിൽ മലങ്കര നിറഞ്ഞുനിന്ന ആത്മീയചൈതന്യവും, മലങ്കരസഭയുടെ ഐക്യൂമനിക്കൽ നയത്തിന്റെ സ്രഷ്ടാവും, ഒരർത്ഥത്തിൽ മലങ്കരസഭയുടെ ആദ്യത്തെ സാർവദേശീയ അംബാസിഡറുമായിരുന്നു അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ.

ഓർത്തഡോക്സിയിലുള്ള അടിയുറച്ച വിശ്വാസം, കാതോലിക്കേറ്റിനോടുള്ള അചഞ്ചലമായ വിധേയത്വം, ഏൽപ്പിച്ച താലന്തുകളോടുള്ള വിശ്വസ്തത - ദൈവാശ്രയം കഴിഞ്ഞാൽ മാർ തേവോദോസ്യോസിന്റെ അടിസ്ഥാനം ഇവയായിരുന്നു. ഇവയിൽനിന്നും അണുവിട പിമ്പോട്ടു മാറാൻ അദ്ദേഹം ഒരിക്കലും തയാറായിരുന്നില്ല. അദ്ദേഹത്തിന്റെ മഹത്ത്വവും അതുതന്നെയാണ്.

ബഥനി ആശ്രമത്തിന്റെ സഹസ്ഥാപകൻ എന്നതിലുപരി സഭയിലെ വിവിധ മേഖലകളിൽ ദീർഘകാലഫലം നൽകിക്കൊണ്ടിരിക്കുന്ന അടിസ്ഥാനം ഇട്ട വ്യക്തിയാണ് മാർ തേവോദോസ്യോസ്. മലങ്കരസഭയുടെ അന്തർദേശീയ ബന്ധങ്ങൾ ആരംഭിച്ചതും, സഭയ്ക്ക് ഒരു എക്യൂമെനിക്കൽ നയം ഉണ്ടാക്കിയതും മാർ തേവോദോസ്യോസ് ആണ്. ഇന്ന് ഒമ്പതു ഭദ്രാസനങ്ങളായി വളർന്ന ബാഹ്യകേരള ഭദ്രാസനം വളർത്തിയെടുത്തതും അദ്ദേഹം തന്നെയാണ്. തികച്ചും അവികസിതമായിരുന്ന കൊല്ലം ഭദ്രാസനം വളർച്ചയുടെ പാതയിലെത്തിയത് അദ്ദേഹത്തിന്റെ പരിശ്രമത്താലാണ്. വിദ്യാർത്ഥിപ്രസ്ഥാനം, യുവജനസമാജം, മർത്തമറിയം സമാജം ഇവയും അദ്ദേഹം നനച്ചു വളർത്തിയവയാണ്. ബഥനി ആശ്രമം അന്യാധീനപ്പെടാതെ സംരക്ഷിക്കുവാനുള്ള തീവ്രയത്നത്തിനിടയിലാണ് ഇവയെല്ലാം സാധിച്ചതെന്നുംകൂടി ഓർക്കുമ്പോഴാണ് മാർ തേവോദോസ്യോസിന്റെ ആത്മാർത്ഥതയുടെ ആഴവും പരപ്പും മനസ്സിലാകുന്നത്.

ഒരു സ്കൂൾവിദ്യാർത്ഥി എന്ന നിലയിലാണ് നമുക്ക് മാർ തേവോദോസ്യോസിനെ വ്യക്തിപരമായ പരിചയം. 1955-നടുത്ത് കോട്ടയം കഞ്ഞിക്കുഴിയിലാണ് ഞങ്ങൾ താമസിച്ചിരുന്നത്. അന്ന് വി. കുർബാനയിലും സൺഡേ സ്കൂളിലും സംബന്ധിച്ചിരുന്നത് സമീപസ്ഥമായ മാങ്ങാനം എബനേസർ ദയറായിലും. അക്കാലത്ത് ഇടയ്ക്കിടെ മാർ തേവോദോസ്യോസ് അവിടെ വന്നു താമസിക്കും. സൺഡേ സ്കൂൾ കഴിഞ്ഞ് ഞങ്ങൾ കുട്ടികൾ കൈമുത്താൻ മുറിയിൽ ചെല്ലുമ്പോൾ, *നിനക്കൊക്കെ തീറ്റിഭാഗ്യം ഉണ്ടോ എന്നു നോക്കട്ടെ* എന്നു പറഞ്ഞ് അകത്തുപോയി ആരെങ്കിലും കൊടുത്ത മധുരപലഹാരങ്ങൾ -മിക്കവാറും കേക്ക്- എടുത്തുകൊണ്ടുവന്ന് ഞങ്ങൾക്കൊക്കെ വീതിച്ചു തരും. അപ്പോഴൊക്കയും മുഖത്ത് നിറഞ്ഞ പുഞ്ചിരി മാറാതെ നിൽക്കും. പക്ഷേ തന്റെ അന്ത്യ കൽപ്പനയിൽ പോലും പ്രതിപാദിക്കത്തവിധം അഗാധമായ *സഹോദരന്റെ കൊടിയ വഞ്ചനയിൽ* ചുട്ടുനീറുന്ന ഒരു ഹൃദയം ആ പുഞ്ചിരിക്കു പിമ്പിൽ മറഞ്ഞിരുപ്പുണ്ട് എന്ന് അന്ന് നമുക്ക് മനസ്സിലായിരുന്നില്ല.

മാർ തേവോദോസ്യോസ് നട്ടുനനച്ചുവളർത്തിയ നമ്മുടെ റാന്നി - പെരുനാട് ബഥനി ആശ്രമം ഈ ഗ്രന്ഥത്തിന്റെ ആശയവുമായി മുമ്പോട്ടു വന്നത്. ചരിത്രകാരനായ ഡോ. എം. കുര്യൻ തോമസ് ഈ കൃതി സംവിധാനം ചെയ്തിരിക്കുന്നത്. മാർ തേവോദോസ്യോസിന്റെ ബഹുമുഖ കർമ്മകാണ്ഡത്തിലേയ്ക്ക് ഒരു എത്തിനോട്ടമാണിത്.

- തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

തിരുവിതാംകോട് അരപ്പള്ളി വാർഷികം

തിരുവിതാംകോട് അരപ്പള്ളി സ്മാരക ഹാളിന്റെകൂദാശ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിക്കുന്നു.

തിരുവിതാംകോട്: മലങ്കര ഓർത്തഡോക്സ് സഭയുടെ പൈതൃക കേന്ദ്രം തിരുവിതാംകോട് അരപ്പള്ളി സ്ഥാപിച്ചതിന്റെ 1950-ാം വാർഷികത്തോടനുബന്ധിച്ചു പണിത സ്മാരക ഹാളിന്റെ കൂദാശ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ നിർവഹിച്ചു.

അതുല്യതയും ദൈവ സാന്നിധ്യവും ചൈതന്യവുമുള്ള ദേവാലയമാണു തിരുവിതാംകോട് അരപ്പള്ളിയെന്നു പ. കാതോലിക്കാ ബാവാ പറഞ്ഞു. എല്ലാ ദേവാലയങ്ങളും ഈശ്വര സാന്നിധ്യം വിളിച്ചറിയിക്കുന്നതാണ്. സി.എസ്.ഐ. ബിഷപ്പ് റവ. ദേവകടാക്ഷം, കോട്ടാർ ബിഷപ്പ് റവ. ഡോ. പീറ്റർ റെമിജീയൂസ്, തിരുവനന്തപുരം ഭദ്രാസനം സെ[ക്ര]ട്ടറി റവ. എം. അലക്സ[ാ]ണ്ടർ വൈദ്യൻ കൊറെപ്പ്സ്കോപ്പാ, റവ. ജോസഫ് സാമുവൽ കോർഎപ്പിസ്കോപ്പാ, റവ. ബ[...] സ്ലീബി റമ്പാൻ, കൊട്ടാരക്കര-പുനലൂർ ഭദ്രാസന സെക്രട്ടറി ഫാ. ഫിലിപ്പ് മാത്യു, തിരുവിതാംകോട് അരപ്പള്ളി മാനേജർ ഫാ. അലക്സാണ്ടർ പി. ഡാനിയേൽ, കെ.വി. തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

കന്യാകുമാരി ഹിസ്റ്റോറിക്കൽ ആൻഡ് കൾച്ചറൽ റിസർച്ച് സെന്റർ ജനറൽ സെക്രട്ടറി ഡോ. എസ്. പത്മനാഭൻ ചരിത്രാവലോകനം നടത്തി. വിവിധ സ്ഥലങ്ങളിൽ നിന്നും എത്തിയ സ്ത്രീകളും കുട്ടികളും വൈദികരും ഉൾപ്പെട്ട തീർത്ഥാടക സമൂഹം ചടങ്ങിനു സാക്ഷ്യം വഹിച്ചു.

IIND DEATH ANNIVERSARY
15-10-2015

MOLLY C. ABRAHAM

Vattasseril Thuruthippallil
Chengaroor, Mallapally

Sorrowing Family
Chandy Abraham
Mridula & Aby, Aby & Minu, Giby

Grand Children:
Aida, Aaron, Aksa

4-ാം ചരമ വാർഷികം
(30-10-2015)

എം.സി. മാത്യു
(അച്ചൻകുഞ്ഞ്)
മാളിയേക്കമ്മലയിൽ, പുറമറ്റം

എന്ന്,
ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച്
കുമാരപുരം, തിരുവനന്തപുരം

ചികിത്സാ ധനസഹായം

മലങ്കര ഓർത്തഡോക്സ് സഭയുടെ തിരുവനന്തപുരം ഭദ്രാസനത്തിൽപെട്ട കുമാരപുരം സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ പെരുന്നാൾ ഭാഗമായി നിരാലംബരും സാധുക്കളുമായ രോഗികൾക്ക് പരിമിതമായ ധനസഹായം നൽകുന്നു. രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തി വെള്ളപേപ്പറിൽ എഴുതിയ അപേക്ഷയോടൊപ്പം ചികിത്സിക്കുന്ന ഡോക്ടറുടെ മൂന്നു മാസത്തിനുള്ളിൽ വാങ്ങിയ സർട്ടിഫിക്കേറ്റ് സഹിതം അപേക്ഷകൾ 2015 നവംബർ 30-നു മുൻപായി ലഭിക്കത്തക്കവണ്ണം Fr. A. Lukose, Vicar St. Thomas Orthodox Syrian Church, Kumarapuram, Medical College P.O., Trivandrum-695011 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. എല്ലാ സഹായങ്ങൾക്കും ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശ ഉണ്ടായിരിക്കണം.

വിവാഹ ധന സഹായം ➤

തിരുവനന്തപുരം ഭദ്രാസനത്തിൽപെട്ട നിർധനരായ ഓർത്തഡോക്സ് യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹ ധനസഹായ അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ പള്ളി വികാരിയുടെ ശുപാർശയോടൊപ്പം മേൽപ്പറഞ്ഞ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

2nd Death Anniversary

Shri. G. VARGHESE
(KUNJACHAN) (68)

Departed on (23/10/2013)

VADAKE PUTHEN VEEDU
EDAMULACKAL
ANCHAL, KERALA

PARUMALA BHAVAN, ANAND, GUJARAT

PH: 02692233115, 09574342770, 09447280626

Inserted by Sorrowing Family Members,
Kerala & Gujarat

"പരിജ്ഞാനമില്ലാത്തതിനാൽ എന്റെ ജനം നശിച്ചു പോകുന്നു (ഹോശയ 4:6)"

ആദിമുതൽ കണ്ട സാക്ഷികളും വചനത്തിന്റെ ശുശ്രൂഷകരും സഭയെ ഭരമേൽപ്പിച്ച (വി. ലൂക്കോസ് 1:1) സത്യവിശ്വാസത്തിന് വേദപുസ്തക അടിസ്ഥാനം ഇല്ല എന്ന് പറഞ്ഞ് വിമർശിക്കുകയും പുച്ഛിക്കുകയും ചെയ്യുന്ന സമൂഹങ്ങൾ ശക്തിപ്പെട്ടുവരുന്നതിന്റെ ഒരു കാരണം അവർ ചോദിക്കുന്ന പല ചോദ്യങ്ങൾക്കും വേദപുസ്തക അടിസ്ഥാനത്തിൽ ഉത്തരം കൊടുക്കുവാൻ നമ്മുടെ ആളുകൾക്ക് (അറിയാതെ) കഴിയാതെ പോകുന്നു എന്നതാണ്. വിശ്വാസസത്യങ്ങളുടെ വേദപുസ്തക അടിസ്ഥാനം വ്യക്തമായി മനസിലാക്കുന്നതിനും നമ്മെ വിമർശിക്കുന്നവർക്ക് ഉചിതമായ ഉത്തരം കൊടുക്കുന്നതിനും സഹായിക്കുന്ന ഒരുത്തമ ഗ്രന്ഥമാണ് വിശ്വാസ സത്യങ്ങൾ.



കോപ്പികൾക്ക്: ഫാ.കെ.എസ്. ജോർജ്, കുറ്റിയിൽ വീട്,
മാത്തൂർ പി.ഒ., പത്തനംതിട്ട, ഫോൺ - 9446328812
വില: 150 രൂപ

വിശ്വാസം ദൈവത്തിന്റെ സ്നേഹപൂർവ്വമുള്ള വെളിപാടിനോടുള്ള മനുഷ്യന്റെ പ്രതികരണമാണല്ലോ. ക്രിസ്തുവിൽ വെളിപ്പെട്ടുകിട്ടിയ ദൈവീകാനുഭവത്തിലാണ് അപ്പോസ്തോലന്മാരുടെ വിശ്വാസം അടിസ്ഥാനമിട്ടിരിക്കുന്നത്. ക്രിസ്തീയ വിശ്വാസത്തിന്റെ പ്രധാന അടിസ്ഥാനം ഈ അപ്പോസ്തോലിക അനുഭവവും വിശ്വാസവുമാണ്. ഈ അടിസ്ഥാന വിശ്വാസമാണ് വേദപുസ്തകത്തിന്റെയും, ആരാധനയുടേയും സഭാ പിതാക്കന്മാരുടെ പഠിപ്പിക്കലുകളുടെയും, വിശ്വാസ പ്രമാണത്തിന്റെയുമെല്ലാം അന്തസത്ത. ഇവയെല്ലാം ചേർത്ത് സഭയുടെ വിശുദ്ധ പാരമ്പര്യം എന്നു പറയാം. ഈ വിശുദ്ധ പാരമ്പര്യത്തിലെ അതിപ്രധാന ഘടകമായ വേദപുസ്തകം പ്രധാനാധാരമായെടുത്തുകൊണ്ട് രക്ഷ, സ്നാനം, പരിശുദ്ധാത്മാവ്, കുരിശ് തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് സുദീർഘവും സുപ്രധാനവുമായ പഠനങ്ങളുടെ ശേഖരമായ ഈ പുസ്തകം ഓർത്തഡോക്സ് പാരമ്പര്യങ്ങളെ എതിർക്കുന്നവർക്കും വെളിച്ചം പകരുന്നതാവും..

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്
(Principal, Orthodox Seminary Nagpur)



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ (വട്ടക്കുന്നേൽ ബാവാ) 19-ാം ഓർമ്മപ്പെരുന്നാൾ നവംബർ 8, 9 തീയതികളിൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ.

By Vattakunnel Family

marriage

നെടുമാവ് സെന്റ് പോൾസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകയിൽ വാഴൂർ വടക്കേക്കര ഡോ. വി.ഐ. ജോർജിന്റെയും, ഡോ. സിജി ജോർജിന്റെയും മകൾ **മേരി ആൻ ജോർജും** (Asst. Professor-MIT Manipal). സഭാ സുന്നഹദോസ് സെക്രട്ടറി അഭി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സഹോദരനും, സഭാ മാനേജിംഗ് കമ്മറ്റി അംഗവുമായ മറ്റത്തിൽ ശ്രീ. എം.എ. അന്ത്രയോസിന്റെയും ശ്രീമതി അന്നമ്മ അന്ത്രയോസിന്റെയും മകൻ **സോജൻ ആൻഡ്രൂസ് സക്കറിയയും** (Mechanical Engineer Dubai) തമ്മിലുള്ള വിവാഹം, അഭി. മാത്യൂസ് മാർ സേവേറിയോസ് തിരുമനസ്സിന്റെ മുഖ്യ കാർമ്മികത്വത്തിലും വൈദികരുടെ സാന്നിധ്യത്തിലും വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് 28-09-2015-ൽ നടത്തി.

M.G.M. Sr. Sec. School

Sector-6, Bhilai, Chhattisgarh
(Affiliated to CBSE, New Delhi)

Celebrating its Golden Jubilee



Mar Gregorios Memorial Sr. Sec. School, Bhilai fondly nick named as MGM Bhilai, established by the MGO Cathedral, Bhilai in the year 1965 completed 50 years of its journey in service to the mankind. By the grace of Almighty God, this milestone was celebrated in a befitting manner with many academic and socio cultural programmes during the year 2014-15.

The concluding programmes are scheduled as per the following schedule :

23rd & 24th Oct. 2015	-	reunion de Gregorian ...the golden meet (*a meet of all alumni from the batches 1976 to 2015*).
25th Oct.2015	-	Honouring of Parish members
28th & 29th Oct. 2015	-	Annual Function & Closing Ceremony.
May 2016	-	Public function and Get together of ex-parish members at Parumala, Kerala.

Many guests including H.H. Baselios Marthoma Paulose II, H.G. Thomas Mar Athanasios, H.G. Dr. Joseph Mar Dionysius, State Ministers and Other renowned personalities are expected to grace these occasions.

Ex-Vice-Presidents, ex-Correspondents, ex-Treasurers and ex-Secretaries of MGO Cathedral, ex-Principals, ex-Teachers shall be honoured during these occasions.

At this juncture, we remember and extend our gratitude to the ex-Manager Bishops Late Lamented H.H. Baselios Marthoma Mathews I, Late Lamented H.G. Dr. Stephanos Mar Theodosius, H.G. Geevarghese Mar Coorilos, present Manager H.G. Dr. Joseph Mar Dionysius, ex and present Vice Presidents, ex and present Correspondents, ex and present Managing committee and members of Bhilai MGO Parish, ex and present teaching and non-teaching staff of MGM School, ex and present students of MGM School and all other well-wishers for their participation in this continuing journey...

The Golden Jubilee Committee invites all parish members, staff and students on this occasion.

0788 2220646 | mgmgoldenalumni@gmail.com | www.mgmbhilai.org

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/October/2015

RNI No. 3076/57, Reg. No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

ഭാഗ്യസ്മരണാർഹനായ
സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ
8-ാം ശ്രാദ്ധപ്പെരുന്നാൾ
ഭിലായ് സെന്റ് തോമസ് അരമന ചാപ്പലിൽ
നവംബർ 4, 5 തീയതികളിൽ

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് II
(കാതോലിക്കാ ബാവാ)

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
(മുഖ്യകാർമ്മികൻ)



ഡോ. ജോസഫ് മാർ ദിവന്നാസിയോസ്
ഭദ്രാസന മെത്രാപ്പോലീത്താ



- മാർ തേവോദോസിയോസ് മെമ്മോറിയൽ ക്വിസ്സ് മൽസരം
- സിംപോസിയം
- സെമിനാർ
- പദയാത്ര
- വൈദിക സമ്മേളനം
- വചന ശുശ്രൂഷ
- ശ്ലൈഹിക വാഴ്‌വ്
- വി. കുർബ്ബാന
- റാസ
- നേർച്ച വിളമ്പ്
- 43-ാമത് സെന്റ് തോമസ്സ് മിഷൻ വാർഷികം
- ആകാശദീപക്കാഴ്ച
- സാംസ്കാരിക സമ്മേളനം
- സ്നേഹവിരുന്ന്

DIOCESE OF CALCUTTA & ST. THOMAS MISSION
Kailash Nagar, Bhilai (C.G.) Phone : 0788 2285309
email : calcuttadiocese@gmail.com, Website : www.calcuttadiocese.org

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL

Rs. 15/-